## ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. എം. വിജിൻ: സർ, " നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തിയ NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകൾ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളും തകർത്ത ഗുരുതരമായ സാഹചര്യം സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജിൻ: സർ, മെച്ചപ്പെട്ട രീതിയിലുള്ള വിദ്യാഭ്യാസം, ജോലി, വരുമാനം എന്നിവയിലൂടെ മെച്ചപ്പെട്ട ജീവിതമെന്നത് ഒരു ശരാശരി ഇന്ത്യൻ കുടുംബത്തിന്റെ സ്വപ്നമാണ്. മത്സര പരീക്ഷയ്ക്കുവേണ്ടി വർഷങ്ങൾ നീണ്ട തയ്യാറെടുപ്പ് നടത്തി ഒരു വിദ്യാർഥി പരീക്ഷ എഴുതുമ്പോൾ ഒപ്പം സഞ്ചരിക്കുന്നത് കുടുംബത്തിന്റെ മനസ്സ് കൂടിയാണ്. നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച ലക്ഷകണക്കിന് മനസ്സുകളിൽ തീകോരിയിടുന്ന

അനുഭവമായി മാറിയിരിക്കുകയാണ്. മെഡിക്കൽ പഠനത്തിന് അർഹത നേടാനുള്ള മത്സര പരീക്ഷയുമായി ബന്ധപ്പെട്ട് പുറത്തുവന്ന അഴിമതി കഥകളും ഉന്നതങ്ങളിലെ മാഫിയ ബന്ധങ്ങളും പൊതുസമൂഹത്തെ ആകെ ഞെട്ടിക്കുന്നതാണ്. വിദ്യാർത്ഥികളുടെ പങ്കാളിത്തംകൊണ്ട് ഇന്ത്യയിൽ നടക്കുന്ന ഏറ്റവും വലിയ പൊതു പരീക്ഷയാണ് 'നീറ്റ്'. എം.ബി.ബി.എസ്., ഡെന്റൽ, ആയുഷ്, വെറ്ററിനറി തുടങ്ങിയ മെഡിക്കൽ ബിരുദ കോഴ്സുകൾക്കുള്ള യോഗ്യതാ പരീക്ഷയാണ്. ഒരു ശരി ഉത്തരത്തിന് 4 മാർക്കും ഒരു തെറ്റിന് ഒരു നെഗറ്റീവ് മാർക്കുമായി 180 ചോദ്യങ്ങൾക്ക് മൈനസ് 180 (-180) മുതൽ 720 (+720) വരെയാണ് നീറ്റ് പരീക്ഷയിൽ നേടാൻ കഴിയുന്ന സ്കോർ. ഈ പരീക്ഷ ആരംഭിച്ച 2013 മുതൽ 2018 വരെ സി.ബി.എസ്.ഇ.-യ്ക്കായിരുന്നു ഇതിന്റെ നടത്തിപ്പ് ചുമതലയുണ്ടായിരുന്നത്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ വളരെ മാതൃകാപരമായി കുറ്റമറ്റ രീതിയിൽ നടത്തിയ പരീക്ഷയാണ് കേന്ദ്രഗവൺമെന്റിന്റെ ഇടപെടലിലൂടെ കേന്ദ്രീകരിക്കുകയും 2019 മുതൽ ഏകീകരിച്ച് ദേശീയ തലത്തിലുള്ള പൊതുപരീക്ഷകളുടെ നടത്തിപ്പിന്റെ ചുമതല സ്വതന്ത്ര ഏജൻസിയായ National Testing Agency ഏറ്റെടുക്കുന്ന

സാഹചര്യമുണ്ടാകുകയും ചെയ്തത്. നീറ്റ് പരീക്ഷ ആരംഭിച്ച 2013-ൽ 717127 വിദ്യാർഥികളാണ് അപേക്ഷിച്ചത്. 2024-ൽ വിദ്യാർത്ഥികളുടെ എണ്ണം 2406079 ആയി. 2013-ൽനിന്നും 2024-ൽ എത്തുമ്പോൾ വിദ്യാർഥികളുടെ എണ്ണത്തിൽ മൂന്നിരട്ടി വർധനവാണ് ഉണ്ടായത്. ഏറെ പ്രതീക്ഷയോടെ 2406079 വിദ്യാർത്ഥികൾ എഴുതിയ നീറ്റ് പരീക്ഷയുടെ നടത്തിപ്പിലും റിസൾട്ടിലും ഉത്തരവാദിത്വപ്പെട്ട NTA-യ്ക്കുണ്ടായ ഗുരുതരമായ വീഴ്ച മാപ്പ് അർഹിക്കുന്നതല്ല. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്വതന്ത്ര സംവിധാനമായ NTA-യുടെ വിവിധ പരീക്ഷകൾ എഴുതിയത് ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം വിദ്യാർഥികളാണ്, ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം സ്വപ്നങ്ങളാണ്. എന്നാൽ ഈ ഏജൻസി നടത്തിക്കൊണ്ടിരിക്കുന്ന പല പരീക്ഷകളിലും പിഴവുകളും ക്രമക്കേടുകളും നേരത്തെതന്നെ കണ്ടെത്തിയിട്ടുണ്ട്. ദേശീയ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ (JEE) മെയിൻ പരീക്ഷയിൽ ഒന്നാം സെഷന്റെ percentile നിർണ്ണയത്തിലുണ്ടായ പിഴവ് നോർമലൈസേഷൻ രീതിയിലുണ്ടായ പിഴവ് എന്നിവ സംബന്ധിച്ച്

നേരത്തെതന്നെ വിമർശനം ഉയർന്നതാണ്. ദേശീയ ബിരുദ പ്രവേശന പരീക്ഷ മേയ് 15-ന് നടത്താൻ തീരുമാനിച്ചെങ്കിലും തൊട്ട്തലേന്ന് ഡൽഹിയിൽ പരീക്ഷ മാറ്റിവച്ചു. കാൺപൂരിൽ തെറ്റായ ചോദ്യക്കടലാസ് നൽകിയതുമൂലം വീണ്ടും പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടായി. നീറ്റ് പരീക്ഷ പോലെ നെറ്റ് പരീക്ഷ എഴുതാൻ തയ്യാറായത് പതിനൊന്ന് ലക്ഷം വിദ്യാർത്ഥികളാണ്. ഈ വർഷത്തെ നെറ്റ് പരീക്ഷയ്ക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. പി.എച്ച്.ഡി. പ്രവേശനത്തിനുള്ള പരിഗണന നെറ്റ് യോഗ്യതയെന്ന് വന്നതോടുകൂടി ഈ പരീക്ഷയുടെ പ്രാധാന്യം വർധിക്കുന്ന സാഹചര്യമാണുണ്ടായത്. ചോദ്യപേപ്പർ ലീക്കായതിന്റെ പേരിൽ നെറ്റ് പരീക്ഷകൂടി റദ്ദാക്കുന്ന സാഹചര്യമുണ്ടായി എന്ന വസ്തുത നാം കാണണം. ബീഹാറിലാണ് ചോദ്യപേപ്പർ ചോർച്ചയുണ്ടായത്. ടെലിഗ്രാമിൽ ചോദ്യങ്ങൾ വരുന്നു. വലിയ മാഫിയകൾ ആറ് ലക്ഷം രൂപ വരെയാണ് ചോദ്യങ്ങൾക്ക് വാങ്ങിച്ചതെന്ന വാർത്തകളാണ് പുറത്തുവരുന്നത്. അതോടൊപ്പം ഈ വർഷത്തെ നെറ്റ് പരീക്ഷയെ കാവിവൽക്കരിക്കാനുള്ള ശ്രമംകൂടി നടന്നു. അതിൽ ചില ചോദ്യങ്ങൾ നമ്മൾ കണ്ടിട്ടുള്ളതും ചർച്ച ചെയ്തതുമാണ്. ഒരു

ചോദ്യം അയോധ്യയിൽ പുതുതായി നിർമ്മിച്ച രാമക്ഷേത്രത്തിൽ പ്രാണപ്രതിഷ്ഠ നടന്ന തീയതിയാണ്. മറ്റൊരു ചോദ്യം തല അറ്റിട്ടും കുരുക്ഷേത്ര യുദ്ധം കണ്ട മഹാഭാരതത്തിലെ യോദ്ധാവ് ആരാണെന്നായിരുന്നു. അടുത്ത ചോദ്യം രാമചരിത മാനസത്തിൽ ഹനുമാൻ പ്രത്യക്ഷപ്പെടുന്ന ഖണ്ഡം ഏതാണെന്നാണ്? ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങളുണ്ട്. നെറ്റ് പരീക്ഷയെ കാവിവൽക്കരിക്കാൻ നടത്തുന്ന ശ്രമങ്ങളാണ് ഇത്തവണത്തെ പരീക്ഷയുമായി ബന്ധപ്പെട്ട് നാം കണ്ടത്. മറ്റൊരു പരീക്ഷയാണ് Integrated Teacher Education Programme-കളിലേയ്ക്കുള്ള പ്രവേശന പരീക്ഷയായ National Common Entrance. ഇവിടെയും ക്രമക്കേടുകളുണ്ടാകുകയും വീണ്ടും പരീക്ഷ നടത്തേണ്ടിവരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് 6 സെന്ററുകളിലായി പരീക്ഷയെഴുതിയ ആയിരത്തി അഞ്ഞൂറോളം വിദ്യാർഥികൾക്ക് പരീക്ഷയെഴുതാൻ അനുവദിക്കപ്പെട്ട സമയം ലഭിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് കോടതിയെ സമീപിച്ചതോടുകൂടിയാണ് വിവാദങ്ങൾക്ക് തുടക്കം കുറിച്ചത്. പരാതിക്കാർക്ക് ഗ്രേസ് മാർക്ക് നൽകാൻ കോടതി ഉത്തരവിടുകയും റിസൾട്ട് വന്നപ്പോൾ എഴുന്നൂറ്റിയിരുപതിൽ

എഴുനൂറ്റിയിരുപത് മാർക്ക് വാങ്ങി 67 പേർ ഒന്നാം റാങ്കിലെത്തുകയും ചെയ്തു. ശരിയുത്തരത്തിന് 4 മാർക്ക്, തെറ്റായ ഉത്തരത്തിന് ഒരു നെഗറ്റീവ് മാർക്ക് കണക്കാക്കിയാൽ 720 മാർക്കിനുശേഷം ലഭിക്കാവുന്ന ഏറ്റവും ഉയർന്ന മാർക്ക് 716 ആണ്. എന്നാൽ പലർക്കും 718, 719 എന്നീ മാർക്കുകൾ നീറ്റ് പരീക്ഷയിൽ ലഭിച്ചുവെന്നത് ഗൗരവമായ ഒരു കുംഭകോണമാണ് ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതെന്ന് പുറത്തുവരികയാണ്. നീറ്റ് 2024-ന്റെ മറവിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും പണമിടപാടുകളും നടന്നിട്ടുണ്ട്. രാഷ്ട്രീയത്തിലും അധികാര കേന്ദ്രത്തിലുള്ള ഉന്നതരും വൻകിട ട്യൂഷൻ സെന്ററുകളും ചേർന്നുനടത്തിയ വലിയ കൊള്ളയാണ് നീറ്റ് 2024-ലെ അഴിമതിയിലൂടെ പുറത്തുവരുന്നത്. കുംഭകോണത്തിന്റെ രണ്ട് പ്രത്യക്ഷ പ്രഭവ കേന്ദ്രങ്ങളായി ഗുജറാത്തിലെ ഗോധ്രയും (Godhra) ബീഹാറിലെ പാട്നയുമാണ് പ്രധാനമായും നമുക്ക് കാണാൻ സാധിക്കുന്നത്. ഗോധ്രയിലെ പരീക്ഷാകേന്ദ്രമായ Jay Jalaram School-ൽ നടന്നത് വലിയ അഴിമതിയും തട്ടിപ്പുമായിരുന്നു. വൻകിട കോച്ചിംഗ് സെന്ററുകളും പരീക്ഷാകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സംഘം നടത്തിയ തട്ടിപ്പ് പുറത്തുവരികയുണ്ടായി.

ലക്ഷങ്ങൾ മുടക്കാൻ താൽപ്പര്യമുള്ള രക്ഷിതാക്കളോടും വിദ്യാർഥികളോടും ഈ മാഫിയ പറഞ്ഞത് പരീക്ഷയ്ക്കുശേഷം ബ്ലാങ്ക് ഉത്തരപേപ്പർ മേശപ്പുറത്തുവച്ചുപോകാനാണ്. വിദ്യാർഥികൾ പുറത്തുപോയശേഷം ഈ മാഫിയയിലെ അധ്യാപകർതന്നെ ഉത്തരക്കടലാസിൽ കൃത്യമായ ഉത്തരം അടയാളപ്പെടുത്തി വിദ്യാർഥികളെ വിജയിപ്പിക്കുകയെന്നുള്ളതുമാണ് അവർ ലക്ഷ്യം വച്ചത്. 2 കോടി രൂപ വരെ ഇതിനായി പ്രതിഫലം കൈപ്പറ്റിയെന്ന വാർത്തകളാണ് പുറത്തുവന്നിരിക്കുന്നത്. മറ്റൊരു അഴിമതിയുടെ കേന്ദ്രമായ പാട്ന (Patna)- യിൽ പരീക്ഷയുടെ തലേദിവസംതന്നെ ചോദ്യപേപ്പർ ചോർന്നതായി വാർത്ത വരികയുണ്ടായി. ഒരു ക്രിമിനൽ സംഘം 35 പരീക്ഷാർഥികളെ സമീപത്തുള്ള ഒരു പ്ലേസ്കൂളിൽ കൊണ്ടുപോയി ചോദ്യപേപ്പർ നൽകി പരിശീലനം നൽകുകയായിരുന്നു. 30 ലക്ഷം രൂപ വീതമാണ് രക്ഷിതാക്കൾ ഇവർക്ക് നൽകിയതെന്നും ഇതുമായി ബന്ധപ്പെട്ട് 7 പേരെ കസ്റ്റഡിയിലെടുത്തുവെന്നുമുള്ള വാർത്തയും പുറത്തുവരികയുണ്ടായി. ഇവിടെ എൻ.ടി.എ.-യോ കേന്ദ്രസർക്കാരോ ഉത്തരം പറയേണ്ട നിരവധി ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. അതുപോലെ നീറ്റ് യു.ജി. പരീക്ഷയിൽ ഹരിയാനയിലെ

ഒരു പരീക്ഷാകേന്ദ്രത്തിൽനിന്ന് മുഴവൻ മാർക്കും നേടിയ 6 പേരും ബി.ജെ.പി. നേതാവിന്റെ കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളിലായിരുന്നു പരീക്ഷയെഴുതിയത്. ഈ കേന്ദ്രത്തിലെ 2 പരീക്ഷാർത്ഥികൾക്കാണ് ഒരിക്കലും ലഭിക്കാൻ സാധ്യതയില്ലാത്ത 718, 719 എന്നീ മാർക്കുകൾ എങ്ങനെ ലഭിച്ചുവെന്ന വസ്തുതയിന്മേൽ ബി.ജെ.പി.-യും കേന്ദ്രസർക്കാരും മറുപടി പറയേണ്ടതാണ്. മറ്റൊരു ഗൗരവമേറിയ കാര്യമാണ് ജൂൺ 4-ാം തീയതി നീറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചത്. നീറ്റ് ഫലപ്രഖ്യാപനം നേരത്തെ തീരുമാനിച്ചിരുന്നത് 10 ദിവസത്തിനുശേഷം ജൂൺ 14-ാം തീയതിയായിരുന്നു. ജൂൺ 4, നമുക്കെല്ലാവർക്കും നേരത്തെ അറിയാമായിരുന്ന രാജ്യത്തിന്റെ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിക്കുന്ന തീയതിയാണ്. എന്തിനാണ് നീറ്റ് പരീക്ഷയുടെ ഫലപ്രഖ്യാപനം ആ തീയതിയിലേയ്ക്ക് മാറ്റിയത്. ധിറുതി പിടിച്ച് ഫലം ജൂൺ 4-ാം തീയതി പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം നടക്കുന്ന ദിവസത്തെ ചർച്ചയിൽ നീറ്റ് പരീക്ഷാ ഫലം മുങ്ങിപ്പോകണമെന്ന ഒരു വലിയ

ഗൂഢാലോചനയുണ്ടായിരുന്നുവെന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ കൃത്യമായ മറുപടി നൽകേണ്ടതായിവരുന്നുണ്ട്. ഫലപ്രഖ്യാപന തീയതി ജൂൺ മാസം 4-ാം തീയതിയായത് മുൻകൂട്ടി നിശ്ചയിച്ച അജണ്ടയാണെന്ന് തെളിയിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണിത്. നീറ്റ് പരീക്ഷയിൽ 2023-ൽ രണ്ട് ഒന്നാം റാങ്കുകാരും 2019, 2020, 2022 എന്നീ വർഷങ്ങളിൽ ഒരാൾ വീതവുമാണ് ഒന്നാം റാങ്കിലെത്തിയത്. ഇത്തവണ 67 ഒന്നാം റാങ്കുകാർ വരുന്നുവെന്നത് മുമ്പെങ്ങും കേട്ടുകേൾവിയില്ലാത്ത ഒരു കാര്യംതന്നെയാണ്. ഝാർഖണ്ഡിലെ പരീക്ഷാ കേന്ദ്രത്തിൽ വിദ്യാർഥികൾക്ക് നൽകുന്നതിനുമുമ്പുതന്നെ ചോദ്യപേപ്പർ ചോർന്നുവെന്ന വാർത്തകളാണ് പുറത്തുവരുന്നത്. മറ്റൊന്ന് ഝാർഖണ്ഡിലെ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ കൊണ്ടുപോയത് ഓട്ടോറിക്ഷയിലാണെന്നാണ്. ഇത്രയും ഗുരുതരമായ വീഴ്ചകളുണ്ടായിട്ടും എൻ.ടി.എ.-യും കേന്ദ്രസർക്കാരും ഒരു തരത്തിലുള്ള ക്രമക്കേടുകളുമുണ്ടായിട്ടില്ലെന്നാണ് ആദ്യഘട്ടം മുതൽ പ്രചരിപ്പിക്കാൻ ശ്രമിച്ചത്. നീറ്റ് പുനഃപരീക്ഷ നടത്തിയതിൽ 1563-ൽ 813 വിദ്യാർഥികളാണ് പങ്കെടുത്തത്, ഹാജർ 52 ശതമാനം മാത്രമായിരുന്നു.

എന്തുകൊണ്ടാണ് എൻ.ടി.എ. ഈ വിഷയത്തിൽ മറുപടി നൽകാത്തത്? ഇവിടെ പരീക്ഷ മാഫിയയ്ക്ക് കൂട്ടുനിൽക്കുന്നത് ബി.ജെ.പി.-സർക്കാരാണ്, രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്തെ പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക് തീറെഴുതി വൻകച്ചവടത്തിന് സാധ്യത തുറന്നുവച്ചത് ബി.ജെ.പി.-സർക്കാരാണ്. ദേശീയ വിദ്യാഭ്യാസ നയം 2020-ന്റെ ഉള്ളടക്കങ്ങളിലേയ്ക്ക് ഞാൻ ഈ ഘട്ടത്തിൽ കടക്കുന്നില്ല. എന്നാൽ ദേശീയ വിദ്യാഭ്യാസ നയം 2020-നെതിരായി വലിയ പ്രക്ഷോഭം രാജ്യത്ത് നടക്കുകയുണ്ടായി. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ശക്തമായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. ഈ നയം വർഗീയ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കുമെന്ന് സമരങ്ങളിൽ മുദ്രാവാക്യമുയർത്തി. ആ കാഴ്ചതന്നെയാണ് നീറ്റ്, നെറ്റ് എന്നീ പരീക്ഷകളുടെ റിസൾട്ടിലുണ്ടായ ക്രമക്കേടുകളിലൂടെ ഈ രാജ്യത്ത് തുറന്നുകാണിക്കുന്നത്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കുകയും രാജ്യത്തിന്റെ ചരിത്രങ്ങൾ മാറ്റിമറിക്കാനുമുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. അങ്ങനെ എല്ലാ തലങ്ങളിലും രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കാനും സ്വകാര്യ കുത്തകകൾക്ക്

വിദ്യാഭ്യാസത്തെ തീറെഴുതിക്കൊടുക്കാനുമുള്ള കേന്ദ്രസർക്കാരിന്റെ നയത്തിന്റെ ഭാഗമായുണ്ടായ പ്രതിസന്ധി തന്നെയാണ് ഇവിടെയുമുണ്ടായിട്ടുള്ളത്.

വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ നേട്ടം കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ നിരവധി കുട്ടികളുടെ ജീവിത പ്രതീക്ഷകൂടിയാണ് അട്ടിമറിക്കപ്പെടുന്നത്. ഇന്നലെ ശ്രീ. എച്ച്. സലാം എം.എൽ.എ.-യ്ക്ക് ഒരു വിദ്യാർഥി കത്തയയ്ക്കുകയും അദ്ദേഹം ആ കത്ത് എനിക്ക് നൽകുകയുമുണ്ടായി. കത്ത് ഇപ്രകാരമാണ്, "ഞാൻ ഈ വർഷത്തെ നീറ്റ് പരീക്ഷയെഴുതി 680 മാർക്ക് നേടിയ വിദ്യാർഥിയാണ്. ഫലപ്രഖ്യാപനത്തിനുശേഷം വളരെ സന്തോഷത്തോടെ മുമ്പോട്ടുള്ള 5 വർഷത്തെ എം.ബി.ബി.എസ്. പഠനം സ്വപ്നം കണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഗ്രേസ് മാർക്ക്, ചോദ്യപേപ്പർ ചോർച്ച മുതലായ പ്രശ്നങ്ങൾ ആളിക്കത്തിയത്. നല്ല മാർക്ക് ലഭിച്ചിട്ടും സമാധാനമായിരിക്കാൻ ഞങ്ങൾക്കോ ഞങ്ങളുടെ കുടുംബങ്ങൾക്കോ ഇതുവരെ സാധിച്ചിട്ടില്ല. നല്ല മാർക്ക് ലഭിച്ച ഞങ്ങൾക്ക് ഒരിക്കൽക്കൂടി പരീക്ഷയെഴുതുന്ന കാര്യം ചിന്തിക്കാൻപോലും സാധിക്കില്ല. ആഘോഷങ്ങളിലൊന്നും പങ്കെടുക്കാതെ

ഭക്ഷണവും ഉറക്കവുമൊഴിവാക്കി കഷ്ടപ്പെട്ടുനേടിയ മാർക്ക് ആയതിനാൽ ഞങ്ങളുടെ മാനസികവിഷമംകൂടി പരിഗണിച്ചുകൊണ്ട് അങ്ങ് ഞങ്ങൾക്കുവേണ്ടി സംസാരിക്കുമെന്ന് പ്രതീക്ഷിക്കുന്നു." നീറ്റ് പരീക്ഷയിൽ 680 മാർക്കുനേടിയ കേരളത്തിലെ ഒരു വിദ്യാർഥിയുടെ പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ലഭിച്ചത്. ഞാൻ ഒരു ചോദ്യം കൂടി ചോദിക്കുകയാണ്, ഇത്രയും ഗൗരവമായ കുംഭകോണം നടന്നിട്ട് കേരളത്തിലെയുൾപ്പെടെ രാജ്യത്തെ മാധ്യമങ്ങൾ അർഹതപ്പെട്ട രീതിയിൽ ഈ വിഷയം ചർച്ചയായി ഉയർത്തിയിട്ടുണ്ടോ? പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട് ഒരു കുട്ടിക്കും സീറ്റില്ലാതാകുന്ന സാഹചര്യമുണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ അറിയിച്ചിട്ടുണ്ട്. പക്ഷേ ഇവിടത്തെ മാധ്യമങ്ങൾ ഇക്കാര്യത്തിലെടുത്ത രാഷ്ട്രീയമെന്നുപറയുന്നത്, അവർ രക്ഷിതാവിന്റെയും കുട്ടികളുടെയും കണ്ണുനീർ നോക്കാൻ പോയി. എന്തുകൊണ്ടാണ് നീറ്റ് പരീക്ഷയിൽ അർഹതപ്പെട്ട മാർക്കുവാങ്ങിയിട്ടും പ്രയാസമനുഭവിക്കുന്നവരുടെ കണ്ണുനീർ ചർച്ചയാക്കാൻ ഇവിടത്തെ മാധ്യമങ്ങൾ തയ്യാറാകാതിരുന്നത്? സംഘ്പരിവാർ സർക്കാരിനായി വായ്

പൊത്തി, നീറ്റ് പരീക്ഷയിൽ ആരാണ് നീചനെന്ന ചോദ്യം നിങ്ങൾ എന്തുകൊണ്ടാണ് ചോദിക്കാതെ നിൽക്കുന്നത്? അതുചോദിച്ചാൽ രാജ്യത്തിന്റെ പ്രധാനമന്ത്രിയിലേയ്ക്കുൾപ്പെടെ ഉത്തരം എത്തിക്കേണ്ടിവരുമെന്നിടത്ത് നിങ്ങൾ എന്തിന് മൗനം പാലിച്ചുവെന്ന ചോദ്യത്തിനുകൂടി കേരളത്തിലെ മാധ്യമങ്ങൾ മറുപടി പറയേണ്ടിവരും. നിറംകെട്ടുപോകുന്ന രാജ്യമായി ഇന്ത്യ മാറുകയാണ്, ലോകത്തിനുമുമ്പിൽ ഇന്ത്യ നാണം കെടുകയാണ്. ശാസ്ത്രത്തിനുപകരം അന്ധവിശ്വാസങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടും ഭക്ഷണത്തിന്റെ പേരിൽ മനുഷ്യനെ കൊലപ്പെടുത്തിയും മനുഷ്യവെറിയുടെ വർദ്ധിച്ചുവരുന്ന വാർത്തയുടെ പേരിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ കുംഭകോണത്തിലും ലോകത്തിനുമുമ്പിൽ ഇന്ത്യ നാണം കെടുകയാണ്. ഒരു മത്സരപരീക്ഷ സുരക്ഷാക്രമീകരണങ്ങളോടെ നടത്താൻ കഴിയാത്തവർ എങ്ങനെയാണ് രാജ്യത്തിന് സുരക്ഷ ഉറപ്പുവരുത്തുന്നത്. ഈ വിഷയത്തെ അടിയന്തര പ്രാധാന്യത്തോടുകൂടി കണ്ടുകൊണ്ട് ...(മൈക്ക് ഓഫ്)...

<u>മി. സ്പീക്കർ</u>: ഈ ചർച്ചയ്ക്ക് രണ്ട് മണിക്കൂർ സമയം മാത്രമെ അനുവദിക്കുകയുള്ളൂ.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ബഹുമാനപ്പെട്ട അംഗം എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നിരവധി വിദ്യാർത്ഥികൾ പങ്കെടുക്കുന്ന, ഇന്ത്യയിലെ ഏറ്റവും വലിയ പൊതു പ്രവേശന പരീക്ഷയാണ് നീറ്റ് (National Eligibility cum Entrance Test-NEET). വിദ്യാർത്ഥികളുടെ സ്വപ്നത്തെയും പ്രതീക്ഷകളെയും തകർക്കുന്ന കിരാതമായ നടപടിയാണ് നീറ്റ് പരീക്ഷാ നടത്തിപ്പിലൂടെ ഇപ്പോൾ വെളിവാക്കപ്പെട്ടിട്ടുള്ളത്. എം.ബി.ബി.എസ്., ഡെന്റൽ, ആയുഷ്, വെറ്ററിനറി തുടങ്ങിയ മെഡിക്കൽ ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ എന്നനിലയിൽ എല്ലാവരും വളരെ ഗൗരവപൂർവ്വമാണ് ഈ പരീക്ഷയെ കാണുന്നത്. ശരി ഉത്തരത്തിന് നാല് മാർക്കും തെറ്റുത്തരത്തിന് ഒരു നെഗറ്റീവ് മാർക്കുമെന്ന രീതിയിൽ ആകെയുള്ള 180 ചോദ്യങ്ങൾക്ക് കുറഞ്ഞത് 180 മുതൽ കൂടിയത് 720 വരെ മാർക്ക് നേടാവുന്ന വിധത്തിലാണ് പരീക്ഷ ക്രമീകരിച്ചിട്ടുള്ളത്. 2013-ലാണ് നീറ്റ് പൊതുപരീക്ഷ ആരംഭിക്കുന്നത്. 2018 വരെ ആ പരീക്ഷയുടെ നടത്തിപ്പിന്റെ ചുമതല സി.ബി.എസ്.ഇ.-ക്ക് ആയിരുന്നു. 2019 മുതൽ ഈ പൊതുപരീക്ഷയുടെ നടത്തിപ്പ് ചുമതല നാഷണൽ ടെസ്റ്റ് ഏജൻസി

ഏറ്റെടുക്കുകയുണ്ടായി. 2013-ൽ 717123 വിദ്യാർഥികൾ അപേക്ഷകരായി ഉണ്ടായിരുന്നെങ്കിൽ പത്തുവർഷം കഴിയുമ്പോൾ അത് മൂന്നുമടങ്ങായി വർധിച്ച് 2087462 വിദ്യാർഥികളായി ഉയരുകയാണുണ്ടായത്. 2024 ആയപ്പോൾ അപേക്ഷകരായ വിദ്യാർഥികളുടെ എണ്ണം മൂന്നരമടങ്ങ് വർധിച്ച് 2406079 ആയി വീണ്ടുമുയർന്നു. എന്നാൽ അപേക്ഷകരായ വിദ്യാർത്ഥികളുടെ ആനുപാതത്തിനനുയോജ്യമായ വിധത്തിൽ ഇന്ത്യയിൽ വൈദ്യ ബിരുദപഠന സീറ്റുകൾ ഇല്ലാതിരുന്നത് ഗൗരവമേറിയ നിരവധി പ്രശ്നങ്ങൾക്കിടയായി. 2024-ലെ നീറ്റ് പരീക്ഷയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നത് സംബന്ധിച്ച് നിരവധി വാർത്തകൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. നീറ്റ് പരീക്ഷാ നടത്തിപ്പിന്റെ മറവിൽ വ്യാപക അഴിമതിയും പണമിടപാടും നടന്നിട്ടുണ്ട്. ഈ വാർത്തകൾ ദേശീയ മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യത്തോടുകൂടി നൽകിയിട്ടില്ലെങ്കിലും പരീക്ഷ എഴുതിയ വിദ്യാർഥികളുടെ അനുഭവങ്ങളിലൂടെ ഇക്കാര്യങ്ങൾ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ അധികാരമുപയോഗിച്ച് വഴിവിട്ട നിലയിൽ കച്ചവടതാൽപ്പര്യം മുൻനിർത്തി പൊതുപരീക്ഷയുടെ വിശ്വാസ്യത

തകർത്താണ് ഈ വർഷം നീറ്റ് പരീക്ഷ നടന്നത്. നമ്മുടെ രാജ്യത്തെ ഗൗരവമേറിയ ഒരു പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പർ കൊണ്ടുപോയത് ഓട്ടോറിക്ഷയിലാണെന്ന വാർത്ത നമ്മളിൽ വലിയരീതിയിലുള്ള ഞെട്ടലുണ്ടാക്കി. വൻകിട സ്വകാര്യ കോച്ചിംഗ് സ്ഥാപനങ്ങൾ പണമൊഴുക്കി പരീക്ഷാ നടത്തിപ്പ് ഏജൻസിയെ സ്വാധീനിച്ചാണ് വിദ്യാർഥികളെ വഞ്ചിച്ചിരിക്കുന്നത്. പരീക്ഷാ നടത്തിപ്പിലുൾപ്പെടെ ഈ നിലയിൽ അഴിമതി തുടർന്നാൽ നമ്മുടെ രാജ്യത്തെ സാധാരണക്കാരായ വിദ്യാർഥികൾക്ക് എങ്ങനെ പഠിക്കാൻ കഴിയും? അവരുടെ പ്രതീക്ഷകൾ അസ്തമിക്കുന്ന സാഹചര്യമുണ്ടാകും. മെരിറ്റും സാമൂഹ്യനീതിയും സംരക്ഷിക്കുകയെന്ന വളരെ പ്രധാനപ്പെട്ട കാര്യംപോലും നടപ്പാക്കാത്ത സാഹചര്യമാണ് നമ്മുടെ രാജ്യത്തെ സമീപകാല അനുഭവങ്ങളിലൂടെ കാണാൻ കഴിയുന്നത്. ഈ പ്രശ്നത്തിൽ സി.ബി.ഐ. അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം റാങ്ക് ലഭിച്ചവരുടെ ഇതുവരെയുള്ള പഠനനിലവാരം സംബന്ധിച്ചും അന്വേഷിക്കുന്നുണ്ട്. കൂടാതെ ചോദ്യപേപ്പർ എവിടെയെങ്കിലും ചോർന്നിട്ടുണ്ടോയെന്നും ഏതെങ്കിലും പ്രദേശത്ത് മാത്രമായി പരീക്ഷയെഴുതിയ വിദ്യാർഥികളുടെ മാർക്ക്

വർധിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും കോച്ചിംഗ് സെന്ററുകളിൽ പഠിച്ചവർക്ക് റാങ്ക് ലഭിച്ചതിൽ അസ്വാഭാവികതയുണ്ടോയെന്നും ചോദ്യപേപ്പർ ലളിതമാക്കിയതിൽ അസാധാരണത്വമുണ്ടോയെന്നും പരിശോധിക്കാൻ സി.ബി.ഐ. സന്നദ്ധരാകുകയാണ്. ഈ നിലയിൽ സി.ബി.ഐ. പോലുള്ള ഏജൻസികളുടെ അന്വേഷണം ആരംഭിച്ചിരിക്കുന്നുവെന്നുള്ളകാര്യം ഈ സന്ദർഭത്തിൽ തിരിച്ചറിയേണ്ടതായിട്ടുണ്ട്. നീറ്റ് ചോദ്യപേപ്പർ ചോർത്തി നൽകിയെന്ന ഗുരുതരമായ കുറ്റകൃത്യം നടത്തിയതിനെത്തുടർന്ന് 13 പേർ ബീഹാറിൽ അറസ്റ്റുചെയ്യപ്പെട്ടു. അവർ 35 പേർക്ക് ചോദ്യക്കടലാസ് വിറ്റുവെന്നാണ് പോലീസ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ഇതൊന്നും നടന്നിട്ടില്ലെന്നാണ് ഇപ്പോഴും കേന്ദ്രസർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഉയർന്നുവരുന്ന എല്ലാ വസ്തുതകളെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാൻ നിഷേധിച്ചുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ നീറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുന്ന ദിവസമായി തിരഞ്ഞെടുത്തത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലംവരുന്ന ദിവസമായിരുന്നു. ആ തിരഞ്ഞെടുപ്പ് ഫലം വരുന്ന സന്ദർഭത്തിൽ

ഉണ്ടാകാവുന്ന കോലാഹലങ്ങൾക്കിടയിൽ നീറ്റ് പരീക്ഷയുടെ ഫലം വരുമ്പോൾ സ്വാഭാവികമായും ആ കോലാഹലങ്ങൾക്കിടയിൽപ്പെട്ട് പരീക്ഷയുമായി ബന്ധപ്പെട്ട വാർത്തകൾ അപ്രസക്തമായിപ്പോകുമെന്നുള്ള ധാരണയുടെകൂടി ഭാഗമായിട്ടാണ് ഫലപ്രഖ്യാപനത്തിന് ആ തീയതിതന്നെ നിശ്ചയിച്ചിട്ടുള്ളതെന്ന് ബലമായി സംശയിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടിയുടെ ഭാഗമായാണ് നീറ്റ് ഉൾപ്പെടെയുള്ള രാജ്യത്തെ ഏറ്റവുമുയർന്ന പ്രവേശന പരീക്ഷാസംവിധാനങ്ങൾ അട്ടിമറിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നത്. പുതിയ ദേശീയ വിദ്യാഭ്യാസ നയം ആരംഭിച്ചതുതന്നെ രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കേന്ദ്രസർക്കാരിന്റെ വരുതിയിൽ നിർത്തുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായിട്ടാണ്. കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നത് അവരുടെ രാഷ്ട്രീയ താൽപ്പര്യത്തിനനുസരിച്ച് രാജ്യത്തെ മുന്നോട്ടുനയിക്കണമെങ്കിൽ പ്രൊഫഷണലുൾപ്പെടെയുള്ള എല്ലാ മേഖലകളിലും മെരിറ്റ് അട്ടിമറിച്ചുകൊണ്ട് അവർ ആഗ്രഹിക്കുന്നവരെ തിരുകിക്കയറ്റുന്നതിനുള്ള ഇടപെടലുകൾ നടത്തണമെന്നാണ്. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയപരമായ ഇടപെടലിന്റെ

ഭാഗമായി നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യതയെപ്പോലും തകർക്കുന്ന ഒരു സമീപനമാണുണ്ടായിരിക്കുന്നത്. പുതിയ വിദ്യാഭ്യാസ നയം അംഗീകരിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയുടെ വർഗ്ഗീയവൽക്കരണം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ സന്നദ്ധമാകുന്നു. വിദ്യാഭ്യാസ മേഖലയിൽ വാണിജ്യവൽക്കരണം നടപ്പിലാക്കുക, കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ നിലയിൽ വിദ്യാഭ്യാസ സംവിധാനത്തെ പൂർണമായും നിയന്ത്രിക്കുക എന്നുള്ള രാഷ്ട്രീയമായ അജണ്ടയാണ് ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാർ വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നത്. NCERT-യെ ഉപയോഗപ്പെടുത്തിക്കൊണ്ട് പാഠഭാഗങ്ങളിൽ മാറ്റം വരുത്തുന്നു; ചരിത്ര വസ്തുതകളെപ്പോലും നിഷേധിക്കുന്ന വിധത്തിൽ അല്ലെങ്കിൽ അപ്രസക്തമാക്കുന്ന വിധത്തിലുള്ള ചോദ്യങ്ങളും പാഠഭാഗങ്ങളും സിലബസ്സുകളും നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്ന രീതിയും സമീപകാലത്ത് കാണുകയുണ്ടായി. നീറ്റ് പരീക്ഷയുടെ വിശ്വാസ്യത, ദേശീയ പരീക്ഷകളും ദേശീയതലത്തിലുള്ള പ്രത്യേക കോഴ്സുകളുമെല്ലാം ആർ.എസ്.എസ്./സംഘപരിവാർ രാഷ്ട്രീയത്തിന്റെ അജണ്ടയ്ക്ക് വിധേയമാക്കുന്ന

വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരികയാണ്. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ഈ പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കുന്ന സാഹചര്യമുണ്ടായി. കോടതി പോലും ഈ ഗുരുതരമായ വീഴ്ചയെ വിമർശന ബുദ്ധിയോടുകൂടിയാണ് ചൂണ്ടിക്കാണിച്ചത്. പരീക്ഷ റദ്ദ് ചെയ്യണമെന്നുള്ള നിരീക്ഷണമുൾപ്പെടെ കോടതി നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ദീർഘകാലം പ്രയാസങ്ങളനുഭവിച്ച് എങ്ങനെയെങ്കിലും ഉന്നതമായ റാങ്കോടുകൂടി പാസ്സാകണമെന്ന് ആഗ്രഹിച്ച് ഈ പരീക്ഷയെഴുതിയ കുട്ടികളുടെ സ്വപ്നങ്ങളുടെ നിറംപോലും മങ്ങിപ്പോകുന്ന വിധത്തിലേക്കാണ് ആ പരീക്ഷ റദ്ദ് ചെയ്താലുണ്ടാകുന്ന അപകടം. അത്രമേൽ പ്രയാസകരമായ സാഹചര്യത്തിലേക്ക് ഈ രാജ്യത്തിന്റെ നീറ്റ് പരീക്ഷാ നടത്തിപ്പ് മാറിയെന്നുള്ള പ്രശ്നവും ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതിശക്തമായ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നടക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്നവരും വിദ്യാഭ്യാസ വിചക്ഷണന്മാരും ഈ പ്രശ്നം ഉയർത്തിക്കൊണ്ട് സജീവമായ ചർച്ച നടത്തുകയാണ്. എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ

രാജ്യത്തിന്റെ തലസ്ഥാനത്ത് ഉജ്ജ്വലമായ സമരപ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയാണ്. ആ സമരങ്ങളെപ്പോലും ഭീകരമായി വേട്ടയാടുന്നു. ഈ പ്രശ്നത്തെ രാജ്യത്തിനുമുന്നിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്ന വിദ്യാർഥി പ്രസ്ഥാനത്തിന്റെ സമരത്തെപ്പോലും കേന്ദ്രസർക്കാരിന്റെ അധികാരവും സ്വാധീനവും മർദ്ധനോപാധികളും ഉപയോഗപ്പെടുത്തി അടിച്ചമർത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. വിദ്യാർഥികളുടെ സ്വപ്നത്തിൽ കരിനിഴൽ വീഴ്ത്തിയ ഈ പ്രശ്നത്തിൽ ശക്തമായ പ്രതികരണങ്ങൾ ഉയർത്തേണ്ടതായ മാധ്യമങ്ങൾ നിർഭാഗ്യവശാൽ ഇക്കാര്യങ്ങളെക്കുറിച്ച് യാതൊന്നും പറയുന്നില്ല. കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ പ്രധാനപ്പെട്ട മാധ്യമങ്ങൾ നടത്തിയ ചർച്ചകളെ സംബന്ധിച്ച് വിശകലനം ചെയ്താൽ ആ ചർച്ചകളിലൊന്നും നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാധാന്യം നൽകിയില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ സമൂഹത്തിൽ ഒരുപാട് പ്രതീക്ഷയർപ്പിച്ച് വിദ്യാഭ്യാസ പ്രവർത്തനവുമായി മുന്നോട്ടുപോകുന്ന വിദ്യാർഥികളുടെ പ്രതീക്ഷയെ സംരക്ഷിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ആ നിലയിൽ കേരള നിയമസഭയിലൂൾപ്പെടെ ഇതിന്റെ പ്രതികരണങ്ങൾ ഉയർന്നുവരണമെന്ന്

ആഗ്രഹിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തോട് പൊതുവെ ഞാൻ യോജിക്കുകയാണ്. ഒരുകാര്യത്തിൽ മാത്രമാണ് വിയോജിപ്പ് രേഖപ്പെടുത്തുന്നത്. നമ്മുടെ രാജ്യത്ത് നടന്ന ഏറ്റവും ഗുരുതരമായ ഈ കുംഭകോണം പൊതുസമൂഹത്തിന്റെ മുന്നിൽകൊണ്ടുവന്നത് മാധ്യമങ്ങളാണ്. ആ മാധ്യമങ്ങളെ കരിവാരിതേയ്ക്കുന്നതും അപമാനിക്കുന്നതുമായ ചില വാക്കുകൾ ഉപക്ഷേപത്തിൽ ഒരുകാരണവശാലും ഉൾപ്പെടുത്താൻ പാടില്ലായിരുന്നു. അത് ഏറ്റവും ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള കുംഭകോണങ്ങളെയും അഴിമതികളെയും സ്വജനപക്ഷപാതത്തെയും പൊതുസമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരുന്ന പത്രമാധ്യമങ്ങളെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി അനുമോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും നീതിക്കുവേണ്ടി തെരുവിലിറങ്ങിയ അസാധാരണമായ ഒരു

ദശാസന്ധിയിലൂടെയാണ് നമ്മുടെ രാജ്യം കടന്നുപോകുന്നത്. പരീക്ഷകളെ സധൈര്യം നേരിട്ടുവെങ്കിലും ഒരു ഫാസിസ്റ്റ് സർക്കാരിന്റെ ജുഗുപ്സാവഹമായിട്ടുള്ള പരീക്ഷണങ്ങളിൽ നിർന്നിമേഷമായി നോക്കിനിൽക്കുന്ന വിദ്യാർഥികളുടെ ദൈന്യത കേരള നിയമസഭ ഏറെ ഗൗരവത്തോട് കാണുകയാണ്. നീതിക്കുവേണ്ടി തെരുവുകളിൽ പോരാടുന്ന എല്ലാ വിദ്യാർഥികളെയും അവരുടെ രക്ഷിതാക്കളെയും അഭിവാദ്യം ചെയ്യാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. വിദ്യാർഥികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രിയങ്കരനായ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസും പ്രതിപക്ഷവും നടത്തുന്ന ജനകീയ പോരാട്ടങ്ങൾക്ക് നമ്മുടെ നാട് കക്ഷിരാഷ്ട്രീയത്തിനപ്പുറം പിന്തുണ പ്രഖ്യാപിക്കേണ്ടതാണ്. ഇന്ത്യയിലെ ലക്ഷക്കണക്കിന് യുവാക്കളുടെ ജീവിതത്തിൽ വഴിത്തിരിവാകുന്ന ഒന്നാണ് പ്രവേശന പരീക്ഷകൾ. ആ പരീക്ഷകൾ വിദ്യാർഥികളുടേത് മാത്രമല്ല എത്രയോ കുടുംബങ്ങളുടെകൂടി ഭാവി നിർണ്ണയിക്കുന്നതാണ്. ഉറക്കമൊഴിച്ച് കഠിനാധ്വാനം ചെയ്ത് ഓരോ വിദ്യാർഥിയും മത്സരപരീക്ഷകളിൽ മാറ്റുരയ്ക്കുകയാണ്. നാഷണൽ ടെസ്റ്റിംഗ്

ഏജൻസി നടത്തിയ 24 ലക്ഷം പേർ എഴുതിയ യു.ജി.-നീറ്റ് പരീക്ഷയിലും യു.ജി.സി.-നെറ്റ് പരീക്ഷയിലും നടന്ന ക്രമക്കേടുകൾ രാജ്യത്തെ പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയും പവിത്രതയും തകർത്തിരിക്കുകയാണ്. 2024 മേയ് 5-നാണ് നീറ്റ് പരീക്ഷ നടന്നത്. 4750 കേന്ദ്രങ്ങളിലായി 24 ലക്ഷം വിദ്യാർഥികളാണ് പരീക്ഷ എഴുതിയത്. പരീക്ഷാഫലം ജൂൺ മാസം 14-ാം തീയതിയാണ് പ്രതീക്ഷിച്ചതെങ്കിലും അസാധാരണമായി ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ജൂൺ 4-ാം തീയതിതന്നെ നീറ്റ് പരീക്ഷാഫലവും പ്രഖ്യാപിച്ചു. അതാണ് ഇതിന്റെ ദുരൂഹത വർദ്ധിപ്പിക്കാൻ കാരണമായത്. അസാധാരണമായ വിധത്തിൽ 67 വിദ്യാർഥികൾ നീറ്റ് പരീക്ഷയിൽ മുഴുവൻ മാർക്കും നേടി. ഇതിൽ ആറ് പേർ ഹരിയാനയിലെ ഒരേ കേന്ദ്രത്തിൽ പരീക്ഷ എഴുതിയ വിദ്യാർഥികളാണ്. 720-ൽ 718-ഉം 719-ഉം സ്കോറോടെ ചില വിദ്യാർഥികൾ നേടിയിട്ടുള്ള അസാധാരണമായ വിജയം സംശയം വർദ്ധിപ്പിച്ചു. ഇത്രയും മാർക്ക് നേടുന്നത് അസാധാരണമാണെന്ന ചിന്തയും ചർച്ചയുമാണ് പിന്നീട് ഈ അഴിമതിയും ക്രമക്കേടുമെല്ലാം പുറത്തുകൊണ്ടുവരാനിടയായത്. ഇതുസംബന്ധിച്ച ക്രമക്കേടുകളും ചോദ്യപേപ്പർ

ചോർച്ചയും സംബന്ധിച്ച ആശങ്ക പ്രകടിപ്പിച്ച് നിരവധി പരീക്ഷാർഥികൾ രംഗത്തുവന്നു. സമയക്കുറവിന്റെ പേരിൽ 1563 പേർക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ ഗ്രേസ് മാർക്കും ഉയർന്ന റാങ്കും നൽകി മുന്നോട്ടുപോയി. ഇങ്ങനെ അനധികൃതമായി ഗ്രേസ് മാർക്ക് നൽകിയ നടപടി രാജ്യത്ത് കോളിളക്കം സൃഷ്ടിച്ചു. വിവാദമായപ്പോൾ മാത്രമാണ് അത് പിൻവലിച്ചത്. ഗ്രേസ് മാർക്ക് പിൻവലിച്ച വിദ്യാർഥികൾക്കുവേണ്ടി പുനഃപരീക്ഷ നടത്തിയപ്പോൾ 813 കുട്ടികൾ മാത്രമാണ് പരീക്ഷയെഴുതിയത്. ഈ ഹാജർ കുറവുതന്നെ ആരോപണങ്ങൾ കൂടുതൽ ശരിവയ്ക്കുന്ന നിലയിലേക്കെത്തിച്ചു. നിയമവും ചട്ടവും പറഞ്ഞ് പരീക്ഷ എഴുതാനെത്തിയ വിദ്യാർഥികളുടെ അടിവസ്ത്രംപോലും പരിശോധിച്ച് ക്രൂരമായി ആനന്ദിച്ചവരാണ് ഇപ്പോൾ പ്രതിക്കൂട്ടിൽ നിൽക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആർ.എസ്.എസ്.-ന്റെ രഹസ്യ അജണ്ട നടപ്പിലാക്കുന്നതോടൊപ്പം ആ സംവിധാനത്തെ മുഴുവൻ അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും ഉപകരണമാക്കി മാറ്റിയിരിക്കുകയാണ്. പരീക്ഷാ അട്ടിമറികളിലൂടെ രണ്ട് കോടിയോളം വരുന്ന വിദ്യാർഥികളെയും ഉദ്യോഗാർഥികളെയും രക്ഷിതാക്കളെയുമാണ് ഈ

സർക്കാർ കണ്ണീരിലാഴ്ത്തിയിരിക്കുന്നത്. പരീക്ഷകളിലെ ക്രമക്കേടുകൾ മാത്രമല്ല, ഇതിനായി അസൂത്രിതമായി പല നീക്കങ്ങളും ഭരണകൂടത്തിന്റെ ഒത്താശയോടെ നടന്നുവന്ന് അറസ്റ്റിലായവരുടെ കുറ്റസമ്മതമൊഴിയിൽനിന്നും വ്യക്തമായിരിക്കുകയാണ്. നെറ്റ് പരീക്ഷയും ചോദ്യപേപ്പർ ചോർച്ചയിലൂടെ റദ്ദാക്കിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു പ്രവേശന പരീക്ഷപോലും നടത്താൻ കഴിയാത്ത മോദി സർക്കാർ രാജ്യത്ത് അരാജകത്വമാണ് സൃഷ്ടിക്കുന്നത്. ഈ ഗുരുതരമായ സാഹചര്യം മുന്നിൽകണ്ടുകൊണ്ടാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രകടനപത്രികയിൽ പ്രവേശന പരീക്ഷകൾ സുതാര്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്. ശ്രീ. രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്ര നടത്തിയപ്പോൾ വിദ്യാർഥികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കോൺഗ്രസിന്റെ പ്രകടനപത്രികയിൽ അതുൾപ്പെടുത്തിയത്. പലപ്പോഴും ശ്രീ. രാഹുൽഗാന്ധിയെ 'പപ്പു' എന്നുവിളിച്ച് ആക്ഷേപിക്കുന്ന ശ്രീ. നരേന്ദ്ര മോദിയും അതിനെ പലപ്പോഴും ഏറ്റുപിടിക്കുന്ന കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയും ചില ഇടത് നേതാക്കളും ഈ രാജ്യം എങ്ങോട്ട് പോകുന്നുവെന്നത്

സംബന്ധിച്ച ശ്രീ. രാഹുൽഗാന്ധിയുടെ ദീർഘവീക്ഷണവും ചിന്തയും ഇനിയെങ്കിലും ഉൾക്കൊള്ളണമെന്ന് ഈ സന്ദർഭത്തിൽ അവശ്യപ്പെടാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: യെസ്....യെസ്..... പ്ലീസ്...പ്ലീസ്.....

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. (......മൈക്ക് ഓഫ്.......) ഈ കാവ്യവൽക്കരണതിനെതിരെ അതിശക്തമായ പ്രക്ഷോഭം രാജ്യത്ത് സംഘടിപ്പിക്കുമ്പോൾ അതിൽ ഒറ്റക്കെട്ടായി കേരളത്തിലെ മുഴുവൻ ജനങ്ങൾക്കൊപ്പം നിൽക്കാൻ, നീറ്റ് പരീക്ഷ എഴുതിയ കേരളത്തിലെ പതിനായിരക്കണക്കിനുവരുന്ന വിദ്യാർഥികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ഈ സഭ (......മൈക്ക് ഓഫ്.......)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വൈദ്യ പഠനത്തിന് അർഹത നേടാനുള്ള മത്സരപരീക്ഷ എന്ന നിലയിലാണ് നീറ്റ് പരീക്ഷ നടത്തുന്നത്. എൻട്രൻസ് പരീക്ഷ എഴുതുന്നവരുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം എം.ബി.ബി.എസ്. പഠിക്കാൻ അർഹത നേടുകയെന്നതായിരിക്കും. പക്ഷേ

അത് ലഭിക്കാതെ പോകുമ്പോൾ ഇതേ പരീക്ഷ എഴുതിയിട്ടുള്ള ആളുകൾക്ക് ബി.ഡി.എസ്.-ഉം ബി.എ.എം.എസ്.-ഉം ബി.എച്ച്.എം.എസ്.-ഉം ബി.വി.എസ്സി.&എ.എച്ച്.-മെല്ലാം പിന്നീട് ലഭിക്കുന്നൊരു സാഹചര്യം നമുക്ക് കാണാൻ കഴിയും. 2024-ലെ കണക്കനുസരിച്ച് ഇന്ത്യയിലെ 707 മെഡിക്കൽ കോളേജുകളിലായി ഒരു ലക്ഷത്തി പതിനായിരത്തോളം എം.ബി.ബി.എസ്. സീറ്റുകൾ മാത്രമാണുള്ളത്. പക്ഷെ പരീക്ഷ എഴുതിയവരുടെ എണ്ണം 24 ലക്ഷമാണ്. ഈ രാജ്യത്ത് ലക്ഷക്കണക്കിനാളുകളെ, ഇത്തരം മത്സര പരീക്ഷയ്ക്കുവേണ്ടി എത്തിച്ചുകൊണ്ട് അവരിൽനിന്നും ധാരാളം പണം പിടിച്ചെടുക്കാൻ അല്ലെങ്കിൽ അഴിമതി നടത്താനുള്ള സൗകര്യങ്ങളൊരുക്കിക്കൊടുക്കുന്നതിൽ നമ്മുടെ കോച്ചിംഗ് സെന്ററുകളും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. 2013-ൽ നീറ്റ് ആരംഭിക്കുമ്പോൾ ആകെ ഇവിടെയുണ്ടായിരുന്നത് ഏഴ് ലക്ഷം വിദ്യാർഥികൾ മാത്രമായിരുന്നു. അതാണ് ഇപ്പോൾ 24 ലക്ഷമായി വർദ്ധിച്ചിരിക്കുന്നത്. 10 വർഷത്തിനിടയിൽ കാര്യമായ വർദ്ധനവ് ഇക്കാര്യത്തിലുണ്ടായിരിക്കുന്നു. അതിനനുസരിച്ച് കോച്ചിംഗ്

സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അവരുമായി ബന്ധപ്പെട്ട് നിൽക്കുന്നവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും വലിയതോതിൽ മാഫിയസംഘങ്ങളെപോലെ ഇത്തരം പരീക്ഷാർഥികളെ കണ്ടെത്തി അവരിൽനിന്നും പണം പിടിച്ചെടുക്കാനാശ്യമായ നടപടി സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. വൻകിട ട്യൂഷൻ സെന്ററുകളും അധികാരകേന്ദ്രങ്ങളിലെ ഉന്നതരും ചേർന്ന് വലിയ കൊള്ളയാണ് നടത്തിയിട്ടുള്ളതെന്ന് 2024-ലെ നീറ്റ് പരീക്ഷാഫലവുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധിക്കുന്ന ഏതൊരാൾക്കും കാണാൻ കഴിയുന്നതാണ്. ഈ വാർത്തകളിൽ നമുക്ക് കാണാൻ കഴിഞ്ഞ പ്രധാനപ്പെട്ട വിഷയം ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരുന്നു. 2024 മേയ് 5-ാം തീയതിയാണ് ഈ പരീക്ഷ നടക്കുന്നത്. ഏപ്രിൽ 14-ാം തീയതി വരേണ്ട പരീക്ഷാഫലം 10 ദിവസം നേരത്തെ വന്നു. ആ ദിവസത്തിന്റെ പ്രത്യേകത എല്ലാവർക്കുമറിയാവുന്നതാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലം വരുന്ന ദിവസംതന്നെ ഈ പരീക്ഷാഫലവും പ്രസിദ്ധീകരിച്ചാൽ തിരഞ്ഞെടുപ്പിന്റെ വിജയാഹ്ലാദത്തിനിടയിൽ നീറ്റ് പരീക്ഷ ആരും ശ്രദ്ധിക്കാതെ പോകുമെന്ന്

കരുതി വളരെ ബോധപൂർവം ചെയ്തതാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കേന്ദ്ര ഭരണാധികാരികൾ ഇക്കാര്യത്തിൽ ന്യായമായി ഒരു മറുപടിയും പറയാത്തവിധത്തിലാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുൾപ്പെടെയുള്ളവർ ചോദ്യങ്ങളെ സമീപിക്കുന്നത്. അവർ അതിന് മറുപടി പറയാൻ തയ്യാറാകുന്നില്ല. പത്ത് ദിവസം മുമ്പ് പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലം വരുന്ന അതേ ദിവസംതന്നെ ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് എന്തിനാണെന്നും അതിൽ 67 പേർക്ക് എങ്ങനെയാണ് മുഴുവൻ മാർക്കും ലഭിച്ചതെന്നുമുള്ള ചോദ്യങ്ങൾക്ക് അവർക്ക് മറുപടിയില്ല. ഈ പരീക്ഷയിൽ ഒരു ശരി ഉത്തരത്തിന് നാല് മാർക്കും നെഗറ്റീവ് വന്നിട്ടുണ്ടെങ്കിൽ അതിന് ഒരു മാർക്ക് മൈനസ്സും വരുന്ന സന്ദർഭത്തിൽ ചില കുട്ടികൾക്ക് എങ്ങനെയാണ് 718-ഉം 719-ഉം മാർക്കുകൾ ലഭിക്കുന്നത്? മികച്ച മാർക്ക് നേടിയ 67 വിദ്യാർഥികളിൽ തെറ്റായ ഉത്തരം എഴുതിയ 44 പേർക്ക് ഫുൾ മാർക്ക് ലഭിച്ചതായാണ് പിന്നീട് തെളിയിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ പേരിൽ കേസെടുത്തിരിക്കുകയാണ്. പരീക്ഷയ്ക്ക് വൈകി എത്തിയവർക്ക് എന്തിനാണ്

ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിക്കുന്നത്? ആ ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഒരുപാടുപേർക്ക് 720 മാർക്ക് ലഭിച്ചതും കൂടുതൽ വിദ്യാർഥികൾ (67 പേർ) ഒന്നാം റാങ്കുകാരായി മാറിയതും. ഒരേ സെന്ററിലെ 6 പേർക്ക് ഒന്നാം റാങ്ക് ലഭിച്ചു. ഗുജറാത്തിലെ ഗോധ്രയും ബീഹാറിലെ പട്നയുമാണ് ഈ അട്ടിമറി കേന്ദ്രങ്ങളിൽ പ്രധാനം. വഡോദരയിൽ പ്രവർത്തിക്കുന്ന Roy Overseas Services എന്ന കോച്ചിംഗ് സ്ഥാപനത്തിലെ ബന്ധപ്പെട്ടവരാണ് പ്രതിപട്ടികയിൽ മുന്നിൽ നിൽക്കുന്നത്. ഇതിനായി ലക്ഷങ്ങൾ മുടക്കാൻ തയ്യാറാകുന്ന രക്ഷിതാക്കളെ കണ്ടെത്തി അവരിൽനിന്നും കാശ് വാങ്ങി ചോദ്യപേപ്പർ നൽകുകയാണ് ചെയ്യുന്നത്. അങ്ങനെ നൽകുമ്പോൾ ഉത്തരം എഴുതാൻ കഴിയാത്തവരുണ്ടെങ്കിൽ ഉത്തരകടലാസ് ബ്ലാങ്കായി മേശപ്പുറത്ത് വച്ചാൽമതിയെന്ന് വിദ്യാർഥികളോട് പറയുകയും അതിനായി അധ്യാപകർ ഉൾപ്പെടെയുള്ളവരുടെ ഒത്താശയോടെ ശരിയുത്തരമെഴുതി അവരെ രക്ഷിച്ചെടുക്കുകയും ചെയ്യുന്ന ശ്രമമാണ് ഇത്തരം

കേന്ദ്രങ്ങളിലെ ആളുകൾ നടത്തുന്നത്. പത്തുലക്ഷം രൂപ മുതൽ കോടിക്കണക്കിന് രൂപയാണ് ഈ കേന്ദ്രങ്ങൾ വിദ്യാർഥികളുടെ രക്ഷിതാക്കളിൽനിന്നും വാങ്ങാൻ ശ്രമിച്ചിട്ടുള്ളത്. അങ്ങനെ കോടാനുകോടി രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. നിലവിൽ ഈ കോച്ചിംഗ് സെന്ററിന്റെ ഉടമയും അവിടത്തെ അധ്യാപകരും 12 വിദ്യാർഥികളും അവരുടെ രക്ഷിതാക്കളുമടക്കം പ്രതികളായി കേസിൽപ്പെട്ടിരിക്കുകയാണ്. പട്നയിലും വിശദമായ അന്വേഷണം നടക്കുന്നുണ്ട്. ഒരു ക്രിമിനൽ സംഘം 35-ഓളം പരീക്ഷാർത്ഥികളെ ഒരു പ്രത്യേക കേന്ദ്രത്തിലെത്തിച്ച് ചോദ്യപേപ്പർ നൽകുകയായിരുന്നു. കുറ്റവാളികൾ എന്ന് സംശയിക്കുന്ന ഏഴ് വിദ്യാർഥികളും പോലീസ് അറസ്റ്റുചെയ്തവരുടെ കൂട്ടത്തിൽപ്പെടുന്നു. ഇതൊക്കെ സംഘടിതമായി ചെയ്യുന്ന കാര്യങ്ങളാണ്. അല്ലാതെ ആരുമറിയാതെ ചെയ്യുന്നതല്ല. ഈ പ്രവേശന പരീക്ഷ നടത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ.)-യും ഇതിനാവശ്യമായ രീതിയിലുള്ള ഒത്താശകൾ ചെയ്തുകൊടുത്തതിന്റെ

ഫലമായാണ് ഇത്തരം കാര്യങ്ങളൊക്കെ സംഭവിച്ചതെന്നാണ് മനസ്സിലാക്കുന്നത്. ഇതിന്റെയെല്ലാം ദുരന്തം നേരിടേണ്ടി വരുന്നത് നമ്മുടെ രാജ്യത്തെ ആരോഗ്യ മേഖലയായിരിക്കും. ഇത്തരത്തിൽ അനർഹരായവരായിരിക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ പിന്നീട് ഡോക്ടർമാരായി ആരോഗ്യ രംഗത്തേയ്ക്ക് കടന്നുവരുന്നത്. പണമുണ്ടായാൽ മാത്രംമതി പഠിപ്പുണ്ടാകണമെന്നോ യോഗ്യത നേടണമെന്നോയില്ല. അത്തരക്കാർക്കും ഈ മേഖലകളിലേക്ക് കടന്നുവരാൻ കഴിയുന്ന അവസ്ഥയുണ്ടാകുന്നു. കോച്ചിംഗ് സെന്ററുകളിൽ എത്തുന്നവർക്ക് വർഷങ്ങളോളം അവിടെ ചെലവഴിക്കേണ്ടിവരികയും വലിയതോതിൽ പണം മുടക്കേണ്ടിവരികയും ചെയ്യുന്നു. സാധാരണക്കാർക്ക് ഇത് അപ്രാപ്യമായ കാര്യമാണ്. വൈദ്യശാസ്ത്ര പഠനമെന്നത് വലിയ കച്ചവടമായി മാറുകയാണ്. ഇന്നത്തെ രീതിയിലുള്ള മത്സര പരീക്ഷകൾ വൻ സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പരീക്ഷാ

സമ്പ്രദായത്തിന്റെ ഇന്നത്തെ രീതിക്കുപകരം ശാസ്ത്രീയമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുകയും അനിവാര്യമായ നടപടികളിലേക്ക് നീങ്ങുകയും ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാണ്. രാജ്യത്തിന്റെ ഭാവി തീരുമാനിക്കുന്ന വിദ്യാർഥി സമൂഹം ഇന്ന് അക്കാദമികേതര ഏജൻസികൾ നടത്തുന്ന ചൂഷണങ്ങൾക്ക് വിധേയരാകുന്നതും അവരുടെ കഴിവും സാമർത്ഥ്യവും പണത്തിനുമുന്നിൽ കീഴടങ്ങുന്നതും നിത്യകാഴ്ചയായി മാറുകയാണ്. ഇത്തരം സാഹചര്യത്തിലാണ് രാജ്യത്തെ വിദ്യാർഥി സംഘടനകളും അവരെ പിന്തുണയ്ക്കുന്ന ജനവിഭാഗങ്ങളും വലിയ തോതിൽ പ്രക്ഷോഭത്തിന്റെ പാതയിലേക്ക് വന്നിട്ടുള്ളത്. എന്നിട്ടും കേന്ദ്ര ഭരണകർത്താക്കൾ, പ്രത്യേകിച്ചും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ഉൾപ്പെടെയുള്ളവർ ഇതുസംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി പറയാതെ ഒഴിഞ്ഞുമാറുന്ന ലജ്ജാകരമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഈ പരീക്ഷ മാത്രമല്ല; തൊട്ടുമുമ്പ് നടന്ന പതിനൊന്ന് ലക്ഷത്തോളം പേർ പങ്കെടുത്ത കോളേജ് അധ്യാപക യോഗ്യത നേടുന്നതിനുള്ള നെറ്റ് പരീക്ഷയിലും ഇതുതന്നെ സംഭവിച്ചുവെന്നതാണ് പിന്നീടുവന്ന

വാർത്തകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ നീറ്റ് (പി.ജി.) പരീക്ഷ മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. ആ ചോദ്യപേപ്പറും ചോർന്നുവെന്നുള്ള വിവരം നേരത്തെ അറിഞ്ഞതിന്റെയടിസ്ഥാനത്തിലാണ് പരീക്ഷ മാറ്റിവച്ചത്. നീറ്റ് പരീക്ഷയിൽ 1316164 വിദ്യാർഥികളാണ് യോഗ്യത നേടിയത്. എന്നാൽ ഇത്രയും വിദ്യാർഥികൾക്ക് പഠിക്കാനാവശ്യമായ കോളേജുകൾ നമ്മുടെ രാജ്യത്തില്ലെന്നുള്ളത് കാണാൻ കഴിയും. 23 ലക്ഷത്തിൽപ്പരം വിദ്യാർഥികൾ പരീക്ഷയിൽ പങ്കെടുത്തു. ഈ പ്രശ്നത്തെത്തുടർന്ന് രാജ്യത്ത് മുഴുവൻ ശക്തമായ വിദ്യാർഥി പ്രക്ഷോഭം വളർന്നുവന്നിരിക്കുകയാണ്. രാജ്യത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് നല്ല തിരിച്ചറിവുള്ള പുതുസമൂഹവും അവരുടെ രക്ഷകർത്താക്കളും ഈ പ്രക്ഷോഭത്തോടൊപ്പം നിൽക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, പല കാര്യങ്ങളിലും അമിതമായ താൽപ്പര്യത്തോടുകൂടിയ വാർത്തകൾ സൃഷ്ടിക്കുന്ന നമ്മുടെ മാധ്യമങ്ങളിൽ ചിലതെങ്കിലും അത് കണ്ടില്ലെന്ന് നടിക്കുന്ന അല്ലെങ്കിൽ

അത് തമസ്കരിക്കുന്ന സമീപനം സ്വീകരിച്ചുവെന്ന് നമുക്ക് കാണാൻ കഴിയും. ലക്ഷക്കണക്കിന് വിദ്യാർഥികൾ അവരുടെ ഭാവി കരുപിടിപ്പിക്കാനായി വലിയ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ബൃഹത്തായ ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസവും യോഗ്യതാ പരീക്ഷകളും ഒറ്റ ഏജൻസിയിൽ കേന്ദ്രീകരിക്കുന്നതിന്റെ പരിണതഫലമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നേരത്തേയുണ്ടായിരുന്ന വിധത്തിൽ വ്യത്യസ്തങ്ങളായ മേഖലകളിൽ/വ്യത്യസ്ത സംസ്ഥാനത്ത് എങ്ങനെയൊക്കെയാണ് ഈ പരീക്ഷ നടത്തുന്നതെന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തി ആവശ്യമായ രീതിയിലുള്ള തീരുമാനമെടുക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് കമ്മിറ്റി വച്ചിട്ടുണ്ട്, അന്വേഷണം നടക്കുന്നു, സി.ബി.ഐ. അന്വേഷിക്കുന്നു എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടും പരീക്ഷകളുടെയും അവയുടെ നടത്തിപ്പിന്റെയും സുതാര്യതയും പവിത്രതയും ഉറപ്പുവരുത്താൻ കഴിയത്തക്കവിധത്തിലുള്ള നീക്കവുമുണ്ടാകണം. അതിന് നമ്മുടെ രാജ്യത്തെ ആരോഗ്യമേഖലയെ രക്ഷിക്കണമെന്ന് ആഗ്രഹമുള്ളവരുടെ

വലിയ ഇടപെടൽ ആവശ്യമാണെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതല്ലെങ്കിൽ രാജ്യത്തിന്റെ ഭാവി ഇരുളടഞ്ഞതാകും. യോഗ്യതാ പരീക്ഷയ്ക്ക് ഒറ്റ കേന്ദ്രമെന്നത് തിരുത്തുകയാണ് ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഈ വിഷയത്തെ സംബന്ധിച്ച് രാജ്യവ്യാപകമായി വളർന്നുവരുന്ന പ്രക്ഷോഭത്തെ കണ്ടെങ്കിലും കേന്ദ്ര ഭരണകർത്താക്കൾ അവരുടെ പിടിപ്പുകേടും ഇക്കാര്യത്തിൽ അവർ കാണിച്ചിട്ടുള്ള കൊള്ളരുതായ്മയും തിരിച്ചറിഞ്ഞുകൊണ്ട് ആവശ്യമായ തിരുത്തലുകൾ വരുത്താൻ തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ്, (ഡോ. എൻ. ജയരാജ്): സർ, ബഹുമാന്യനായ അംഗം എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. നെൽസൺ മണ്ടേലയുടെ മനോഹരമായ ഒരു പ്രസ്താവന ദക്ഷിണാഫ്രിക്കൻ സർവകലാശാലയുടെ പ്രവേശന കവാടത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അത് തുടങ്ങുന്നത്, "Destroying any nation does not require the use of atomic bombs or the use of long range missiles. It only requires lowering the

quality of education and allowing cheating in the examinations by the students. ഇവിടെ അവതരിപ്പിച്ച ഉപക്ഷേപവുമായി ബന്ധപ്പെട്ട് ഇതിലെ അവസാനത്തെ വാചകമായ, ‘ .....cheating in the examinations by students....,’ എന്നത് വളരെ പ്രസക്തമാണ്. അതിന്റെ അവസാനം, ‘ ......The collapse of education is the collapse of the nation’ എന്ന് അദ്ദേഹം അർത്ഥശങ്കയില്ലാതെതന്നെ പറഞ്ഞുനിർത്തുന്നുണ്ട്. ഇന്ന് ഇവിടെ ചർച്ചചെയ്യപ്പെടുന്ന ഏകദേശം 10900 സീറ്റുകൾക്കുവേണ്ടി 706 മെഡിക്കൽ കോളേജുകളിലേക്ക് നടന്ന, ഒരുപക്ഷെ ലോകത്തിലെതന്നെ ഏറ്റവും വലിയ പരീക്ഷയെന്ന് പറയാവുന്ന മെഡിക്കൽ എൻട്രൻസ് പരീക്ഷ സംബന്ധിച്ച വിഷയമാണ്. മൂന്ന് മണിക്കൂർ ഇരുപത് മിനിട്ടുകൊണ്ട് അവസാനിപ്പിക്കുന്ന മൾട്ടിപ്പിൾ ചോയിസ് ക്വസ്റ്റ്യൻ രീതിയിലുള്ള ഈ പരീക്ഷയുമായി ബന്ധപ്പെട്ടുള്ള നിരവധി ചർച്ചകൾ കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ മാധ്യമങ്ങളിലൂടെയും മറ്റും കടന്നുവരികയുണ്ടായി. യഥാർത്ഥത്തിൽ നീറ്റ് (NEET) എന്ന വാക്കിന് മറ്റൊരു പര്യായം പറയേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. നമ്മൾ പലപ്പോഴും ഇവിടെ പറയുന്നതുപോലെ, എല്ലാ

മേഖലകളിലേക്കുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ ബോധപൂർവ്വമായുള്ള കടന്നുക്കയറ്റംകൂടി ഞാൻ ഇതിന്റെ പിന്നിൽ കാണുകയാണ്. കാരണം കേരളം പോലുള്ള സംസ്ഥാനങ്ങൾ വളരെ ഭംഗിയായി എൻട്രൻസ് പരീക്ഷ നടത്തിയിരുന്ന സന്ദർഭത്തിൽ നമ്മുടെ നാടിന്റെ ഫെഡറൽ സംവിധാനത്തെ ഇല്ലാതാക്കുകയെന്ന ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായാണ് നീറ്റ് പരീക്ഷയുൾപ്പെടെ കേന്ദ്രത്തിന്റെ കീഴിലേക്ക് കൊണ്ടുവന്ന് അതിനൊരു പ്രത്യേക ഏജൻസിയെ നിയമിച്ച് പരീക്ഷകൾ നടപ്പാക്കാൻ തീരുമാനിച്ചത്. ഇത് കേന്ദ്രത്തിന്റെ മറ്റൊരു കടന്നുക്കയറ്റത്തിന്റെ പ്രതീകമായി കാണാതിരിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട രണ്ടാമത്തെ വിഷയം സമയപരിമിതിമൂലം ഞാൻ ദീർഘിപ്പിക്കുന്നില്ല. വിദ്യാർഥികൾക്ക് സംസ്ഥാന സിലബസ്, കേന്ദ്ര സിലബസ് എന്നിങ്ങനെ രണ്ടുതരത്തിലുള്ള സിലബസുകളുണ്ട്. ഇത്തരം പരീക്ഷകളിൽ വരുന്ന ചോദ്യങ്ങൾ പലപ്പോഴും കേന്ദ്ര സിലബസ് അനുസരിച്ചാണ് തയ്യാറാക്കുന്നത്. അത് സംസ്ഥാന സിലബസിൽ പഠിക്കുന്ന കുട്ടികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ പരീക്ഷകൾ ക്രമമായും കൃത്യമായും നടക്കുന്നതിനായി ഒരു ഫോറൻസിക്

ആൻഡ് ടെക്നിക്കൽ ആഡിറ്റ് നടപ്പാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അക്കാര്യത്തിലുള്ള ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. സമയക്കുറവുകൊണ്ട് ദീർഘമായ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. മെഡിക്കൽ എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സെന്ററുകളുടെ അമിതമായ കടന്നുവരവാണ് ഈ മേഖലയിലെ പ്രശ്നത്തിന്റെ പ്രധാന കാരണം. ഇതുമായി ബന്ധപ്പെട്ട സ്വകാര്യ ബിൽ ഞാൻ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുവേണ്ടി പ്രസന്റ് ചെയ്തിട്ടുണ്ട്. വളരെ ഗുരുതരമായൊരു വിഷയം ഇതിന്റെ പിന്നിലുണ്ടെന്നുള്ളതിനാൽ ഇതിനൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. നമ്മുടെ കുട്ടികളുടെ ഭാവിയെ സംബന്ധിച്ച പ്രശ്നത്തിൽ സുതാര്യവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ പരിഹാരമുണ്ടാക്കണം. അതിന് ഈ ഉപക്ഷേപം ഉപയോഗപ്രദമാകട്ടെയെന്ന ആഗ്രഹത്തോടെ ഞാൻ ഈ ഉപക്ഷേപത്തെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

2024-ലെ NEET, NET പരീക്ഷാ ചോദ്യപേപ്പറുകളുടെ ചോർച്ച നമ്മുടെ രാജ്യത്തെ ഞെട്ടിച്ച പരീക്ഷാ കുംഭകോണമെന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഒന്നാണ്. NEET പരീക്ഷാ ചോദ്യപേപ്പർ പരീക്ഷ നടക്കുന്നതിനുമുമ്പുതന്നെ ചോർന്നിരുന്നുവെന്ന ആരോപണമുയർന്നിരുന്നു. ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങിയാണ് ചോദ്യപേപ്പറുകൾ ചോർത്തി നൽകിയതെന്നാണ് പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരം. ബീഹാറിലെ പാറ്റ്നയിൽനിന്നാണ് ചോദ്യപേപ്പർ ചോർന്ന വിവരം ആദ്യം റിപ്പോർട്ട് ചെയ്തത്. രാജ്യത്ത് ഏറ്റവുമധികം വിദ്യാർഥികൾ പങ്കെടുക്കുന്ന എഴുത്തുപരീക്ഷയെന്ന പ്രത്യേകതകൂടി ഇതിനുണ്ട്. മുൻനിശ്ചയിച്ച തീയതിക്കുമുമ്പ് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയത് ഇതിലെ ക്രമക്കേടിന്റെ തെളിവാണ്. നിരവധി പേർക്ക് ഒരേ സ്കോർ ലഭിച്ചതിൽ വിദ്യാർഥികളിൽ ആശങ്കയും സംശയങ്ങളുമുളവാക്കി. ഇത്തരം ക്രമക്കേടുകൾക്ക് കൂട്ടുനിന്നത് കേന്ദ്ര ഗവൺമെന്റാണെന്ന് വ്യക്തമാണ്. രാജ്യത്ത് പെരുകിവരുന്ന കോച്ചിംഗ് സെന്ററുകളുടെ സാമ്പത്തിക താൽപര്യങ്ങൾ മാത്രം തൃപ്തിപ്പെടുത്തുന്ന പരീക്ഷകൾ വൻ സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ശ്രീ. കെ.

എം. സച്ചിൻദേവ് ഇവിടെ സൂചിപ്പിച്ചതുപോലെ ആദ്യമൊന്നും ഇതുസംബന്ധിച്ച വാർത്തകൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തില്ലെങ്കിലും പിന്നീടുള്ള ദിവസങ്ങളിലെ എല്ലാ ദിനപത്രങ്ങളിലും താഴെപ്പറയുന്ന തലക്കെട്ടുകളോടെ വളരെ പ്രാധാന്യത്തോടുകൂടിയാണ് ഇതുസംബന്ധിച്ച വാർത്തകൾ പ്രസിദ്ധീകരിച്ചത്. മാധ്യമം പത്രത്തിൽ- 'കാവിയണിഞ്ഞ അഴിമതി പരീക്ഷകൾ' , ദേശാഭിമാനിയിൽ 'നീറ്റ്' കുംഭകോണം പരീക്ഷാ മാഫിയകൾക്ക് കൂട്ട് കേന്ദ്രം' , മലയാള മനോരമ 'നീറ്റ്' വിശ്വാസ്യത വീണ്ടെടുത്തേതീരൂ', കേരള കൗമുദി 'നീറ്റ്' പരീക്ഷാ ചോദ്യപേപ്പർ എന്തുകൊണ്ട്?' , മാതൃഭൂമി 'ചോദ്യപേപ്പർ ചോർന്ന നീറ്റ് പരീക്ഷാ കേന്ദ്രം: കുറ്റം എൻ.ടി.എ.-യുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമം' . ഇന്ന് ഈ വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് ലോകം കാണുന്നത്. NEET (UG) പരീക്ഷാ ചോദ്യപേപ്പർ ചോർന്നതിനെത്തുടർന്ന് NEET (PG) പരീക്ഷ റദ്ദാക്കിയത് നിരവധി പരീക്ഷാർഥികളെ വെട്ടിലാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ പരീക്ഷയെഴുതുന്നവർ നേരത്തെതന്നെ പുറപ്പെട്ടിരുന്നു. ചോദ്യപേപ്പർ ചോർച്ചയെത്തുടർന്ന് പുറത്തുവരുന്ന വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്.

രാജ്യത്ത് ഏറ്റവും വലിയ പരീക്ഷകളിലൊന്നായ NEET പരീക്ഷാ ചോദ്യപേപ്പർ വളരെ ലാഘവത്തോടെ ഓട്ടോറിക്ഷയിലാണ് കൊണ്ടുപോയതെന്നാണ് ലഭ്യമായ വിവരങ്ങളിൽനിന്ന് മനസ്സിലാകുന്നത്. ഇതേത്തുടർന്ന് പല പരീക്ഷകളുടെയും സാധുത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഇത് സാധാരണക്കാരായ, മിടുക്കരായ വിദ്യാർഥികളുടെ ആത്മവിശ്വാസം തകർക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. രാജ്യത്തെ പ്രമുഖ കോച്ചിംഗ് സെന്ററുകളെ കേന്ദ്രീകരിച്ച് അന്വേഷണം നടത്തേണ്ട ഒന്നാണ് ഇത്. സമഗ്രാന്വേഷണം നടത്തി എല്ലാ കുറ്റക്കാരെയും നിയമത്തിന്റെ മുന്നിലെത്തിച്ച് പരമാവധി ശിക്ഷ നൽകണം. ഇത്തരം കുറ്റകൃത്യങ്ങളെ രാജ്യദ്രോഹ നടപടിയായി കണക്കാക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ അന്വേഷണവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന കർശന നിലപാടുകൾ ദേശീയ പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കാൻ സഹായിക്കുമെന്നും വിദ്യാർഥികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ പ്രേരകമാകുമെന്ന വസ്തുതയും കേന്ദ്ര ഭരണാധികാരികൾ മനസ്സിലാക്കണം. നമ്മൾ എന്തെല്ലാം പറഞ്ഞാലും കേരളത്തെപ്പോലൊരു

സംസ്ഥാനത്തിനുമാത്രമെ ഇത്രമാത്രം ശക്തിയോടുകൂടി ഇതിനെതിരെ പ്രതികരിക്കാൻ കഴിയൂ. ജനാധിപത്യ രീതിയിൽ എല്ലാ കാര്യങ്ങളും മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സംസ്ഥാനം ആയതുകൊണ്ടാണ് അങ്ങനെ ചെയ്യാൻ സാധിക്കുന്നത്. അതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. എം. വിജിൻ ഇവിടെ ഉന്നയിച്ചത് കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപകാരപ്രദമാകുകയും നമുക്ക് എല്ലാവരേയും കണ്ടുകൊണ്ട് മുന്നോട്ടുപോകാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യും. വിദ്യാഭ്യാസ സമ്പ്രദായം എപ്പോഴും വിദ്യാർഥി സൗഹൃദവും വിദ്യാർഥികൾക്ക് കൂട്ടുനിൽക്കുന്നതുമായ രൂപത്തിലുള്ളതുമായിരിക്കണം. നമുക്കറിയാം, ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്ന ആർ.എസ്.എസ്. മാഫിയ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ട് പണം സമ്പാദിക്കാൻ ശ്രമിക്കുന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഒരു പൊതുപ്രവേശന പരീക്ഷ നടത്താൻപോലും കഴിയാത്ത സർക്കാരായി കേന്ദ്രസർക്കാർ മാറിയിരിക്കുന്നു. ക്രമക്കേട് നടന്ന പരീക്ഷയിലൂടെ ഒരാൾ ഡോക്ടറായാൽ, അത് സമൂഹത്തിനുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെ സൂചിപ്പിച്ചു. ദേശീയ

മെഡിക്കൽ പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന പശ്ചാത്തലത്തിൽ പരീക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഏതാനും രക്ഷകർത്താക്കൾ സുപ്രീംകോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി പരിഗണിക്കവെ ജസ്റ്റിസ് വിക്രം നാഥ് പരാമർശിച്ചത് "ഇത്തരം പ്രവേശന പരീക്ഷകളിൽ 0.001 ശതമാനമാണ് പിഴവെങ്കിൽപ്പോലും അത് തിരുത്താനുള്ള ജാഗ്രത സർക്കാരിനും പരീക്ഷ നടത്തുന്ന ഏജൻസികൾക്കുമുണ്ട്" എന്നാണ്. പ്രസ്തുത പരീക്ഷ റദ്ദാക്കാൻ തൽക്കാലം കോടതി വിസമ്മതിച്ചെങ്കിലും പരീക്ഷാ ഏജൻസിയായ നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ (എൻ.ടി.എ.) ജാഗ്രതക്കുറവിനെ കോടതി രൂക്ഷമായി വിമർശിച്ചു. ഈ കേസ് പരിഗണിക്കുമ്പോൾ ചോദ്യപേപ്പർ ചോർച്ച കേവലം ആരോപണവും ഏതാനും വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്കിനെച്ചൊല്ലിയുള്ള തർക്ക വിഷയവുമായിരുന്നു. എന്നാൽ അതിപ്പോഴാണ് രാജ്യത്തെ അന്താരാഷ്ട്ര സമൂഹത്തിനുമുമ്പിൽ നാണംകെടുത്തുന്നതും ഇക്കാലമത്രയും കേട്ടിട്ടില്ലാത്തതുമായ വലിയൊരു അഴിമതിയായി ദേശീയ പ്രവേശന പരീക്ഷകളും അവയുടെ നടത്തിപ്പും മാറിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതോടൊപ്പം അഴിമതിയുടെയും

സ്വജനപക്ഷപാതത്തിന്റെയും കൂത്തരങ്ങാക്കി മാറ്റിയ മോദി ഭരണകൂടം, പരീക്ഷാ അഴിമതിയിലൂടെ അര കോടിയോളം വരുന്ന വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയുമാണ് പൊരിവെയിലിൽ നിർത്തിയിരിക്കുന്നത്. 23 ലക്ഷത്തിലധികം വിദ്യാർത്ഥികൾ എഴുതിയ NEET പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതുമാത്രമല്ല ഇതിനായി ആസൂത്രിതമായ പല നീക്കങ്ങളും ഭരണകൂടത്തിന്റെ ഒത്താശയോടുകൂടി നടന്നുവെന്നതുകൂടിയാണ് ഇതിനോടകം അറസ്റ്റിലായ വിദ്യാർഥികളുടെയും ഇടനിലക്കാരുടെയും കുറ്റസമ്മത മൊഴികളിൽനിന്നും വ്യക്തമാകുന്നത്. ഈ പരീക്ഷാ ക്രമക്കേടിനെതിരെയുള്ള ഒരു വലിയ കൂട്ടായ്മ അല്ലെങ്കിൽ ഒരഭ്യർഥന കേന്ദ്രത്തെ അറിയിച്ചുകൊണ്ട് പരീക്ഷയുടെ സുതാര്യത ഉറപ്പാക്കുന്നതിനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണം. അതിനുവേണ്ടി ശ്രീ. എം. വിജിൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ശ്രീ. എം. വിജിൻ ചട്ടം 130 അനുസരിച്ച് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

കേരളത്തിലേതടക്കമുള്ള വിദ്യാർഥി സമൂഹവും NEET പരീക്ഷയെഴുതിയ

കുട്ടികളും അവരുടെ രക്ഷാകർത്താക്കളും ഇപ്പോൾ വലിയ ആശങ്കയിലും നിരാശയിലുമാണ്. NEET പോലുള്ള പരീക്ഷകൾക്കായി പല കുട്ടികളും തയ്യാറെടുക്കുന്നത് ഒന്നും രണ്ടും വർഷമല്ല. അവർ വളരെ നേരത്തെതന്നെ അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും അവരുടെ അച്ഛനമ്മമാരും അവരോടൊപ്പം തയ്യാറെടുക്കുന്നതും നിത്യവും നാം കാണുന്ന കാഴ്ചകളാണ്. പലപ്പോഴും പല കുട്ടികളും 12 മുതൽ 18 മണിക്കൂർ വരെയാണ് ഇത്തരം പരീക്ഷകൾക്കുവേണ്ടി മാറ്റിവയ്ക്കുന്നത്. ചില റിപീറ്റഡ് ബാച്ചിൽ ഒന്നോ രണ്ടോ വർഷം തുടർച്ചയായി തയ്യാറെടുപ്പ് നടത്തിയതിനുശേഷമാണ് ഇങ്ങനെയുള്ള പരീക്ഷകൾ എഴുതുന്നത്. അവരെയെല്ലാം ആശങ്കയിലാക്കുന്ന ഒരു നടപടിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. പ്രത്യേകിച്ച്, കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന രീതിയിലുള്ള പ്രവൃത്തികളുമായി, കഴിഞ്ഞ ദിവസങ്ങളിലെല്ലാം കാമ്പസ് ഇൻഡസ്ട്രീസിനെപ്പറ്റി ചർച്ച ചെയ്തിരുന്നു. യൂണിവേഴ്സിറ്റികളിൽനിന്നും വിദ്യാഭ്യാസത്തിനൊപ്പം കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ മാത്രമായി അവരെ പുറത്തുവിടാൻ പാടില്ല. അവർക്ക് നൈപുണികളും

ആത്മവിശ്വാസവുമുണ്ടാകണമെന്നുള്ള രീതിയിലുള്ള പ്രവൃത്തികൾ നമ്മൾ ചെയ്യുമ്പോഴും നഴ്സിംഗ് വിദ്യാർഥികൾക്കടക്കം നോർക്കയുമായും മറ്റ് ഏജൻസികളുമായി സഹകരിച്ച് വിദേശ ഭാഷകൾ പഠിപ്പിക്കുമ്പോഴും എവിടെയെല്ലാം സാധ്യതകളുണ്ടോ അവിടെയെല്ലാം നമ്മുടെ വിദ്യാർഥികൾക്ക് കയറിപ്പറ്റാൻ സാധിക്കണം. ഇതിനുള്ള സമഗ്ര സംഭാവനകളാണ് കേരള സമൂഹം നൽകിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കൊപ്പം നാലാം ലോക കേരള സഭയിൽ നോളജ് എക്കണോമി വിഷൻ എന്ന സെഷനിലായിരുന്നു ഞാൻ പങ്കെടുത്തത്. കേരള യൂണിവേഴ്സിറ്റിയടക്കമുള്ള നമ്മുടെ യൂണിവേഴ്സിറ്റികളിൽ പഠനം നടത്തി വിദേശരാജ്യങ്ങളിലെ വിവിധ സർവ്വകലാശാലകളിൽ റിസർച്ച് ചെയ്യുന്ന പല ഡിപ്പാർട്ടുമെന്റുകളുടെയും ഹെഡ്ഡായിരിക്കുന്ന വ്യക്തികൾ അവരുടെ അനുഭവങ്ങൾ ഞങ്ങളുമായി പങ്കുവച്ചു. അവർ നമ്മുടെ യൂണിവേഴ്സിറ്റികളുമായി പല രീതിയിലും സഹകരിക്കാൻ തയ്യാറായിരിക്കുകയാണ്. അങ്ങനെയുള്ള ഒരു സഹകരണമാണ് നമുക്ക് ഈ മേഖലകളിലെല്ലാം ഉണ്ടാകേണ്ടത്, പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അതിന്റേതായ

പങ്കുവഹിച്ചുകൊണ്ട് DWMS (DIGITAL WORKFORCE MANAGEMENT SYSTEM) വഴി ലോകത്ത് എവിടെയൊക്കെ സാധ്യതകളുണ്ടോ അവയെപ്പറ്റിയെല്ലാം നമ്മുടെ കുട്ടികളെ അറിയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. സ്കൂൾതലം മുതൽ നമ്മുടെ കുട്ടികൾക്ക് ഇങ്ങനെയുള്ള ഇൻഡസ്ട്രിയൽ പരിശീലനവും അതുപോലെ എക്സ്പേർട്ട് എക്സ്പോഷറുമുണ്ടാകണം. പൊതുവിദ്യാഭ്യാസ മേഖലയിൽനിന്നുള്ള പല കുട്ടികളും ഇന്റർനാഷണൽ യൂണിവേഴ്സിറ്റികളിൽനിന്നും ഫുൾ സ്കോളർഷിപ്പോടുകൂടി പൊതുപരീക്ഷ ജയിച്ച് മുന്നേറുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതിനാൽ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർഥികൾക്ക് ഓറിയന്റേഷൻ കൊടുക്കേണ്ടതായിട്ടുണ്ട്. നാഷണൽ മെഡിക്കൽ കൗൺസിൽ വെർട്ടിക്കൽ ഇന്റഗ്രേഷൻ പ്രോഗ്രാം നടത്തുന്നുണ്ട്. അവിടെ ആദ്യവർഷം വരുന്ന വിദ്യാർഥികൾക്ക് 'എന്തിന് നിങ്ങൾ ഹാർട്ടിനെപ്പറ്റി പഠിക്കണം' എന്നതുമായി ബന്ധപ്പെട്ട് ആദ്യ വർഷം അതിന്റെ പ്രവർത്തനം അല്ലെങ്കിൽ അനാട്ടമി മാത്രം പഠിക്കുന്നു. എന്നാൽ അതിന്റെ രോഗാവസ്ഥയെപ്പറ്റി സാധാരണ അവസാന വർഷം മാത്രമെ

പഠിക്കാറുള്ളൂ. അത് ആദ്യംതന്നെ മനസ്സിലാക്കുന്നതിനായി വെർട്ടിക്കൽ ഇന്റഗ്രേഷൻ എന്നൊരു പ്രോഗ്രാം നടത്താറുണ്ട്. പക്ഷെ അത് ശരിക്കും പഠിപ്പിക്കേണ്ടത് പത്താം ക്ലാസ്സിലേയ്ക്ക് കടക്കുമ്പോഴാണ്. പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ അവർ ഏത് വിഷയത്തിലാണ് തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്നത്, ഏത് മേഖലയിലാണ് ജോലി ചെയ്യാനുദ്ദേശിക്കുന്നതെങ്കിൽ അവർക്കവിടെ ആ സ്ഥാപനത്തിൽ....., ഇപ്പോൾ നഴ്സിംഗാണ് പഠിക്കാനുദ്ദേശിക്കുന്നതെങ്കിൽ അവിടെയൊരു ഒബ്സർവർഷിപ്പിന് ഒരവസരമുണ്ടാകും. അങ്ങനെ ചെയ്താൽ അവർക്ക് എന്താണ് ഈ ജോലിയെന്നുള്ളത് മനസ്സിലാക്കാനും അതിലധിഷ്ഠിതമായി പഠിക്കാനും സാധിക്കും. ഇങ്ങനെയുള്ള സാഹചര്യങ്ങളെല്ലാം മനസ്സിലാക്കി മുന്നോട്ട് പോകുന്നതായിരിക്കും കുറച്ചുകൂടി ഉത്തമമെന്ന് ഞാൻ സന്ദർഭവശാൽ സൂചിപ്പിക്കുകയാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും രണ്ട് എൻട്രൻസ് പരീക്ഷകൾ നടത്തിയിരുന്നു. അന്നും വിഷയങ്ങളൊക്കെ ഉണ്ടായിരുന്നു. സെൻട്രൽ ഗവൺമെന്റിന്റെ പരീക്ഷകൾ

പാസ്സായി ഗുജറാത്ത് അടക്കമുള്ള സംസ്ഥാനങ്ങളിൽ അഡ്മിഷനായി പോകുമ്പോൾ പലപ്പോഴും കായികമായി ഉപദ്രവിച്ചുകൊണ്ട് അഡ്മിഷനെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. അന്നും ഈ പറഞ്ഞതുപോലെ സീറ്റ് വേക്കന്റായിട്ട് പ്രാദേശികവാദം ഉന്നയിച്ച് സീറ്റുകൾ കൈക്കലാക്കുന്ന സന്ദർഭങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇപ്പോഴും ആ വിഷയങ്ങളൊക്കെ ഇങ്ങനെയുള്ള സംസ്ഥാനങ്ങളിലാണ് ഉണ്ടാകുന്നതെന്ന് കാണുമ്പോൾ അവർക്ക് ഇപ്പോഴും നേരം വെളുത്തിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഒന്നാം നരേന്ദ്ര മോദി സർക്കാരിന്റെ കാലത്ത് നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പല മത്സരപരീക്ഷകളുടെയും നടത്തിപ്പ് ചുമതല ഏൽപ്പിച്ചിരിക്കുന്നതിനാൽ ക്രമക്കേടുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ശരിക്കുപറഞ്ഞാൽ സ്ഥാപനവൽക്കരിക്കുകയാണ് ചെയ്തത്, വ്യാപകമായ അഴിമതിയാണ്. 2024-ലെ NEET-UG പരീക്ഷയിലുണ്ടായ ക്രമക്കേടുകളെ കുറിച്ച് വളരെ വിശദമായി ഇവിടെ സൂചിപ്പിച്ചു. ഇതിൽ സീരിയൽ നമ്പർ 62 മുതൽ 69 വരെയുള്ള കുട്ടികളിൽ 6 പേർക്ക് ഫുൾ മാർക്ക് ലഭിച്ചു (720 മാർക്ക്). പിന്നീടുള്ള രണ്ട്

കുട്ടികൾക്ക് 718, 719 എന്നീ മാർക്കുകളാണ് ലഭിച്ചത്. ഈ മാർക്കുകളെക്കുറിച്ചാണ് നേരത്തെ സൂചിപ്പിച്ചത്. സാധാരണ 720 അല്ലെങ്കിൽ 716 ആണ് വരിക. ഒരു ക്വസ്റ്റ്യൻ അറ്റംപ്റ്റ് ചെയ്തില്ലെങ്കിൽ 4 മാർക്ക് കുറയും അല്ലെങ്കിൽ തെറ്റായ ഉത്തരമാണെങ്കിൽ സ്കോർ 715 ആകും. ഗ്രേസ് മാർക്ക് നൽകിയതുകൊണ്ടാണ് ഇങ്ങനെ വന്നതെന്നാണ് അവർ നൽകിയ വിശദീകരണം. കഴിഞ്ഞ വർഷം രണ്ട് വിദ്യാർഥികൾക്കാണ് 720 മാർക്ക് ലഭിച്ചത്. അതിന് മുമ്പത്തെ വർഷം ഫസ്റ്റ് റാങ്കുകാരായ 3 പേർക്കും ലഭിച്ചത് 715 ആണ്. എന്നാൽ ഇപ്പോൾ 67 പേർക്കാണ് 720 മാർക്ക് ലഭിച്ചിരിക്കുന്നത്. മൊത്തത്തിൽ പരിശോധിക്കുമ്പോൾ ഇതിന്റെ ആഘാതം എവിടെയാണ് വരുന്നതെന്ന് ചോദിച്ചാൽ, മുൻവർഷങ്ങളിൽ 700 മാർക്ക് ലഭിച്ച കുട്ടിക്ക് ഏകദേശം 324, 325 എന്ന നിലയിലാണ് റാങ്ക് ലഭിച്ചതെങ്കിൽ ഈ വർഷം 700 മാർക്ക് ലഭിക്കുന്ന കുട്ടിക്ക് റാങ്ക് ഏതാണ്ട് 2000-ന് അടുത്ത് വരും. അപ്പോൾ നിരവധി കുട്ടികൾക്ക് ഹൈസ്കോർ..., നേരത്തെ ശ്രീ. എച്ച്. സലാം സൂചിപ്പിച്ചതുപോലെ, 638 മാർക്ക് ലഭിക്കുന്നൊരു കുട്ടിക്ക് ഇപ്പോൾ ലഭിക്കുന്ന റാങ്ക് എത്രയാകുമെന്ന് predict ചെയ്യാൻപോലും കഴിയില്ല. അവർ

ഉദ്ദേശിക്കുന്നത് MBBS ആണെങ്കിൽ അത് ലഭിക്കുമോ എന്നുപോലും പറയാൻ പറ്റാത്തൊരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുകയാണ്. ഇത്രത്തോളം വികലമായ ഒരു പരീക്ഷ നടത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പൊതുമധ്യത്തിൽ പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. 24 ലക്ഷം കുട്ടികളുടെ ഭാവിയാണ് ഇവർ അനിശ്ചിതത്വത്തിലാക്കിയിരിക്കുന്നത്. MBBS-ന് ആണെങ്കിൽ ഏകദേശം ഒന്നര ലക്ഷം കുട്ടികൾക്കാണ് സാധ്യതയുള്ളത്. ഇവരെല്ലാം ഹൈ പ്രഷറിലാണ് പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുത്തത്.

ഇവിടെയുള്ള സീറ്റുകളുടെ കാര്യത്തെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ വളരെ കുറവാണ്. കേരളത്തിന് ഒരു AIIMS എന്നുള്ള ആഗ്രഹം ഇപ്പോഴും അങ്ങനെത്തന്നെ നിൽക്കുകയാണ്. ഇങ്ങനെയുള്ള പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കാനൊന്നും കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. സീറ്റുകളുടെ എണ്ണത്തിലും കാര്യമായ വർദ്ധനയില്ല. അങ്ങനെ ഹൈ പ്രഷറിൽ കുട്ടികൾ പ്രിപ്പയർ ചെയ്യുമ്പോഴാണ് ഇങ്ങനെയുള്ള വിഷയങ്ങൾ വരുന്നത്. ഇത് പൂർണ്ണമായും അട്ടിമറിക്കപ്പെട്ടു എന്ന കാര്യത്തിൽ

യാതൊരു തർക്കവുമില്ല. നാളിതുവരെയുള്ള അവരുടെ മറുപടികൾ കേൾക്കുമ്പോൾ അറിയാം, ആദ്യം മൂന്ന് പ്രാവശ്യമാണ് ഇവർ പരീക്ഷാ രജിസ്ട്രേഷൻ മാറ്റി വച്ചത്. അവസാനമായി വെറും 15 പേർക്ക് വേണ്ടിയാണ് ഏപ്രിൽ മാസം 15-ാം തീയതിയിലേയ്ക്ക് രജിസ്ട്രേഷന്റെ തീയതി നീട്ടി കൊടുത്തത്. കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് മൂന്ന് ലക്ഷം കുട്ടികൾ അധികമായി ഇപ്രാവശ്യം പരീക്ഷ എഴുതിയതിനാലും ചോദ്യപേപ്പർ വളരെ എളുപ്പമായിരുന്നതിനാലുമാണ് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടായതെന്നാണ് എൻ.ടി.എ. പറഞ്ഞ ന്യായം. പക്ഷേ, ചോദ്യപേപ്പർ കഠിനമായിരുന്നു എന്നാണ് വിദ്യാർത്ഥികളും എക്സ്പേർട്ട് ടീച്ചേഴ്സും പറയുന്നത്. പിന്നീട് ഗ്രേസ് മാർക്ക് കൊടുത്തതുകൊണ്ടാണ് എന്ന് പറഞ്ഞു. വൈകിവന്നവർക്ക് സമയം നീട്ടിക്കൊടുത്തതുകൊണ്ടും മൾട്ടിപ്പിൾ ഉത്തരങ്ങൾ ഉള്ളതുകൊണ്ടുമൊക്കെയാണ് ഗ്രേസ് മാർക്ക് കൊടുത്തതെന്ന് പറഞ്ഞു. ഇതെല്ലാം തെറ്റാണെന്ന് പിന്നീട് തെളിഞ്ഞു. പിന്നീട് വരുന്ന വാർത്തകളിൽ 30, 40 ലക്ഷം രൂപയുടെയും കോടികളുടെയുമൊക്കെ കണക്കുകളാണ് വരുന്നത്. എന്തുതന്നെ ആണെങ്കിലും പൊതുമധ്യത്തിൽ ഈ പരീക്ഷകളുടെ വിശ്വാസ്യത

വീണ്ടെടുക്കേണ്ടതുണ്ട്. അതിനുവേണ്ടി സമഗ്രമായ സമരമുറകൾ യുവജന പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും വരുന്നുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ രാജി ആവശ്യപ്പെടുന്നതടക്കമുള്ള നടപടികളുമായി മുന്നോട്ട് പോകണം. അതിനുശേഷം ഇതിൽ സമഗ്രമായ അന്വേഷണം നടത്തണം. അസിസ്റ്റന്റ് പ്രൊഫസർ, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് തുടങ്ങിയ തസ്തികകളിലേയ്ക്കുള്ള UGC-NET പരീക്ഷയുടെ ചോദ്യപേപ്പറും ലീക്കായി. അങ്ങനെ അതും ക്യാൻസൽ ചെയ്യേണ്ടിവന്നു. 'വ്യാപം' അഴിമതിയെ കുറിച്ച് നമുക്കറിയാം. മധ്യപ്രദേശിൽ ഇതിനുമുൻപ് വ്യാപകമായ അഴിമതി നടന്നു. അന്നും കുട്ടികളുടെ ഭാവി തുലച്ചു. ഇത്തരത്തിലുള്ള വീഴ്ചകൾ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇലക്ടറൽ ബോണ്ടിന്റെ കാര്യം പറഞ്ഞു. നമ്മുടെ നാട്ടിൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ട്രേഡുകളിൽ പ്രധാനമന്ത്രിയൊക്കെ ഇടപെടുമെന്ന് നമ്മൾ ചിന്തിച്ചിട്ടുപോലുമില്ല. ഇപ്പോൾ അതെല്ലാം പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്. അഴിമതി സ്ഥാപനവൽകരിക്കുക എന്ന അജണ്ടയുമായി ബി.ജെ.പി. ഗവൺമെന്റ്

മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. വിറ്റുവിറ്റ് രാജ്യത്ത് വിൽക്കാവുന്നതെല്ലാം വിറ്റു. ഇപ്പോൾ കുട്ടികളുടെ ചോദ്യപേപ്പറും അവരുടെ അദ്ധ്വാനങ്ങളും വിറ്റ് കാശാക്കുന്ന തരംതാഴ്ന്ന നിലപാടിലേയ്ക്ക് പോകുന്ന കേന്ദ്ര ഭരണത്തിനെതിരെ ജനരോഷമുണ്ടാകണം. മാധ്യമങ്ങളും മതേതര ജനാധിപത്യ വിശ്വാസികളും ഒരുമിച്ച് നിന്നുകൊണ്ട് ഇത് പൊതുമധ്യത്തിൽ കൊണ്ടുവരിക എന്നുള്ള അനിവാര്യതയ്ക്കുവേണ്ടി ഒരിക്കൽക്കൂടി ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അഴിമതി പരീക്ഷകൾ കണ്ട് ഞെട്ടിത്തരിച്ച് നിൽക്കുന്ന ഇന്ത്യൻ വിദ്യാർഥി സമൂഹത്തിന്റെ ആശങ്കയുടെ നടുവിൽ കേരള നിയമസഭ ഇപ്രകാരം ഈ വിഷയത്തെക്കുറിച്ച് സുപ്രധാനമായ ഒരു ചർച്ച നടത്താൻ മുന്നോട്ടുവന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറെ ആദ്യംതന്നെ ഞാൻ അഭിനന്ദിക്കുന്നു.

ഈ വിഷയത്തിന്റെ ഗൗരവം പരിശോധിക്കുമ്പോൾ, ഒരു പൊതുപ്രവേശന പരീക്ഷ നടത്താൻപോലും കഴിയാത്ത കേന്ദ്രസർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്ത് തികഞ്ഞ പരാജയമാണെന്ന്

തെളിയിച്ചിരിക്കുന്നതാണ് ഈ സംഭവങ്ങളിലൂടെയെല്ലാം പുറത്ത് വരുന്നത്. ഇതിൽ സുപ്രീംകോടതി നടത്തിയ പരാമർശങ്ങൾ എനിക്കുമുമ്പ് സംസാരിച്ച പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. രാജ്യത്തെ അന്താരാഷ്ട്ര സമൂഹത്തിന് മുമ്പിൽ നാണംകെടുത്തുന്നതും ഇക്കാലമത്രയും കേട്ടിട്ടില്ലാത്തതുമായ വലിയൊരു അഴിമതിയായി ദേശീയ പ്രവേശന പരീക്ഷകൾ മാറിയിരിക്കുന്നു; എൻ.ടി.എ.-യുടെ പരീക്ഷാ പിഴവുകളുടെയും അഴിമതി പരീക്ഷകളുടെയും കെടുതികൾ ലക്ഷക്കണക്കിന് വിദ്യാർഥികളെയാണ് ഇന്ന് വലച്ചിരിക്കുന്നത്. പുതിയ തലമുറയ്ക്ക് ഭാവിയിലേയ്ക്കുള്ള വാതിലാണ് എല്ലാ നിർണ്ണായക പരീക്ഷകളും. എന്നാൽ പരീക്ഷാ നടത്തിപ്പിലെ കള്ളക്കളികൾ ലക്ഷക്കണക്കിന് വിദ്യാർഥികളെ കണ്ണീരിലാഴ്ത്തുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. ദേശീയ പരീക്ഷാ ഏജൻസിയുടെ പിഴവുകൾ പല പരീക്ഷകളെയും ബാധിക്കുമ്പോഴും കേന്ദ്ര സർക്കാർ മൗനം പാലിക്കുകയാണ്. ഈ ദുരവസ്ഥയുടെ മുമ്പിൽ രാജ്യത്ത് കുറ്റമറ്റ നിലയിൽ ഈ പരീക്ഷാ സംവിധാനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന ശക്തമായ ഇടപെടലുകളാണ് ഉണ്ടാകേണ്ടത്.

സി.ബി.ഐ. അന്വേഷണത്തിലൂടെ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം പുറത്ത് വരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു. കുറ്റമറ്റ നിലയിൽ പരീക്ഷാ സംവിധാനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്വതന്ത്ര സംവിധാനമായ എൻ.ടി.എ. ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ പരീക്ഷാ ഏജൻസിയായാണ് അറിയപ്പെടുന്നത്. ഈ പെരുമയ്ക്ക് ചേരുന്ന വിധത്തിലുള്ള ഉത്തരവാദിത്വം ആ ഏജൻസിക്ക് ഇല്ലാതെ പോയതിന്റെ കെടുതിയാണ് ഇന്ന് രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. രാജ്യത്തെ അക്കാദമിക് കലണ്ടറിനെത്തന്നെ തകിടം മറിക്കുന്ന പിഴവുകളാണ് സംഭവിച്ചിരിക്കുന്നത്. പുതുതലമുറയുടെ ഭാവിയുടെ ദിശാസൂചികയാണ് ഉന്നത വിദ്യാഭ്യാസ മേഖലയെന്ന തിരിച്ചറിവ് ഉണ്ടായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ക്രമക്കേടുകളിലേയ്ക്ക് ഒരിക്കലും ഈ പരീക്ഷാ സംവിധാനം പോകുമായിരുന്നില്ല. നേർവഴിയിലൂടെ മാത്രം സഞ്ചരിക്കുകയും നന്നായി പഠിച്ച് പരീക്ഷ എഴുതുകയും ചെയ്യുന്ന വിദ്യാർഥികളെ ആശങ്കയുടെ മുൾമുനയിലാക്കുകയും പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക്

വലിച്ചെറിയുകയും ചെയ്യുന്ന പരീക്ഷാ നടത്തിപ്പായി നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷ മാറി എന്നുള്ളത് രാജ്യത്തിനുതന്നെ അപമാനകരമാണ്.

എൻ.ടി.എ. നടത്തിയ വിവിധ പരീക്ഷകളിൽ ചെറുതും വലുതുമായ പല പിഴവുകളും ഇതിനുമുമ്പും സംഭവിച്ചിട്ടുണ്ട്. എന്നാൽ രാജ്യത്ത് ഏറ്റവുമധികം വിദ്യാർഥികൾ എഴുതുന്ന മത്സരപരീക്ഷയായ NEET-UG-യുമായി ബന്ധപ്പെട്ട് ഇക്കുറിയുണ്ടായ വിവാദങ്ങളാണ് ഈ പിഴവുകൾ പുറത്ത് കൊണ്ടുവരാനും രാജ്യം കൂടുതൽ ശ്രദ്ധിക്കാനും ഇടയാക്കിയത്. ഗുരുതരമായ ക്രമക്കേടുകൾക്ക് വഴിയൊരുക്കിയ പിഴവുകൾ പരിശോധിക്കുമ്പോൾ എന്തെല്ലാം പ്രശ്നങ്ങളാണ് ഇതിന്റെ ഭാഗമായി സംഭവിച്ചിട്ടുള്ളത്; എൻ.ടി.എ.-യുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതിന്റെ ഏറ്റവും അനിവാര്യതയാണ് ഇപ്പോൾ വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ചോദ്യ കടലാസ് തയ്യാറാക്കുന്നതിലും രഹസ്യാത്മകത സൂക്ഷിക്കുന്നതിലും പരീക്ഷാ കേന്ദ്രങ്ങളുടെ ഒരുക്കം സജ്ജമാക്കുന്നതിലും മൂല്യനിർണ്ണയം തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ

പലയിടത്തും എൻ.ടി.എ.-ക്ക് വീഴ്ച സംഭവിച്ചതായിട്ടാണ് കാണാൻ കഴിയുക. പരീക്ഷയ്ക്ക് പഠിച്ചില്ലെങ്കിലും പണമുണ്ടെങ്കിൽ അഴിമതിയിലൂടെ മുഴുവൻ മാർക്കും ലഭ്യമാക്കുന്ന തട്ടിപ്പുകാരുടെ ഗൂഢസംഘങ്ങൾ ഈ പരീക്ഷകളുടെ പിതൃത്വം ഏറ്റെടുത്തിരിക്കുന്നു എന്നുള്ളത് ആശങ്കയോടെയാണ് നമുക്ക് ഇന്ന് കാണാൻ കഴിയുക. അതുകൊണ്ടുതന്നെ ഇത്രയും ഗുരുതരമായ ഈ പ്രശ്നത്തിന്റെ മുമ്പിൽ കേന്ദ്ര സർക്കാരിന്റെ കണ്ണ് തുറപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ശക്തമായ ഇടപെടൽ രാജ്യത്തെമ്പാടും പ്രക്ഷോഭങ്ങളിലൂടെ ഇന്ന് ഉയർന്നുവന്നിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യം രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവിയെയാണ് തുലാസിലാക്കുന്നത് എന്ന യാഥാർഥ്യം കേന്ദ്ര സർക്കാരിന്റെ കണ്ണ് തുറപ്പിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വിദ്യാർഥികളുടെ ആശങ്കകൾക്ക് മറുപടി നൽകാനും സാധിച്ചില്ലെങ്കിൽ എൻ.ടി.എ.-യുടെ വിശ്വാസ്യതതന്നെ തകരുമെന്ന കാര്യത്തിൽ സംശയമില്ല. രാജ്യത്തെ മത്സര പരീക്ഷകളുടെ മാത്രമല്ല, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽനിന്നും പുറത്തിറങ്ങുന്ന വിദ്യാർഥികളുടെ മികവും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയാണ് ഇതിലൂടെ

ഉണ്ടാകുന്നത്. ഇത്തരമൊരു ദുരന്തപൂർണ്ണമായ സാഹചര്യത്തിന് പരിഹാരം കാണാൻ കേന്ദ്ര സർക്കാരിന്റെ അടിയന്തരമായ ഇടപെടലുണ്ടാകണം. പുതിയ തലമുറയോടുള്ള പ്രതിബദ്ധതയോടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്രസർക്കാരും കേന്ദ്ര പരീക്ഷാ ഏജൻസിയും നടപടി സ്വീകരിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ട് തുടങ്ങട്ടെ, 2022-ൽ പത്രത്തിൽ വന്ന ഒരു വാർത്ത ഇങ്ങനെയായിരുന്നു 'നീറ്റ് പരീക്ഷ, പെൺകുട്ടിയുടെ അടിവസ്ത്രമഴിപ്പിച്ചു.,' കേരളത്തിൽ നമ്മൾ എല്ലാവരും നാണംകെട്ടുപോയ ഒരു വാർത്തയായിരുന്നു. പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടിരുന്നു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സംഭവത്തിലുള്ള അതൃപ്തി കേന്ദ്രത്തെ അറിയിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്തിരുന്നു. ഇതുപോലെയുള്ള മത്സര പരീക്ഷകൾ നമ്മുടെ പെൺകുഞ്ഞുങ്ങൾ ഉൾപ്പെടെ ധാരാളം കുട്ടികൾ എഴുതുന്നതാണ് . ദേശീയതലത്തിലെ മത്സര

പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്താനായി കൊട്ടിഘോഷിച്ചുകൊണ്ട് NEET പരീക്ഷാ നടത്തിപ്പിന് കേന്ദ്രം NTA എന്നൊരു സംവിധാനമുണ്ടാക്കുന്നു, National Testing Agency എന്ന NTA ഇന്ന് 'നാഷണൽ തട്ടിപ്പ് ഏജൻസി'-ആയി മാറിയിരിക്കുന്നു, Non Trust Agency ആയിക്കഴിഞ്ഞിരിക്കുന്നു. ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം മുതൽ സംസാരിച്ച എല്ലാവരും കണക്കുകൾ നിരത്തിക്കൊണ്ട് വിഷയം ചർച്ച ചെയ്തിരിക്കുകയാണ്, ഞാൻ മറ്റുചില കാര്യങ്ങൾ പറയാനാണ് ആഗ്രഹിക്കുന്നത്. കേന്ദ്രഗവൺമെന്റ് വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും സ്വകാര്യവത്കരണത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ സർവ്വകലാശാലകൾ ഉൾപ്പെടെ സ്വാശ്രയ-സ്വയംഭരണ സർവ്വകലാശാലകൾക്ക് യഥേഷ്ടം അനുമതി നൽകിക്കൊണ്ടിരിക്കുകയാണ്, എല്ലാമേഖലയിലും കോർപ്പറേറ്റ്വത്കരണം നടത്തുന്ന കേന്ദ്രഗവൺമെന്റിൽനിന്നും ഇതിൽക്കൂടുതൽ നീതി പ്രതീക്ഷിക്കാനുണ്ടോ എന്ന ആശങ്കയും ഈ സഭയെ അറിയിക്കുകയാണ്. കോർപ്പറേറ്റ് ദാസന്മാർതന്നെ രാജ്യം ഭരിക്കുമ്പോൾ ഇതൊക്കെ സ്വാഭാവികമായും പ്രതീക്ഷിക്കാം. കോവിഡ് മഹാമാരിക്കാലത്ത്

പ്ലേറ്റ് കൊട്ടാൻ പറഞ്ഞ ഭരണാധികാരി തന്നെയാണ് ഇന്നും രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്, പന്തംകൊളുത്തി വച്ചാൽ കൊറോണ വൈറസ് ഓടിപ്പോകുമെന്ന് പറഞ്ഞവരാണ് രാജ്യം ഭരിക്കുന്നത്, പാണ്ഡവ-കൗരവ യുദ്ധത്തിൽ ഇന്റർനെറ്റ് ഉപയോഗിച്ചിരുന്നുവെന്ന് പുതിയ തലമുറയോട് പറഞ്ഞവരാണ് രാജ്യം ഭരിക്കുന്നത്, ഗണപതിയുടെ തല പ്ലാസ്റ്റിക് സർജറി ചെയ്തതാണെന്ന് പ്രധാനമന്ത്രിതന്നെ വിളിച്ചുപറഞ്ഞിരിക്കുന്നു, ലിംഗമാറ്റ ശസ്ത്രക്രിയ 'ശിഖണ്ഡിയുടെ' കാലത്തേ തുടങ്ങിയെന്ന് പറയുന്നു, മയിൽ ഗർഭം ധരിക്കുന്നത് കണ്ണുനീരിൽനിന്നാണെന്ന് പറയുന്നു! ഇത്തരത്തിലുള്ള അന്ധവിശ്വാസവും അനാചാരവും പ്രചരിപ്പിക്കുകയും ഒരുതരത്തിലും തിരിച്ചറിവ് തൊട്ടുതീണ്ടാത്ത സ്റ്റേറ്റ്മെന്റുകൾ ഉത്തരവാദപ്പെട്ടവർതന്നെ രാജ്യമാകെ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുകയാണ്. ലക്ഷ്യം തിരിച്ചറിഞ്ഞ്, ആക്രമണം നടത്തിയശേഷം തിരിച്ചെത്തുന്ന വിഷ്ണുചക്രം എന്ന മിസൈലുകൾ ഭാരതീയർക്കുണ്ടായിരുന്നതായും രാവണന് ഇരുപത്തിനാല് തരം വിമാനങ്ങളുണ്ടായിരുന്നുവെന്നും യൂണിവേഴ്സിറ്റിയിൽ സയൻസ് കോൺഗ്രസ് നടക്കുമ്പോൾ ഭരണാധികാരികൾതന്നെ പറയുന്നു എന്നതാണ് ഇതിലും

അതിശയകരമായ കാര്യം. ബ്രഹ്മാവാണ് ദിനോസറുകളെ കണ്ടുപിടിച്ചതെന്ന് പ്രചരിപ്പിക്കുന്നു. 'ആൽബർട്ട് ഐൻസ്റ്റീനും ഐസക് ന്യൂട്ടണും' ഗുരുത്വാകർഷണത്തെക്കുറിച്ച് പറഞ്ഞതെല്ലാം തെറ്റായിരുന്നുവെന്ന് അവർ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. 'ഗുരുത്വതരംഗങ്ങളുടെ' പേര് 'നരേന്ദ്രമോദി തരംഗങ്ങൾ' എന്നാക്കണമെന്ന് ശാസ്ത്ര കോൺഗ്രസിൽ പറയുന്നു, നാം കടന്നുപോകുന്നത് എന്തുതരം അവസ്ഥയിലൂടെയാണെന്ന് ഓർക്കണം. പശുവിന്റെ ചാണകം, പാല്, മൂത്രം തുടങ്ങിയ വിഷയങ്ങളാണ് അവർ ഇന്ന് ചർച്ചചെയ്തുകൊണ്ടിരിക്കുന്നത്. ഇവയിൽനിന്നുണ്ടാക്കുന്ന മരുന്നുകൊണ്ട് കാൻസർ രോഗം സുഖപ്പെടുമെന്ന്, ആധുനിക വൈദ്യശാസ്ത്രത്തെ തള്ളിക്കൊണ്ട് ഇവർ വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കുന്നു. അന്തരീക്ഷ മലിനീകരണം തടയാനായി യാഗംചെയ്യുന്നു! ഇത്തരമൊരു കാലത്താണ് ഇരുപത്തിനാല് ലക്ഷത്തോളം വരുന്ന കുഞ്ഞുങ്ങൾ, നാളെ ആരോഗ്യ രംഗത്ത് സ്തുത്യർഹമായ സേവനം ചെയ്യുക എന്ന അവരുടെ ഏറ്റവും വലിയ സ്വപ്നത്തിനായി മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നത്. ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം എം. വിജിൻ സംസാരിക്കുമ്പോൾ, ശ്രീ. എച്ച്. സലാം

എം.എൽ.എ.യുടെ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട ഒരു കുഞ്ഞ് പറഞ്ഞ വാക്കുകൾ ഇവിടെ എടുത്തുപറയുകയുണ്ടായി. എന്റെ സഹോദരിയുടെ മകളും എൻട്രസ് പരീക്ഷ എഴുതി ആറ് വർഷംകൊണ്ട് എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി മിടുക്കിയായ ഡോക്ടറായി പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുമ്പോൾ, കുറേക്കൂടി നന്നായി തുടർപഠനം നടത്തണമെന്ന് കരുതിയാണ് 'നീറ്റ് പി.ജി. ' പരീക്ഷ എഴുതാൻ അപേക്ഷിച്ചത്. അവൾ വളരെ വേദനയോടെ എന്നോട് പങ്കുവച്ച ഒരു കാര്യമുണ്ട്, 'നീറ്റ് പി.ജി.' പരീക്ഷ എഴുതുന്നത് പ്രൊഫണലുകളാണെന്ന കാര്യം നമ്മൾ ഓർക്കണം. 'നീറ്റ് യു.ജി.' പരീക്ഷ എഴുതുന്നത് പ്ലസ് ടു കഴിഞ്ഞ കുട്ടികളാണ്. എന്നാൽ ഏഴ് വർഷത്തോളമുള്ള കഠിനമായ പഠനം കഴിഞ്ഞ് അവരുടെ ജീവിതം കരുപ്പിടിപ്പിച്ച പ്രൊഫഷണലുകളാണ് പി.ജി. എൻട്രസ് എഴുതുന്നത്. ഇതിൽത്തന്നെ കുറേയേറെ പണം ഇൻവെസ്റ്റ് ചെയ്ത് പഠിക്കുന്നവരുണ്ട്, മെറിറ്റടിസ്ഥാനത്തിൽ സീറ്റ് കിട്ടി പഠിക്കുന്നവരുണ്ട്, കടമെടുത്ത് പഠനം നടത്തിയവരുണ്ട്, വിദേശത്ത് പഠിക്കുന്നവരുണ്ട്, ഇവരെല്ലാം അവരുടെ പഠനത്തിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് കടക്കാനുള്ള ശ്രമമാണ്. ആരോഗ്യ രംഗത്ത്, അതായത് നമ്മുടെ

നാട്ടിൽ ധാരാളം എക്സ്പെർട്ടുകളെ ആവശ്യമുള്ള മേഖലകളിലേയ്ക്ക് ജോലി ലഭിക്കാനുള്ള പഠനത്തിനായാണ് അവർ ഇത്തരത്തിലുള്ള പരീക്ഷകൾ എഴുതുന്നത്. 'നീറ്റ് പി.ജി.' പരീക്ഷ മേയ് 5-ാം തീയതി നടത്തുമെന്ന് പറഞ്ഞിരുന്നു, അത് മാറ്റിവച്ചുവെന്ന് പെട്ടെന്ന് പറയുന്നു. ഏറ്റവുമാദ്യം പറഞ്ഞ തീയതി മാർച്ച് 3 എന്നായിരുന്നു. മേയ് മാസം 5-നാണെന്നും പിന്നീട് ജൂൺ 23 -ന് നടക്കുമെന്നും പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ എല്ലാതരത്തിലുമുള്ള ജനദ്രോഹ കലാപരിപാടികളും നടക്കുന്നത് അർദ്ധരാത്രിയിലാണ്. അതുപോലെതന്നെ ജൂൺ 23-ാം തീയതി അർദ്ധരാത്രി, ഇതാ, 'നീറ്റ് പി.ജി.' പരീക്ഷ റദ്ദ് ചെയ്തിരിക്കുന്നുവെന്ന് ഒരു മടിയുമില്ലാതെ വിളിച്ചുപറയുകയാണ്. കൊട്ടിഘോഷിക്കപ്പെടുന്ന, 56 ഇഞ്ച് നെഞ്ചളവുള്ള ആൾ രാജ്യം ഭരിക്കാൻ വരുമ്പോൾ, മാറ്റങ്ങളുണ്ടാകും എന്ന് പ്രചരിപ്പിക്കപ്പെട്ടുമ്പോൾ, എനിക്ക് പ്രിയപ്പെട്ട മാധ്യമ സുഹൃത്തുക്കളോട് പറയാനുള്ളത് ഇതാണ്, നേരത്തെ സംസാരിച്ച അംഗങ്ങളും പറഞ്ഞതുതന്നെയാണ്, ഒരുവിധം എല്ലാ മാധ്യമങ്ങളിലും ഇതുസംബന്ധിച്ച വാർത്തകൾ വിന്നിട്ടുണ്ട്. ഇവിടെ പ്ലസ്ടു സീറ്റ് കുറഞ്ഞാൽ മാധ്യമങ്ങൾ പറയുന്നത് കേരളത്തിലെ വിദ്യാഭ്യാസ മേഖല

ഇതാ തകർന്നടിഞ്ഞിരിക്കുന്നു എന്നാണ്. എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കും, ജനിച്ചുവീണ് പഠിക്കാൻ പ്രായമായ എല്ലാ കുട്ടികൾക്കും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുമെന്ന് ഭരണഘടന പറയുന്നത് കൃത്യമായി പാലിക്കപ്പെടുന്ന നാടാണ് നമ്മുടെ കേരളം. ഇവിടെയുള്ള ഒരു ചെറിയ കാര്യംപോലും വലിയ രീതിയിൽ കൊട്ടിഘോഷിക്കുന്ന പ്രിയപ്പെട്ട മാധ്യമ സുഹൃത്തുക്കളേ നിങ്ങൾ മാധ്യമങ്ങളിൽ നീറ്റ് സംബന്ധിച്ച വാർത്തകൾ എഴുതിയിട്ടുണ്ടെങ്കിലും ഒരിടത്തുപോലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയെയോ കേന്ദ്രഗവൺമെന്റിനെയോ കുറിച്ച് ഒരു വാക്കുപോലും പറയാൻ തയ്യാറായില്ല എന്നത് നമ്മളെയെല്ലാം ഭയപ്പെടുത്തുന്ന ഒരു കാര്യമാണ്. ആലപ്പുഴയിൽ, പ്രളയകാലത്ത് 70 രൂപ ഒരു ഓട്ടോറിക്ഷക്കാരന് കൊടുത്തത് സംബന്ധിച്ച തർക്കംകൊണ്ടുണ്ടായ കേസിൽ ഞങ്ങളുടെ ഒരു പാവം സഖാവായ ഓമനക്കുട്ടനെ വേട്ടയാടിക്കൊണ്ട് മാധ്യമങ്ങൾ കൊടുത്ത വാർത്തകണ്ട് ഞങ്ങളൊക്കെ ഭയന്നുപോയിരുന്നു. എന്നാൽ ഇന്ന് ഞങ്ങൾ അഭിമാനത്തോടെ പറയട്ടെ, ആ പാവം മനുഷ്യന്റെ മകളും എൻട്രസ് എഴുതി വിജയിച്ച് പഠിച്ച് ഇന്ന്

ഡോക്ടറായിക്കഴിഞ്ഞിരിക്കുന്നു. നേരത്തെയുണ്ടായിരുന്ന മത്സരപരീക്ഷയുടെ വിശ്വാസ്യത അതായിരുന്നു. നമ്മുടെ പെൺമക്കളുടെ വസ്ത്രം അഴിച്ചുവരെ പരിശോധിച്ച്, അത്രയധികം ക്രിയാത്മകമാണ് പരീക്ഷാ നടത്തിപ്പെന്ന് വരുത്തിത്തീർത്തവരാണ് ഇന്ന് നടന്ന വലിയ തട്ടിപ്പിന്, അഴിമതിക്ക് കൂട്ടുനിൽക്കുന്നത്. എന്നാൽ കേന്ദ്രം അതിനെയെല്ലാം വളരെ നിസ്സാരമായി കാണുകയാണ്. ഈ വിഷയത്തിൽ  വലിയ ഒരപകടം നടന്നുവെന്ന ധാരണപോലും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്നില്ല. ഈ വിഷയത്തോട് അൽപ്പമെങ്കിലും നീതി പുലർത്തിയും കൃത്യമായും വാർത്തകൾ കൊടുത്തത് 'ദീപിക' ദിനപത്രം മാത്രമാണ്. ദേശാഭിമാനി ദിനപത്രം എഴുതുമ്പോൾ സ്വാഭാവികമായും പ്രതിപക്ഷാംഗങ്ങൾ വിമർശിക്കുമല്ലോ. മാധ്യമങ്ങളിൽ വാർത്ത വന്നുവെന്ന രീതിയിലാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചത്. മാധ്യമങ്ങൾ സത്യം പൊതിഞ്ഞുവച്ച് മധുരതരമായി വാർത്തകൊടുത്തിട്ട് കാര്യമില്ല. ഏത് വിഷയമായാലും കൃത്യമായി ഐഡന്റിഫൈ ചെയ്ത്, അഡ്രസ് ചെയ്താായിരിക്കണം വാർത്തകൾ കൊടുക്കേണ്ടത്. 'നീറ്റ് പി.ജി.' 'നീറ്റ് യു.ജി.' 'നെറ്റ്' പരീക്ഷകളിലെല്ലാം

സംഭവിച്ച പ്രശ്നങ്ങളെക്കുറിച്ച് എല്ലാവരും സംസാരിച്ചു, 'നെറ്റ്' പരീക്ഷ റദ്ദ് ചെയ്തിരിക്കുകയാണ്. നമ്മുടെ കോളേജ് അധ്യയന രംഗത്തേയ്ക്ക് കടന്നുവരേണ്ട, പിഎച്ച്.ഡി. ബിരുദധാരികളായിത്തീരേണ്ട മിടുക്കരായ അധ്യാപകരെ വാർത്തെടുക്കേണ്ട പരീക്ഷയുടെ ഗതിയും ഇത്തരത്തിൽ ആയിരിക്കുകയാണ്. ഉന്നത വിദ്യാസ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ആർ. ബിന്ദു സഭയിൽ ഉണ്ട്, ഈ ജൂലൈ മാസത്തിൽ കേരളത്തിൽ നാല് വർഷ ബിരുദ കോഴ്സുകൾ തുടങ്ങാനിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ നമ്മൾ പുതിയ രീതിയിൽ വാർത്തെടുക്കുകയാണ്. വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽപ്പോലും വലിയ പദ്ധതികൾ പ്രഖ്യാപിക്കുകയാണ്, അവയെല്ലാം ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള പരിപാടികളുമായി മുമ്പോട്ടുപോകുകയാണ്. ഈ കുഞ്ഞുങ്ങൾ തങ്ങളുടെ ജീവിതത്തിലെ സന്തോഷങ്ങൾ ത്യജിച്ചവരാണ്. കഴിഞ്ഞ എത്രയോ കാലമായി പഠനത്തിൽ മാത്രം ശ്രദ്ധകൊടുക്കുന്നതിനാൽ ഒരു ആഘോഷത്തിൽപ്പോലും ഈ മക്കൾക്ക് പങ്കെടുക്കാൻ സാധിക്കാറില്ല. അവർ ഒരു ഉന്നതലക്ഷ്യത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. പരീക്ഷയെഴുതിയ

ഒരു കുട്ടി എന്നോട് പറഞ്ഞത് 'ഞങ്ങൾ ശരിക്കും ഈ രാജ്യത്തിന്റെ ഇൻവിസിബിൾ പില്ലേഴ്സ് അല്ലേ,' 'ഞങ്ങളല്ലേ ഈ രാജ്യത്തെ ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കുന്നത് ', കഷ്ടപ്പെട്ട് പഠിച്ച് നിങ്ങളുടെ ആരോഗ്യം നോക്കാൻ ഞങ്ങൾ വരുന്നില്ലേ' എന്നാണ്. അതിനായി അവർ ഊണും ഉറക്കവും ആഘോഷങ്ങളും മറ്റെല്ലാകാര്യങ്ങളും ഒഴിവാക്കിയാണ് ഇതിലേയ്ക്ക് വരുന്നത്. ആ കുട്ടികൾക്ക് രാജ്യത്തെ ഗവൺമെന്റിൽ പ്രതീക്ഷയില്ലാതായിരിക്കുന്നു. എന്നെ മാത്രമല്ല, നിങ്ങളെ എല്ലാവരെയുംതന്നെ അതിശയിപ്പിച്ച കാര്യം ഈ ക്രമക്കേട് കണ്ടെത്തിയത് കുട്ടികൾ തന്നെയാണ് എന്നതാണ്. ഇതിലെ ഏറ്റവും രസകരമായ കാര്യവും അതുതന്നെയാണ്. നമ്മുടെ രാജ്യത്ത് വലിയ ഏജൻസികൾ ഉണ്ട്, നമ്മുടെ കേരളത്തിലേയ്ക്ക് എന്നും ഏജൻസികളുടെ വരവാണ്. ഈ അന്വേഷണ ഏജൻസികളൊന്നും ഈ ക്രമക്കേട് കണ്ടില്ലെന്നതാണ് ഏറ്റവും നാണംകെട്ട കാര്യം. കുഞ്ഞുങ്ങൾ തന്നെയാണ് സംശയം പ്രകടിപ്പിച്ചത്. ഇവിടെ എന്തൊക്കെയോ നടന്നിട്ടുണ്ടെന്ന് കുട്ടികൾക്ക് തോന്നലുണ്ടായി, ഫുൾ മാർക്ക് കിട്ടിയതിൽ അവർ സംശയം പ്രകടിപ്പിച്ചു, ആ വിഷയവും എല്ലാവരും പറഞ്ഞുകഴിഞ്ഞതാണ്.

ഒരിക്കലും ഇത്തരം പരീക്ഷകളിൽ ഫുൾ മാർക്ക് കിട്ടാൻ സാധ്യതയില്ലാത്തതാണ്. കുട്ടികൾ എന്നോട് പറഞ്ഞത്, ഫുൾ മാർക്ക് ലഭിച്ചെങ്കിൽ ഒന്നുകിൽ മരമണ്ടന്മാർ മാർക്കിടണം, അതല്ലെങ്കിൽ അവിടെ തീർച്ചയായും ഏതെങ്കിലും തരത്തിലുള്ള അഴിമതി നടന്നിട്ടുണ്ടാകണം എന്നാണ്. കോപ്പിയടിച്ചും ചോദ്യപേപ്പർ ചോർത്തിയും മെഡിക്കൽ ഫീൽഡിൽ കുട്ടികളെ കൊണ്ടുവരുന്നതിന്റെ അപകടംകൂടി നമ്മൾ കാണാതെപോകരുത്. കാരണം ഇവരാണ് ഭാവിയിൽ നമ്മെ ചികിത്സിക്കേണ്ടത്, അങ്ങനെയുള്ളവർ കോപ്പിയടിച്ചും ചോദ്യപേപ്പർ ചോർത്തിയും വരാൻ പറ്റില്ല. അതുപോലെതന്നെ പ്രധാനമാണ് കുട്ടികളുടെ മെന്റൽ ഹെൽത്ത്, ആരാണ് ഇതിനൊക്കെ സമാധാനം പറയുക; കുട്ടികളുടെ മാനസികാരോഗ്യത്തെ ഈ പ്രശ്നങ്ങൾ ബാധിക്കില്ലേ; പരീക്ഷയ്ക്കായി അവർ അത്രയധികം പ്രിപ്പറേഷൻസ് നടത്തിയതല്ലേ? പതിനായിരക്കണക്കിന് രൂപ ചെലവഴിച്ചാണ് വിദേശത്തുനിന്നും പല കുട്ടികളും നാട്ടിലേയ്ക്ക് എൻട്രസ് പരീക്ഷ എഴുതാനായി വരുന്നത്. അപ്പോഴാണ് കേന്ദ്രസർക്കാർ ഇത്തരത്തിൽ കുഞ്ഞുങ്ങളോട് വിവേചനം കാണിച്ചിരിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ

ദേശീയ ഏജൻസിയുടെ വിശ്വാസ്യത തകർന്നുപോയിരിക്കുന്നു. തനതായും സുസജ്ജമായും ഇത്തരം പരീക്ഷകൾ നടത്താനുള്ള മിടുക്ക് സംസ്ഥാനങ്ങൾക്കുണ്ട്, അതെല്ലാം പുനർവിചിന്തനം ചെയ്യേണ്ട കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്.

കേന്ദ്രസർക്കാരിന് മൊത്തത്തിൽ ചോർച്ചയുടെ കാലമാണെന്ന് തോന്നുന്നു. ജൂൺ 4-ാം തീയതി ആയപ്പോഴേയ്ക്കും നന്നായി വോട്ട് ചോർന്നിട്ടുണ്ട്, 400 സീറ്റ് ലഭിക്കുമെന്ന് പറഞ്ഞെങ്കിലും അതും ചോർന്നു, അതിനുശേഷം ഇന്നലെ പുറത്തുവന്ന വാർത്തയിൽ പറഞ്ഞിരിക്കുന്നത് 1800 കോടി രൂപ ചെലവഴിച്ച് കൊട്ടിഘോഷിച്ച് നിർമ്മിച്ച രാമക്ഷേത്രത്തെക്കുറിച്ചാണ്, ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങളുടെ കണ്ണിൽ വർഗ്ഗീയതയുടെ പൊടിയിട്ടുകൊണ്ട്, ഒരു ഏകാധിപതിയെപ്പോലെ, ഇലക്ഷനുമുമ്പ് കൊട്ടിഘോഷിച്ച് നിർമ്മിച്ച രാമക്ഷേത്രം ചോരുന്നുവെന്ന വാർത്തയാണ് ഇന്നലെ പുറത്തുവന്നിരിക്കുന്നത്, അങ്ങനെ നോക്കുമ്പോൾ മൊത്തത്തിൽ ചോർച്ചയുടെ കാലമാണ്. കള്ളങ്ങൾ പറഞ്ഞ് കെട്ടിപ്പൊക്കിയ ഏത് സാമ്രാജ്യവും തകർന്നുവീഴുകതന്നെ ചെയ്യും. കർഷകർക്ക് പിന്നാലെ

ഇന്ത്യയിലെ വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങളും ശക്തമായി തെരുവിലിറങ്ങുന്ന ഒരു കാലമാണ് കേന്ദ്രഗവൺമെന്റിനെ കാത്തിരിക്കുന്നത്. ശ്രീ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. കേരളത്തിലാണ് ആദ്യമായി മെഡിക്കൽ പ്രവേശന പരീക്ഷ എന്നൊരു സിസ്റ്റം വരുന്നത്. പിന്നീട് മറ്റ് പല സംസ്ഥാനങ്ങളിലും ഈ സിസ്റ്റം വരികയുണ്ടായി. അതിനുശേഷം സെൻട്രൽ ക്വാട്ട നിശ്ചയിച്ച് പൊതുപൂൾ ഉണ്ടാക്കിയ സമയത്താണ് സി.ബി.എസ്.ഇ. സംഘടിപ്പിക്കുന്ന ആൾ ഇന്ത്യാ പ്രീ-മെഡിക്കൽ ടെസ്റ്റ് എന്ന പരീക്ഷ വന്നത്. ആ സമയത്ത് സംസ്ഥാന പ്രവേശന പരീക്ഷയുണ്ടായിരുന്നെങ്കിലും AIIMS-ലേയ്ക്കും JIPMER-ലേയ്ക്കും വെവ്വേറെ പരീക്ഷകളാണ് ഉണ്ടായിരുന്നത്. അപ്പോൾ കുട്ടികൾക്ക് ആകെ 9 പരീക്ഷകൾ എഴുതണം. അങ്ങനെ വന്നപ്പോഴാണ് ഇതിനെയെല്ലാം ഏകീകരിച്ചുകൊണ്ട് നീറ്റ് എന്ന സിസ്റ്റം വന്നത്. നീറ്റ് നിലവിൽ വരുന്ന സമയത്ത് AIIMS-നെയും JIPMER-നെയും അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2020-ൽ ഇതിനെയെല്ലാം

ഏകീകരിച്ചുകൊണ്ടാണ് പുതിയൊരു സിസ്റ്റമുണ്ടാക്കി നാഷണൽ ടെസ്റ്റിംഗ് ഏജൻസി നിലവിൽ വന്നത്. അങ്ങനെയാണ് നീറ്റ് പരീക്ഷ ആരംഭിച്ചത്. നിലവിൽ ഏകദേശം 24 ലക്ഷം കുട്ടികളാണ് പരീക്ഷ എഴുതിയത്. എല്ലാവരെയും ആശയക്കുഴപ്പത്തിലാക്കിക്കൊണ്ട് കുട്ടികളുടെ ഭാവി ഇരുളടഞ്ഞതാക്കുന്ന രീതിയിൽ പ്രവർത്തിച്ചവരാണ് നീറ്റ് പരീക്ഷാ നടത്തിപ്പ് ക്രമക്കേടിന്റെ പിന്നിലുള്ളത്. അതിലെ മുഖ്യപ്രതി നാഷണൽ ടെസ്റ്റിംഗ് ഏജൻസി തന്നെയാണ്. മാത്രമല്ല, ചോദ്യപേപ്പറുകൾ ചോർന്നു, 6 ലക്ഷം രൂപയ്ക്ക് ചോദ്യ പേപ്പറുകൾ കിട്ടുമെന്ന അവസ്ഥയും വന്നു. ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ഇത് സംഭവിച്ചതെന്ന് പരിശോധിച്ചപ്പോൾ, ചില പ്രത്യേക ഏരിയകളിലാണ് ഈ ക്രമക്കേട് സംഭവിച്ചതെന്ന് കണ്ടെത്തി. പാട്നയിലും ഗോദ്രയിലും തട്ടിപ്പ് കണ്ടെത്തി. ഹരിയാനയിലെ Jhajjar-ലെ ഹർദയാൽ പബ്ലിക് സ്കൂളിലെ സെന്ററിൽ അഞ്ഞൂറോളം പേർ പരീക്ഷ എഴുതിയതിൽ 6 പേർക്ക് ഫുൾമാർക്കും (720), 2 പേർക്ക് 718-ഉം 719-ഉം മാർക്കുമാണ് ലഭിച്ചത്. നെഗറ്റീവ് മാർക്ക് വരുന്നതുകൊണ്ട് 718-ഉം 719-ഉം മാർക്ക് ലഭിക്കുകയെന്നത് mathematically impossible-ആയ കാര്യമാണ്.

ഗ്രേസ് മാർക്ക് കൊടുത്തതുകൊണ്ടാണ് അത്രയും മാർക്ക് വരാനിടയായതെന്നാണ് NTA പറയുന്നത്. എന്തിനാണ് ഗ്രേസ് മാർക്ക് കൊടുത്തത്? ടൈം ലോസിന്റെ പേരിലാണ് ഗ്രേസ് മാർക്ക് കൊടുത്തിരിക്കുന്നതെന്നാണ് പറയുന്നത്. അങ്ങനെയൊരു വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പറഞ്ഞാണ് ഗ്രേസ് മാർക്ക് കൊടുത്തിരിക്കുന്നത്. എന്നാൽ 2018-ലെ CLAT (Common Law Admission Test)-മായി ബന്ധപ്പെട്ടാണ് ബഹു. സുപ്രീംകോടതിയുടെ വിധിയുണ്ടായിട്ടുള്ളത്. അത് ഓൺലൈൻ പരീക്ഷയാണ്. ഓൺലൈനിൽ ടെക്നിക്കൽ ഡിഫെക്ട് വരുന്ന സമയത്ത് ടൈം ലോസ് ഉണ്ടാകും. എത്ര സെക്കന്റാണ് ടൈം ലോസ്സെന്ന് ആ സോഫ്റ്റ്‌വെയറിൽ കൃത്യമായി കാണാൻ കഴിയും. എന്നാൽ ഓഫ്‌ലൈൻ പരീക്ഷയിൽ ടൈം ലോസ് വരുന്നില്ല, മാത്രമല്ല, ഓഫ്‌ലൈൻ പരീക്ഷ എഴുതുന്നവരുടെ ടൈം ലോസ് കണ്ടുപിടിക്കാൻ സോഫ്റ്റ്‌വെയറുമില്ല. അല്ലെങ്കിൽ സി.സി.ടി.വി. ഫൂട്ടേജ് പരിശോധിക്കേണ്ടി വരും. ഇത് വലിയ ചർച്ചയായതുകൊണ്ട് ഗ്രേസ് മാർക്ക് കൊടുത്തവർക്ക് വീണ്ടും ടെസ്റ്റ് നടത്താനും ടെസ്റ്റ് എഴുതുന്നില്ലെങ്കിൽ ഗ്രേസ് മാർക്ക് കുറച്ചുള്ള

മാർക്ക് പരിഗണിക്കാനും അവസാനം തീരുമാനിച്ചു. ഇത്തരത്തിൽ മണ്ടത്തരം കാണിക്കുന്ന ഇവരെയാണോ ഏജൻസിയാക്കി വച്ചിരിക്കുന്നത് എന്നുള്ളതാണ് ആദ്യത്തെ ചോദ്യം. ഇതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ വരുന്നുണ്ട്. മുൻകാലങ്ങളിലും ഇതുപോലെയായിരുന്നു. Jhajjar-എന്ന സ്ഥലത്തെ ഹർദയാൽ പബ്ലിക് സ്കൂൾ നടത്തുന്ന ആളുടെ പേര് ശ്രീമതി അനുരാധ യാദവ് എന്നാണ്. അവർ അവിടത്തെ ബി.ജെ.പി. നേതാവായ ശേഖർ യാദവിന്റെ കുടുംബത്തിൽപ്പെട്ടവരാണ്. കൂടാതെ Rohtak-ലെ എം.പി.-യുടെ അടുത്ത സുഹൃത്തുമാണ്. എവിടെ നോക്കിക്കഴിഞ്ഞാലും ഇതുമുഴുവൻ ബി.ജെ.പി.യുമായി ബന്ധപ്പെട്ടുതന്നെയാണ് നടന്നിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് ഈ അന്വേഷണം സെൻട്രൽ ഏജൻസി നടത്തുമ്പോൾ അതിൽ എത്രമാത്രം വ്യക്തതയുണ്ടാകുമെന്ന് നമുക്ക് പറയാൻ കഴിയില്ല. പണ്ട് 'വ്യാപം' അഴിമതി നടന്നിരുന്നല്ലോ; അതിൽ അന്നത്തെ മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാനും അദ്ദേഹത്തിന്റെ ഭാര്യയും കുടുംബാംഗങ്ങളുമെല്ലാം ഉൾപ്പെട്ടിരുന്നു. ഈ കേസിന്റെ അന്വേഷണം നടന്നുകൊണ്ടിരുന്നപ്പോൾ, അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ, തെളിവ് കൊടുത്തവർ, പരാതിക്കാർ

ഉൾപ്പെടെ അമ്പതോളം പേർ ദുരൂഹസാഹചര്യത്തിൽ കൊല്ലപ്പെട്ടു. അത്രയും വലിയ ലോബിയാണ് ഇതിലുൾപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ എന്തും സംഭവിക്കാമെന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് കൃത്യമായ അന്വേഷണം വേണമെന്ന് പ്രതിപക്ഷം ശക്തമായി ഉന്നയിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തമിഴ്നാടിൽ 2021-ൽ എ. കെ. രാജൻ എന്ന ജഡ്ജിനെ വച്ച് അവിടത്തെ നീറ്റ് പരീക്ഷയുടെ ഇംപാക്ട് അവർ പരിശോധിച്ചു. അവിടെ കണ്ടെത്തിയ രണ്ട് കാര്യങ്ങൾ, അത് കേരളത്തിന് ബാധകമാണോയെന്നത് ഞാൻ പറയുന്നില്ല...... ഗ്രാമീണരായ കുട്ടികളും പാവപ്പെട്ട കുട്ടികളും ഈ പരീക്ഷയിൽ വളരെ പിന്നിലാണെന്നും അവർക്ക് സാധ്യതകൾ കുറഞ്ഞിരിക്കുന്നുവെന്നും അവിടെ കണ്ടെത്തി. അതുകൊണ്ട് തമിഴ്നാട് സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ വഴി NTA-യ്ക്ക് അവർ ഒരു കത്ത് എഴുതി. അതിൽ പറയുന്നത്, 2017 മുതൽ 2020 വരെയുള്ള സോഷ്യോ ഡെമോഗ്രാഫിക് പ്രൊഫൈൽ എന്താണെന്നും എത്ര പാവപ്പെട്ടവർക്കും ഗ്രാമീണർക്കും നീറ്റ് പ്രവേശനം കിട്ടുന്നുണ്ടെന്നും അറിയണമെന്നാണ്. The Wire Magazine-ൽ എഴുതിയിട്ടുള്ളത് NEET exam

is Anti-Poor, Anti-Minority, Anti-Federal and Anti-Constitution എന്നാണ്. അതുകൊണ്ട് ശ്രീ. ധർമ്മേന്ദ്ര പ്രധാൻ എന്ന പ്രധാനിയെയാണ് നമ്മൾ പുറത്താക്കേണ്ടത് എന്നാണ് ഇതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കാരണം ബി.ജെപി. നിലനിൽക്കുന്ന കാലത്തോളം ഇതിൽ എന്തെങ്കിലും തരത്തിലുള്ള നീതി ലഭിക്കുമെന്നതിനെക്കുറിച്ച് നമുക്കൊരു തരത്തിലും വിശ്വാസ്യതയില്ല. ശ്രീ. രാഹുൽ ഗാന്ധി ഈ കാര്യം വളരെ മുൻകൂട്ടി പറഞ്ഞിരുന്നുവെന്ന് മാത്രമല്ല, അവരുടെ പ്രകടപത്രികയിൽ പറഞ്ഞിട്ടുള്ളത് ‘ We will revisit the policy of centrally-conducted qualifying examinations such as NEET, CUET etc. and make it optional for state Governments to adopt these examinations for admissions or conduct their own examinations meeting the prescribed standards to state-funded and state-approved higher educational institutions" എന്നാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ, നമ്മൾ ഫണ്ട് ചെയ്യുന്ന സ്ഥലത്ത് നമ്മുടെ എക്സാം സിസ്റ്റം തന്നെ വരണമെന്ന് പറയുന്നിടത്തേയ്ക്ക് തിരിച്ചുപോകേണ്ടതുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ കീഴിൽ വരുന്ന AIIMS-ലും

JIPMER-ലും പ്രവേശനം കിട്ടണമെങ്കിൽ നീറ്റ് പരീക്ഷയിൽ പുതിയൊരു സിസ്റ്റമുണ്ടാക്കി, പുതിയൊരു മോണിറ്ററിംഗ് സിസ്റ്റത്തിലൂടെ ആ പരീക്ഷയും എഴുതാൻ കഴിയുന്ന സംവിധാനമുണ്ടാകണം. നമ്മുടെ സ്റ്റേറ്റ് നമ്മുടെ കാര്യം നോക്കണമെന്ന് പറയുന്നൊരു സിസ്റ്റത്തിലേയ്ക്ക് വരാൻ സാധിക്കണം. സെൻട്രൽ പൂൾ വരുന്ന സമയത്ത് അധികവും നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിലെ കുട്ടികൾക്കാണ് നീറ്റ് പരീക്ഷയിലൂടെ അഡ്മിഷൻ ലഭിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ കാര്യം പരിശോധിക്കുകയാണെങ്കിൽ, സംസ്ഥാനം സ്വന്തമായി പ്രവേശന പരീക്ഷ നടത്തിയിരുന്ന സമയത്ത് പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണവും ഇപ്പോഴത്തെ എണ്ണവും നോക്കിയാൽ എത്രമാത്രമുണ്ടെന്ന് നമുക്ക് അറിയാൻ കഴിയും. അതുകൂടി നാം പരിശോധിക്കേണ്ടതുണ്ട്. ഇത് ഗൗരവമായ വിഷയമായതുകൊണ്ടുതന്നെ ഒറ്റക്കെട്ടായി നിന്നുകൊണ്ട് നേരിടേണ്ട കാര്യമാണ്. പേപ്പർ ലീക്കേജ് വരുന്നുണ്ടെന്ന് ബി.ജെ.പി. ഗവൺമെന്റുതന്നെ ഈ തിരഞ്ഞെടുപ്പിന് മുമ്പ് പറയുന്നുണ്ട്. അവർ അത് സമ്മതിക്കുന്നുണ്ട്. പേപ്പർ ലീക്കേജ് ഇല്ലാതാക്കുമെന്ന് മോദി ഗ്യാരന്റിയിൽ പറയുന്നുണ്ട്. ഒരു ചോദ്യപേപ്പറിന് 6

ലക്ഷം രൂപയാണ് വരുന്നത്. ഇതൊരു കച്ചവടമാണ്. ട്യൂട്ടോറിയൽ കോളേജുകളെല്ലാം എൻട്രൻസ് കോച്ചിംഗ് സെന്ററുകളായി മാറിയതിന്റെ വലിയ മത്സരം പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ നടക്കുന്നുണ്ടെന്നതിന്റെ സൂചനയായി ഇതിനെ കാണേണ്ടതുണ്ട്. 720 മാർക്ക് ലഭിച്ച 67 പേരാണ് ഇത്തവണ വന്നിരിക്കുന്നത്. ഫിസിക്സിലും കെമിസ്ട്രിയിലും സ്കൂൾ ലെവലിൽ തോറ്റ കുട്ടിക്ക് എഴുന്നൂറിലധികം മാർക്കാണ് എൻട്രൻസ് പരീക്ഷയ്ക്ക് കിട്ടിയിരിക്കുന്നത്. ഈ പ്രമേയത്തെ ശക്തമായി അനുകൂലിക്കുന്നുവെന്നതിനപ്പുറം നമ്മൾ ഒരുമിച്ചുനിന്നുകൊണ്ട് ഇക്കാര്യത്തിൽ പാർലമെന്റിനകത്തും പ്രശ്നങ്ങളുണ്ടാക്കി മന്ത്രി രാജിവയ്ക്കുന്നതുവരെ പോരാട്ടം തുടരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ബഹുമാന്യനായ എം. വിജിൻ എം.എൽ.എ. അവതരിപ്പിച്ച ചട്ടം 130 പ്രകാരമുള്ള ഈ ഉപക്ഷേപത്തിന് എല്ലാ പിന്തുണയും നൽകുകയാണ്. ശ്രീ. എം. വിജിൻ മുതൽ ഡോ. എം. കെ. മുനീർ സാഹിബ് വരെ ഈ വിഷയത്തിലുന്നയിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. അതോടൊപ്പംതന്നെ സഭാനാഥനായ അങ്ങയേയും സഭാനേതാവായ

ബഹുമാന്യരായ മുഖ്യമന്ത്രിയെയും പ്രതിപക്ഷനേതാവിനെയും ഇത്തരത്തിലൊരു ഉപക്ഷേപം ചർച്ച ചെയ്യാൻ മുൻകയ്യെടുത്തതിന് പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം എന്നത് ഒരു വ്യക്തിയുടെ വളർച്ചയിലും വികാസത്തിലും ജീവിതത്തിലും ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒന്നാണ്. നമ്മളെല്ലാവരും വളർന്നുവരുന്ന വിദ്യാർത്ഥികളുടെ, കുഞ്ഞുങ്ങളുടെ ഭാവി അങ്ങേയറ്റം പ്രതീക്ഷയോടെ നോക്കിക്കാണുന്നവരാണ്. ഇവിടെ ഇന്ന് ഈ ചർച്ച അനുവദിച്ചതിനുശേഷം ഏഷ്യാനെറ്റ് ന്യൂസിൽ ഞാൻ ഒരു വാർത്ത കാണുകയുണ്ടായി. അത് നീറ്റ് പി.ജി. മെരിറ്റ് എക്സാമിനുവേണ്ടി തയ്യാറായ വിദ്യാർത്ഥികളുടെ ഒരു ഇന്റർവ്യൂ ആയിരുന്നു. അതിൽ ചിലർ വളരെ വൈകാരികമായാണ് പ്രതികരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞതുപോലെ, മാസങ്ങളോളം കഠിനമായി കഷ്ടപ്പെട്ട് ഉറക്കമൊഴിഞ്ഞ് പഠിച്ച് ജീവിതത്തിലൊരു ഡോക്ടറാകണം എന്ന ആഗ്രഹവുമായാണ് അവർ ഇതിനൊക്കെ പോകുന്നത്. അപ്പോഴാണ് അറിയുന്നത് ഇതിനെത്തുടർന്ന് ആ പരീക്ഷ മാറ്റിവച്ചിരിക്കുന്നുവെന്ന്. ദൂരസ്ഥലങ്ങളിൽപ്പോയി ഹോട്ടലിൽ റൂമെടുത്ത് താമസിച്ച് കയ്യിൽ കാശുപോലുമില്ലാതെ കഷ്ടപ്പെടുന്ന

സാധാരണക്കാരായ വിദ്യാർത്ഥികളാണവർ. ഇത് ആ വിദ്യാർത്ഥികളുടെ മാത്രം അനുഭവമല്ല. അവർ അനുഭവിക്കുന്ന മാനസിക ബുദ്ധിമുട്ട് വളരെ വലുതാണ്. ഡോ. എം. കെ. മുനീർ സാഹിബ് ഉൾപ്പെടെ എല്ലാവരും ഇവിടെ സൂചിപ്പിച്ച കാര്യമുണ്ട്, നമ്മുടെ നാട്ടിലെ സാധാരണ വിദ്യാർത്ഥിക്ക് നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നീറ്റ് എക്സാമിന്റെ ഭാഗമായി നീതി ലഭ്യമാകില്ല എന്നതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ബി.ജെ.പി. ഗവൺമെന്റ് ദേശീയ വിദ്യാഭ്യാസത്തെ ഒരു political weapon-ആയി ഉപയോഗിക്കുന്നു എന്നാണ് നാം കാണേണ്ടത്. 2020-ൽ പാസ്സാക്കിയ ദേശീയ വിദ്യാഭ്യാസ നയം അങ്ങേയറ്റം കച്ചവടവത്ക്കരണത്തിനും കാവിവൽക്കരണത്തിനും ഇരയാക്കുകയാണ്. പ്രധാനമായും മൂന്ന് ' C' എന്നുവേണമെങ്കിൽ നമുക്ക് പറയാം. Communalism, Commercialisation, Centralisation എന്നിവയാണ് ആ നയത്തിലെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. അടുത്തിടെയാണ് 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളൽനിന്നും ഗാന്ധിയെ കൊലപ്പെടുത്തിയ സംഘ്പരിവാറിനെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം നീക്കം ചെയ്തത്. നാം അമ്പരന്നുപോയില്ലേ? അതോടൊപ്പംതന്നെ ബാബറി മസ്ജിദിന്റെ തകർച്ച

ഇന്ത്യയിലുണ്ടാക്കിയ അനന്തരഫലങ്ങൾ വിദ്യാർത്ഥികൾ പഠിക്കണ്ടെ എന്ന് തീരുമാനിച്ചു. ലക്ഷ്യം എന്താണ്? സംഘ്പരിവാർ വിഭാവന ചെയ്യുന്ന അവരുടെ ആശയത്തെ ഇന്ത്യയിൽ നടപ്പിലാക്കുക എന്നതാണ്. വർഗ്ഗീയ അജണ്ട ഉന്നതവിദ്യാഭ്യാസ മേഖലയിലും പൊതുവിദ്യാഭ്യാസ രംഗത്തും നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. നീറ്റ് എക്സാമിന്റെ ഭാഗമായി ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പേജ് 24-ൽ PARAKH എന്നുപറയുന്നുണ്ട്. അത് Performance Assessment, Review, and Analysis of Knowledge of Holistic Development എന്നാണ് പറയുന്നത്. അങ്ങനെ മൂല്യനിർണ്ണയത്തിന്റെ കാര്യങ്ങൾ നിശ്ചയിക്കുന്നതിന് ഒരു ഏജൻസിയെ അവർ ചുമതലപ്പെടുത്തിയിട്ടുണ്ട്, അതൊരു അമേരിക്കൻ ഏജൻസിയാണ്. ഇതൊരു വലിയ മാർക്കറ്റാണ്. നാം മനസ്സിലാക്കേണ്ട കാര്യം, നിലവിൽ 28 കോടി വിദ്യാർത്ഥികളുണ്ടെങ്കിൽ 2028 ആകുമ്പോഴേയ്ക്കും ഒരു ലക്ഷം കോടിയായി അത് വളരും. ഈ പരീക്ഷ ഒരു മാർക്കറ്റായി മാറ്റുകയാണ്. നീറ്റ് എക്സാമിൽ സംഭവിക്കുന്നതെന്താണ്? സാധാരണ ഒരു വിദ്യാർത്ഥിക്ക് മെരിറ്റ് സീറ്റിലൂടെ ഒരു ഗവൺമെന്റ് കോളേജിൽ അഡ്മിഷൻ കിട്ടിയാൽ പത്ത് ലക്ഷം രൂപ

വരെയാണ് ചെലവാകുക. എന്നാൽ സാധാരണ ഒരു മാനേജ്മെന്റ് സീറ്റിൽ സ്വകാര്യ കോളേജിൽ അഡ്മിഷൻ കിട്ടിയാൽ ഒരു വിദ്യാർത്ഥിക്ക് ഒന്നര കോടി മുതൽ രണ്ട് കോടി രൂപ വരെ ചെലവാകും. ഈ തട്ടിപ്പ് മുഴുവൻ നടത്തുന്നത് മെരിറ്റ് ലിസ്റ്റിലേയ്ക്ക് വരാനാണ്. ഇവിടെ ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവർ സംസാരിച്ചപ്പോൾ പറഞ്ഞിരുന്നു, ഇതിൽ ബി.ജെ.പി.ക്ക് വലിയ പങ്കുണ്ട്. മുഖ്യപ്രതിയായ സഞ്ജീവ് മുഖിയയുടെ ഭാര്യ ബീഹാറിൽ മത്സരിച്ചിരുന്നു. ബി.ജെ.പി.യുടെ ഭാഗമായി നിൽക്കുന്നവർ ഇതിനെ ഒരു സാമ്പത്തിക തട്ടിപ്പ് കേന്ദ്രമായി മാറ്റുകയാണ്. പഠിച്ചുവരുന്ന സാധാരണ വിദ്യാർത്ഥിക്ക് മെരിറ്റ് സീറ്റ് ലഭ്യമാകുന്നുവെന്നതിൽനിന്നും വ്യത്യസ്തമായി തട്ടിപ്പിലൂടെ മെരിറ്റ് സീറ്റ് കരസ്ഥമാക്കുക എന്നുള്ള ഗുരുതരമായ പ്രശ്നമാണ് നീറ്റ് തട്ടിപ്പിന്റെ ഭാഗമായിട്ടുള്ളത്. സാധാരണ ഒരു വിദ്യാർത്ഥിക്ക് 8 മുതൽ 10 ലക്ഷം രൂപ വരെ കൊടുത്ത് പഠിക്കാവുന്ന മെരിറ്റ് സീറ്റിലേയ്ക്ക് അതിസമ്പന്നരായ ആളുകൾ തട്ടിപ്പിലൂടെ കടന്നുവരികയാണ്. ഇതാണ് ഇതിൽ സംഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. നേരത്തെ സംസാരിച്ച എല്ലാവരും ഇവിടെ പറഞ്ഞു, ഗോധ്രയിലെ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് എട്ട് സംസ്ഥാനങ്ങളിലുള്ള

വിദ്യാർത്ഥികളാണ് പോകുന്നത്. ലക്ഷ്യം എന്താണ്? പാട്നയിൽ പോകുന്നത് എന്തിനാണ്? അടുത്തുള്ള സംസ്ഥാനങ്ങളിലുള്ള ആളുകൾ അവിടെപ്പോയി പരീക്ഷയെഴുതുകയാണ്. എത്രമാത്രം മാനസിക ബുദ്ധിമുട്ടും പ്രയാസങ്ങളുമാണ്.., നമുക്കതന്നെ അറിയാമല്ലോ നമ്മുടെ നാട്ടിലുള്ള സാധാരണക്കാരായ രക്ഷാകർത്താക്കൾ വീട് പണയം വച്ച് സ്വത്ത് വിറ്റ് കാശുമായി എൻട്രൻസ് കേന്ദ്രങ്ങളുള്ള സ്ഥലത്തുപോയി നിന്ന് പഠിച്ചാണ് കുട്ടികൾ പരീക്ഷയെഴുതുന്നത്. കണ്ണൂർ ജില്ലയിൽ അഴീക്കോട് മണ്ഡലത്തിലെ ഒരു ശ്രീനന്ദ് എന്നൊരു വിദ്യാർത്ഥിയുണ്ട്.., പഠിച്ച് നന്നായി വരുന്ന വിദ്യാർത്ഥികൾക്ക് മെരിറ്റ് ലിസ്റ്റിൽ സീറ്റ് കിട്ടാത്ത നിലയിലേയ്ക്ക് ഈ തട്ടിപ്പ് മാറുകയാണ്. ഭീകരമായ കച്ചവടമാണ് ഈ പരീക്ഷയുടെ ഭാഗമായി നടക്കുന്നത്. ബി.ജെ.പി. നടപ്പിലാക്കുന്ന ഈ പോളിസിയും അതിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങളുമാണ്. വർഗ്ഗീയവത്ക്കരിക്കാനും അതുപോലെ ഈ പരീക്ഷകളെ വലിയൊരു മാർക്കറ്റായി കാണുകയാണ്. നാഷണൽ ടെസ്റ്റിംഗ് ഏജൻസി പത്ത് പരീക്ഷകളാണ് നടത്തുന്നത്. അതിൽ 2028 ആകുമ്പോഴേയ്ക്കും ഒരുലക്ഷം കോടിയോളം വിദ്യാർത്ഥികൾ പരീക്ഷയെഴുതും. വളരെ പ്രധാനപ്പെട്ട

ഭരണഘടനാപരമായ കാര്യങ്ങൾ, നമ്മൾ ഉന്നയിക്കേണ്ടത് ഇവിടെ എല്ലാവരും പറഞ്ഞതുപോലെ വിദ്യാഭ്യാസം എന്നത് സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട കാര്യമാണ്. 'വൺ നേഷൻ വൺ എക്സാം' എന്ന നിലയിലേയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് പോകുന്നത്. വൺ നേഷൻ വൺ ടാക്സ്, വൺ നേഷൻ വൺ പോലീസ് എന്നതുപോലെ ആർ.എസ്.എസ്.ന്റെ 'വൺ നേഷൻ വൺ എക്സാം' എന്ന അജണ്ടയിലേയ്ക്ക് വിദ്യാഭ്യാസത്തെ കൊണ്ടുപോകുകയും അതിനെ വലിയൊരു മാർക്കറ്റായി മാറ്റുകയും ചെയ്യുക എന്നത്. ആ മാർക്കറ്റ് ബി.ജെ.പി.യുടെ ഭാഗമായി നിൽക്കുന്ന ഒട്ടേറെപേർക്ക് വരുമാനമുണ്ടാക്കാനുള്ള സംവിധാനമായി മാറ്റുകയും ചെയ്യുന്നുവെന്ന ഗുരുതരമായ പ്രശ്നമാണ് ഇതിലുള്ളത്. പ്രധാനമന്ത്രി ഇതിനോട് പ്രതികരിച്ചില്ലല്ലോ; കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിനോട് ശക്തമായി പ്രതികരിച്ചില്ലല്ലോ; ഇവിടെ എല്ലാവരും പറഞ്ഞതുകൊണ്ട് വിഷയങ്ങൾ ആവർത്തിക്കുന്നില്ല. ഗുരുതരമായ അലംഭാവം, അങ്ങേയറ്റം കെടുകാര്യസ്ഥത, തെറ്റായ രീതി എന്നിവ ഇതിന്റെ ആകെ നടത്തിപ്പിൽ നമ്മൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. രണ്ട് സ്കൂളുകളുണ്ട്, ഹർദയാൽ പബ്ലിക് സ്കൂളും അതിന് തൊട്ടടുത്തുള്ള വിജയ സീനിയർ സെക്കൻഡറി സ്കൂളും, ഒരു സ്കൂളിൽ ബാക്ക്-

അപ്പ് ക്വസ്റ്റ്യൻ പേപ്പർ എടുത്തു. ആദ്യത്തെ ക്വസ്റ്റ്യനിൽ പ്രശ്നം വന്നാൽ എടുത്ത് സൂക്ഷിക്കുന്ന രണ്ടാമത്തെ ക്വസ്റ്റ്യനാണത്. ഹർദയാൽ പബ്ലിക് സ്കൂളിൽ രണ്ട് ക്വസ്റ്റ്യനും കൊടുത്തു. അപ്പോൾ അവർക്ക് സമയം നീട്ടിക്കൊടുത്തു. തൊട്ടടുത്ത വിജയ സീനിയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഈ അവസരം ലഭ്യമായില്ല. രണ്ടാമതായി കരുതിവച്ച ക്വസ്റ്റ്യൻ പേപ്പറും ആദ്യംതന്നെ കൊടുക്കുകയാണ്. എന്താണെന്ന് അറിയാമോ? 30 ലക്ഷം രൂപ കൈക്കൂലി, 10 ലക്ഷം രൂപ തരുന്ന ആൾക്ക് അങ്ങനെ ആകെ 40 ലക്ഷം രൂപയേ മെരിറ്റ് സീറ്റിന് ആവശ്യമായി വരികയുള്ളൂ. അല്ലെങ്കിൽ ഒന്നരക്കോടി രൂപ കൊടുക്കേണ്ടിവരും. 30 ലക്ഷം രൂപയാണ് ഒരു ക്വസ്റ്റൻ പേപ്പറിന് കൊടുക്കുന്നത്. മെരിറ്റ് സീറ്റ് കിട്ടിയാൽ പത്ത് ലക്ഷം രൂപയേ ചെലവാകൂ. കൃത്യമായി പഠിച്ചുവരുന്ന സാധാരണ വിദ്യാർത്ഥിക്ക് ആകെ പത്ത് ലക്ഷം രൂപയേ വേണ്ടിവരുന്നുള്ളൂ. ഇതിൽ ഗുരുതരമായ പ്രശ്നം അടങ്ങിയിട്ടുണ്ട്. നമ്മളെല്ലാവരും ഏറ്റവും ശക്തമായി കാണേണ്ട ഒരു കാര്യമാണിത്. ഇന്ന് 'The Hindu' -ൽ പ്രൊഫസർ രാജീവ് എന്നുപറയുന്നയാൾ നീറ്റ് എക്സാമിന്റെ തട്ടിപ്പിനെ സംബന്ധിച്ച് ഒരു ലേഖനം എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി

പി. രാജീവാണ് അത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. **ഐഐ.റ്റി. എക്സാം SOPs അനുസരിച്ചാണ് നടത്തുന്നത്.** ഒരു പഴുതുമില്ലാതെയാണ് ആ പരീക്ഷ നടക്കുന്നത്. കേരളത്തിൽതന്നെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നാം നടത്തിക്കൊണ്ടിരിക്കുന്ന ശ്രദ്ധേയമായ ഒട്ടേറെ എക്സാമുകളുണ്ട്. അതൊക്കെ വളരെ ഭംഗിയായി നടത്താൻ നമുക്ക് കഴിയുന്നുണ്ട്. അപ്പോൾ സംസ്ഥാനങ്ങളുടെ ലിസ്റ്റിൽപ്പെടുന്ന വിദ്യാഭ്യാസത്തെ സെൻട്രലായി കൊണ്ടുപോയി വർഗ്ഗീയവത്ക്കരിച്ച്, കച്ചവടവത്ക്കരിച്ച്, വാണിജ്യ താൽപ്പര്യങ്ങൾക്കുവേണ്ടി തട്ടിപ്പിന്റെ കേന്ദ്രമായി മാറ്റുകയാണ്. ബി.ജെ.പി. ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിന് ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒരു കാരണവശാലും ഒഴിഞ്ഞുമാറാൻ പറ്റില്ലെന്നുമാത്രമല്ല, നാട്ടിലെ മെരിറ്റിൽ വിശ്വസിക്കുന്ന കുടുംബങ്ങൾ, രക്ഷാകർത്താക്കൾ, നന്നായി പഠിക്കുന്ന വിദ്യർത്ഥികൾ എന്നിവരുടെ ഭാവിജീവിതത്തെ തകർക്കുന്ന നീറ്റ് തട്ടിപ്പിൽ ഒറ്റക്കെട്ടായി നിന്ന് അതിശക്തമായി ഇടപെടാൻ നമുക്ക് കഴിയണം. ബി.ജെ.പി.യെ അനുകൂലിക്കുന്ന മാധ്യമങ്ങൾ സ്വീകരിക്കുന്ന നിലപാടിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം. വിജിൻ പറഞ്ഞത്. പൊതുവിൽ ആ

വിഷയങ്ങൾ ആ അർത്ഥത്തിൽതന്നെ കണ്ടുപോകാനും ഇത് ചർച്ചചെയ്യാൻ മുൻകയ്യെടുത്ത സഭാ നാഥനെയും സഭാനേതാവിനെയും ഇതിന്റെ ഭാഗമായി നിന്ന എല്ലാവരെയും ഒരിക്കൽക്കൂടി പ്രത്യേകമായി പ്രശംസിച്ചുകൊണ്ട് നീറ്റ് തട്ടിപ്പിനെതിരായി ശക്തമായ നിലപാട് സ്വീകരിച്ച് ഒരുമിച്ച് നിൽക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ അന്തസത്തയോട് യോജിക്കുകയും ഇവിടെ പങ്കുവച്ച വികാരം ഷെയർ ചെയ്യുകയും ചെയ്യുന്നു. ഇവിടെ എല്ലാവരും പറഞ്ഞു, നമ്മളെല്ലാവരും മനസ്സിലാക്കുന്നതുപോലെ ബി.ജെ.പി. സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ വലിയൊരു അഴിമതിയും സ്വജനപക്ഷപാതമടക്കമുള്ള കാര്യങ്ങളുടെ ഒരു ഉദാഹരണമായിട്ടാണ് ഇത് കാണുന്നത്. എനിക്ക് ഇതിൽ വലിയ അത്ഭുതം തോന്നുന്നില്ല. കാരണം ബി.ജെ.പി. അധികാരത്തിൽ വന്ന് പത്ത് വർഷമാകുമ്പോഴേയ്ക്കും ഇന്ത്യാരാജ്യത്തെ എല്ലാ ഇൻസ്റ്റിറ്റ്യൂഷൻസിനെയും ദുർബലപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാ സ്ഥാപനങ്ങളാണെങ്കിലും സ്റ്റാറ്റ്യൂട്ടറിയായി ഉണ്ടാക്കിയതാണെങ്കിലും ഏത് നിലയ്ക്കുള്ള സ്ഥാപനങ്ങളെയും

ദുർബലപ്പെടുത്തുകയും അതിനെയെല്ലാം സ്വാധീനിക്കാനും കൈപിടിയിലൊതുക്കാനും അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനും കഴിയുന്ന നിലയിലേയ്ക്ക് ദുർബലപ്പെടുത്തി ഓവർ പവർ ചെയ്ത്, ടേക്ക് ഓവർ ചെയ്യുന്ന ഒരു സമീപനമാണ് ബി.ജെ.പി. സ്വീകരിച്ചുവന്നത്. അതിന്റെയൊരു extended version ആയിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ലക്ഷക്കണക്കിന് അല്ലെങ്കിൽ കോടിക്കണക്കിന് കുട്ടികളുടെ ഭാവി തുലാസ്സിലാക്കി അവരെ വലിയ അരക്ഷിതാവസ്ഥയിലേയ്ക്ക് തള്ളിവിടുന്ന നിലയിലാണ് ഇത് കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ വിഷയം ചർച്ചയ്ക്കെടുത്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. കാരണം ഇതുപോലെ പൊതുവായ വിഷയം നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഇന്ന് കേരള നിയമസഭ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഇത് കാണുന്ന കേരള സമൂഹം ആഗ്രഹിക്കുന്നത്... നമ്മൾ ഇതിൽനിന്ന് എന്താണ്, What lesson we are going to learn. ഇതുപോലെയുള്ള സാധ്യതകൾ മനസ്സിലാക്കി കാര്യങ്ങൾ കണ്ട് എങ്ങനെയാണ് ഇതുപോലെയുള്ള situation/context-നെ അഡ്രസ്

ചെയ്യാൻ കഴിയുകയെന്നുള്ളത് കണ്ടെത്തണം. 'പാപം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന ബൈബിളിലെ ഒരു വാചകം നമ്മളെല്ലാവരും കേട്ടിട്ടുള്ളതാണ്. നമ്മൾ നമ്മളിലേയ്ക്ക് തിരിഞ്ഞുനോക്കണം. ഇനി നമുക്ക് ചെയ്യാൻ പറ്റുന്നതെന്താണ്? നമ്മുടെ സിസ്റ്റത്തെ കുറ്റമറ്റതാക്കുക, non-compromising ആക്കുകയെന്നുള്ളതാണ്. ഇത് പറയുമ്പോൾ നമ്മുടെ മുമ്പിൽ നേരത്തെയുള്ള ഒന്നുരണ്ട് സംഭവങ്ങൾ എന്റെ മനസ്സിൽ വരികയാണ്. 2008-ൽ കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് നടന്ന ഒരു പരീക്ഷാതട്ടിപ്പ് ഏറ്റവും വിവാദമായതാണ്. യഥാർത്ഥത്തിൽ അധികാരത്തിലിരിക്കുന്നവർ അതിനെ എങ്ങനെ കൈകാര്യം ചെയ്തുവെന്നത് വളരെ പ്രധാനമാണ്. ഇതുപോലെയുള്ള കാര്യങ്ങളോട് zero tolerance-ഉള്ള ഒരു ഗവൺമെന്റാകണം അധികാരത്തിൽ വരേണ്ടതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു പരീക്ഷയിൽ ക്രമക്കേട് നടന്നാൽ അതിന്റെ ഉത്തരവാദി വൈസ് ചാൻസലറാണെങ്കിൽ ആ സ്പോട്ടിൽ, he should move out. ഇതൊരു പബ്ലിക് സിസ്റ്റമാണ്. ഒരു ഗവൺമെന്റിനും ഒരു ഭരണാധികാരിക്കും എല്ലാം കൺട്രോൾ ചെയ്യാൻ

സാധിക്കില്ല. കാരണം നൂറുകണക്കിന് ആളുകൾ ചെയ്യുന്ന കാര്യങ്ങളിൽ വീഴ്ച വന്നാൽ, that should happen. അതിനെ സംരക്ഷിക്കുന്ന കാര്യങ്ങൾ ചെയ്യരുത്. അസിസ്റ്റന്റ് നിയമനം സംബന്ധിച്ച കാര്യത്തിൽ പരീക്ഷ എഴുതാത്തവർപോലും നിയമനം നേടിയെന്നതാണ് കേസ്. പരീക്ഷയ്ക്ക് വരാത്തവർ ഇന്റർവ്യൂവിൽ പങ്കെടുത്ത് നിയമനം നേടി. പരീക്ഷ എഴുതിയവരുടെ മുഴുവൻ ഫലം പുറത്തുവന്നില്ല. ഉത്തരപേപ്പർ മൂല്യനിർണ്ണയത്തിന് അയച്ചപ്പോൾതന്നെ 46 എണ്ണം കുറവായിരുന്നു. എന്നിട്ട് അതിനെന്ത് സംഭവിച്ചു; ആ കേസ്സിനെ sabotage ചെയ്യുന്ന രീതി പിന്നീടുണ്ടാകുകയാണ്. അതിലെ കുറ്റക്കാരെല്ലാവരും രക്ഷപ്പെടുകയാണ്. ആരെയും റെസ്പോൺസിബിൾ ആക്കാൻ പറ്റില്ല. പിന്നീട് 2018-ൽ..... കേരളത്തിലെ ഏറ്റവും വിശ്വാസ്യതയുള്ള സ്ഥാപനം ഏതാണ്? കേരളത്തിലെ ലക്ഷോപലക്ഷം ചെറുപ്പക്കാർ അവരുടെ ഭാവിക്കുവേണ്ടി പരീക്ഷ എഴുതി ജോലിക്ക് കാത്തിരിക്കുന്ന സ്ഥാപനമാണ് പി.എസ്.സി.; ആ പി.എസ്.സി. പരീക്ഷയിൽ നടന്ന വലിയൊരു തട്ടിപ്പ് നമ്മുടെയെല്ലാം മനസ്സാക്ഷിയെ ഇളക്കിയതാണ്. ഇത് പറയുമ്പോൾ ഞാൻ രാഷ്ട്രീയം പറയുകയാണെന്ന്

നിങ്ങൾ വിചാരിക്കും. രാവ് മുഴുവൻ ഇരുന്ന് പഠിച്ച് പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന ഒരു പി.എസ്.സി. ഉദ്യോഗാർത്ഥിയുടെ മുന്നിലേയ്ക്ക് വരുന്ന വാർത്തയെന്ന് പറയുന്നത്.... പരീക്ഷാ തട്ടിപ്പിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ആദ്യ അഞ്ച് റാങ്കുകാർ..... (...ബഹളം...)

മി. സ്പീക്കർ: ചട്ടം 130 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നീറ്റ് എക്സാമാണ്. ഡോ. മാത്യു കുഴൽനാടൻ, നിങ്ങളുടെ കുഴപ്പമിതാണ്. നിങ്ങൾ playing to the gallery ആണ്. നീറ്റ് എക്സാമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. (...ബഹളം...)

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയം പറയാൻ പാടില്ലേ? ഇതിൽനിന്നും നമ്മൾ പഠിക്കേണ്ടത് പാഠങ്ങളാണ്, ആത്മപരിശോധനയാണ്. കാരണം നീറ്റ് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ കാര്യം തെറ്റാണെന്ന് പറയാം. (...ബഹളം...)

മി. സ്പീക്കർ: നീറ്റ് എക്സാമിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സ്പെസിഫിക്ക് ടോപ്പിക്ക് ചട്ടം 130-ൽ ക്ലിയറായി പറയുന്നുണ്ട്. എന്താണ് നിങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറയുന്നത് കേൾക്കൂ. (...ബഹളം...) എസ്.എഫ്.ഐ.-കാരായ അഞ്ചുപേരുടെ റാങ്ക്..... അതിനുശേഷം ആ കേസ് അന്വേഷിച്ച ക്രൈം ബ്രാഞ്ച്, ആ കേസ് അന്വേഷിച്ച അന്വേഷണ ഏജൻസി അതിൽ കേവലം റാങ്ക് കിട്ടിയ ഈ അഞ്ചുപേരെ മാത്രം പ്രതിയാക്കി ബാക്കിയുള്ളവരെ മുഴുവൻ പോകാൻ അനുവദിച്ചു. അതിൽ മറ്റാർക്കും പങ്കില്ലെന്നുവേണം കരുതാൻ.

മി. സ്പീക്കർ: ചട്ടം 130-ൽ വളരെ ക്ലിയറായി പറയുന്നുണ്ട്.... സ്പെസിഫിക്ക് ടോപ്പിക്കുണ്ട്. നിങ്ങൾ എപ്പോഴും out of syllabus സംസാരിക്കുന്ന ഒരാളാണ്. അതാണ് നിങ്ങളുടെ കുഴപ്പം.

ഡോ. മാത്യു കുഴൽനാടൻ: സർ, നീറ്റ് പരീക്ഷയുടെ പശ്ചാത്തലത്തിൽ നമ്മൾ പരിശോധിക്കേണ്ടത് നമ്മുടെ സംസ്ഥാനത്തും സമാനനിലയിലുള്ള കാര്യങ്ങൾ നടക്കുന്നുണ്ടോ ഇല്ലയോ എന്നതാണ്. അങ്ങനെയുണ്ടെങ്കിൽ നമ്മൾ അതിനെ എങ്ങനെ അഡ്രസ് ചെയ്യണമെന്ന് നോക്കണ്ടേ; അത് പറയണ്ടേ; (...ബഹളം...)

മി. സ്പീക്കർ: ഇതുവരെ സംസാരിച്ചവരെല്ലാം ടോപ്പിക്കിൽ ഒതുങ്ങിനിന്നാണ് സംസാരിച്ചത്. ഇത് ആരോപണ-പ്രത്യാരോപണത്തിന്റെ വേദിയല്ല. ചട്ടം 130-ലെങ്കിലും ഹെൽത്തി ഡിസ്കഷനുണ്ടാകണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ സംസാരിക്കുമ്പോൾ എപ്പോഴും അങ്ങ് ഇന്റർഫിയർ ചെയ്യുകയാണ്. I don't know why. ഞാൻ ഇവിടെ തെറ്റും കുറ്റവുമായ ചീത്ത വാക്കൊന്നും പറഞ്ഞില്ലല്ലോ.

മി. സ്പീക്കർ: നിങ്ങളുടെ സംസാരം എപ്പോഴും ഒരു കോമൺ സ്പിരിറ്റല്ല, അതാണ് പ്രശ്നം.

ഡോ. മാത്യു കുഴൽനാടൻ: സർ, പരീക്ഷാ തട്ടിപ്പെന്ന് പറയുന്നത് ഏതെങ്കിലും ഒരു സ്ഥലത്ത് മാത്രം നടക്കുന്നതോ ഒരു സർക്കാരിന്റെ കീഴിൽ മാത്രം നടക്കുന്നതോ അല്ല. (...ബഹളം...) We should learn lesson from this. കേരളത്തിൽ ഇത് നടന്നിട്ടില്ലെന്ന് പറയാൻ കഴിയുമോ. കേരളത്തിൽ നടന്നതിനെ എങ്ങനെ അഡ്രസ് ചെയ്തുവെന്ന് ആത്മപരിശോധന നടത്തണം. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്. സമയമായി അദ്ദേഹം കൺക്ലൂഡ് ചെയ്യു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ ഉപക്ഷേപം അവതരിപ്പിച്ചവരും അതിനെ പിന്തുണച്ചവരും എന്തിനാണ് പരീക്ഷാതട്ടിപ്പുകളെ ന്യായീകരിക്കുന്നത്. (...ബഹളം...) ഈ ഉപക്ഷേപം കൊണ്ടുവന്നവരും ഇതിനെ അനുകൂലിച്ചവരും പരീക്ഷാതട്ടിപ്പിന്റെ കാര്യം പറയുമ്പോൾ അതിനെ ന്യായീകരിക്കുന്നത് ശരിയല്ല. കേരളത്തിലെ പ്രവേശന പരീക്ഷകളിൽ ക്രമക്കേട് ഉണ്ടോ ഇല്ലയോയെന്ന് പരിശോധിക്കാൻ നമ്മൾ തയ്യാറാകണം. പി.എച്ച്.ഡി. പ്രവേശന പരീക്ഷയടക്കം ഇവിടെ നടക്കുന്ന നിരവധി പരീക്ഷകളെക്കുറിച്ച് ആരോപണങ്ങൾ ഉയരുന്നുണ്ട്. അതുകൂടി പരിശോധിക്കാനുള്ള ഒരവസരമാക്കി മാറ്റാനും കുറ്റമറ്റ സിസ്റ്റം നമ്മുടെ സംവിധാനത്തിൽ കൊണ്ടുവരാനും നമ്മൾ മുൻകൈയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തിന്റെ അന്തഃസത്തയെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള അഖിലേന്ത്യാ പരീക്ഷകളുടെ നടത്തിപ്പ് ചുമതലയുള്ള NTA-യുടെ ഭാഗത്തുനിന്ന് അതീവഗുരുതരമായ കൃത്യവിലോപവും

ക്രമക്കേടുമാണുണ്ടായിട്ടുള്ളത്. വലിയതോതിലുള്ള അഴിമതിക്ക് ഇടവച്ചിട്ടുള്ള ഈ ക്രമക്കേട് അത്യന്തം അപലപനീയമാണ്. NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം എം. വിജിനും ബഹുമാന്യരായ മറ്റ് അംഗങ്ങളും ഉന്നയിച്ച ആശങ്കയിലും ഉത്കണ്ഠയിലും പങ്കുചേരുകയാണ്. അതോടൊപ്പംതന്നെ വർഷങ്ങൾ കഠിനാധ്വാനം ചെയ്ത് പരീക്ഷകൾക്ക് തയ്യാറാകുന്ന വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വേദനയിൽ പങ്കുചേരുകയും ചെയ്യുന്നു. നീറ്റ് പരീക്ഷാക്രമക്കേട് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള വ്യക്തിയെന്ന നിലയിൽ വിദ്യാർത്ഥികളുടെ ആകാംക്ഷയും ഉത്കണ്ഠയും പരിഹരിക്കുന്നതിന് അടിയന്തരനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് യൂണിയൻ സർക്കാരിലെ ഉന്നത വിദ്യാഭ്യാസ മന്ത്രിക്കും വകുപ്പ് സെക്രട്ടറിക്കും കത്തുകൾ അയയ്ക്കുകയുണ്ടായി. 2013-ലാണ് സി.ബി.എസ്.സി.-യുടെ കീഴിലുള്ള നാഷണൽ ടെസ്റ്റിംഗ് ഏജൻസി ദേശീയ തലത്തിൽ മെഡിക്കൽ പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ നടത്തി തുടങ്ങുന്നത്. 2016 വരെ കേരളമടക്കം വിവിധ

സംസ്ഥാനങ്ങൾ പ്രത്യേക മെഡിക്കൽ പ്രവേശന പരീക്ഷകൾവഴി നടത്തിയിരുന്ന ടെസ്റ്റുകളാണ് ഇത്തരത്തിൽ ഏകോപിതമായി ഒരു ഏജൻസിക്കുകീഴിൽ നടപ്പാക്കാൻ ആരംഭിച്ചത്. 2016 വരെ ദേശീയ പരീക്ഷയായിട്ടുള്ള All India Pre-Medical Test-ഉം സംസ്ഥാന തലത്തിൽ KEAM ഉൾപ്പെടെയുള്ള പരീക്ഷകളുമാണ് നടത്തിവന്നിരുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക്, സംസ്ഥാനത്ത് കുറ്റമറ്റ നിലയിലാണ് എൻട്രൻസ് പരീക്ഷകൾ നടക്കാറുള്ളതെന്ന കാര്യം ഞാൻ എടുത്ത് പറയാൻ ആഗ്രഹിക്കുകയാണ്. ഹിന്ദി, ഇംഗ്ലീഷ് തുടങ്ങി എട്ട് പ്രാദേശിക ഭാഷകൾ ഉൾപ്പെടെ പത്ത് ഭാഷകളിലാണ് നീറ്റ് പരീക്ഷ നടത്തുന്നത്. 24 ലക്ഷത്തിനുമേൽ അപേക്ഷകരിൽ 996393 ആൺകുട്ടികളും 1331321 പെൺകുട്ടികളും 17 ട്രാൻസ്ജെന്ററുകളും ഉൾപ്പെടെ 2327731 അപേക്ഷകരാണ് നീറ്റ് പരീക്ഷ എഴുതിയിട്ടുള്ളത്. ഈ വിദ്യാർത്ഥികൾക്കുണ്ടായ മനോവിഷമം പരിഹരിക്കപ്പെടേണ്ടതാണ്. നീറ്റുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്ന് ആരോപണങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. പണം വാങ്ങി പരീക്ഷ ജയിപ്പിക്കലും ചോദ്യപേപ്പർ ചോർത്തലുമുൾപ്പെടെ അനധികൃതവും

അവിഹിതവുമായ പ്രവർത്തനങ്ങൾ വിവിധതലങ്ങളിൽ നടന്നതായി വ്യാപക പരാതികൾ ഉയർന്നുവന്നുകഴിഞ്ഞു. കൺസൾട്ടൻസി ഏജൻസികളും കോച്ചിംഗ് സെന്ററുകളും ഇൻവിജിലേഷൻ ചുമതലയുള്ള അദ്ധ്യാപകരുമെല്ലാം ഇതിൽ പങ്കാളികളാണെന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതൊന്നും നടന്നതായി യൂണിയൻ ഭരണസംവിധാനത്തിന്റെ ഭാഗമായ ഉത്തരവാദപ്പെട്ടവർ നടിക്കുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ സാമൂഹ്യ മാധ്യമങ്ങൾവഴി പോലും ചോദ്യപേപ്പറുകൾ ചോരുകയുണ്ടായി. യൂട്യൂബിൽ വരെ ചോദ്യപേപ്പർ പ്രത്യക്ഷപ്പെട്ടു. എന്നിട്ടും ഇങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്ന നിലപാടാണ് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ സ്വീകരിക്കുന്നത്. നീറ്റിന്റെ ഫലം പുറത്തുവന്നപ്പോൾ ചരിത്രത്തിൽ ഇതുവരെ നടന്നിട്ടില്ലാത്ത തരത്തിലുള്ള ക്രമക്കേടുകളാണ് കാണപ്പെട്ടത്. 67 വിദ്യാർത്ഥികൾക്ക് 720-ൽ 720 മാർക്കും ലഭിച്ചുവെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ വിദ്യാർത്ഥികളിൽ അധികംപേരും ഹരിയാനയിലെയൊരു പ്രത്യേക കേന്ദ്രത്തിൽ പരീക്ഷ എഴുതിയിട്ടുള്ളവരാണ്.

നെഗറ്റീവ് മാർക്ക് സമ്പ്രദായം നിലനിൽക്കുന്ന പരീക്ഷയിൽ ഒരിക്കലും ലഭിക്കാനിടയില്ലാത്ത 718, 719 എന്നീ മാർക്കുകൾ ലഭിച്ച വിദ്യാർത്ഥികളുമുണ്ടായി. പരീക്ഷാസമയം നഷ്ടപ്പെട്ടത് നികത്തുന്നതിന് ഗ്രേസ് മാർക്ക് നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന വാദമാണ് എൻ.ടി.എ. (നാഷണൽ ടെസ്റ്റിംഗ് ഏജൻസി) ഉന്നയിക്കുന്നത്. ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ ലിസ്റ്റിലുൾപ്പെട്ട 1563 വിദ്യാർത്ഥികളുടെ മാത്രം പുനഃപരീക്ഷ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവരിൽ ആരെങ്കിലും പരീക്ഷ എഴുതിയില്ലെങ്കിൽ ഗ്രേസ് മാർക്ക് കുറച്ചുള്ള മാർക്ക് മാത്രം പരിഗണിച്ച് പ്രവേശനം നൽകാനും തീരുമാനിച്ചിരിക്കുന്നു. വിചിത്രമായൊരു തീരുമാനംതന്നെയാണിത്. ഈ വിഷയത്തിൽ ശാസ്ത്രീയമായൊരു പരിഹാരം കാണുന്നതിന് എൻ.ടി.എ.-യ്ക്കും യൂണിയൻ സർക്കാരിനും സാധിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ ഭാവിയും സ്വപ്നങ്ങളുമെല്ലാം പാടെതകർത്തുകളയുന്നൊരു സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റെയും എൻ.ടി.എ.-യുടെയും ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതുപോലെ ടൈ ബ്രേക്കിംഗിനെ സംബന്ധിച്ച് അവതരിപ്പിച്ചിട്ടുള്ള പുതിയ മാർഗ്ഗം എൻ.ടി.എ.-

യിലെ ഉദ്യോഗസ്ഥരുടെ ബുദ്ധിസ്ഥിരതയെക്കുറിച്ചുതന്നെ സംശയം ജനിപ്പിക്കുന്നതാണ്. ടൈ ഉണ്ടാകുകയാണെങ്കിൽ അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കർ നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അവ്യക്തമായ രീതിയിൽ ഗ്രേസ് മാർക്ക് നൽകിയതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ 70-80 വരെ ഗ്രേസ് മാർക്ക് നൽകിയതായി ആരോപിക്കപ്പെട്ടിട്ടുണ്ട്. ചോദ്യപേപ്പർ ചോർന്നുവെന്ന കാരണത്താൽ നീറ്റ് പരീക്ഷയും മറ്റും വീണ്ടും നടത്തണമെന്നാവശ്യപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസിൽ 1563 വിദ്യാർത്ഥികളുടെ പരീക്ഷ വീണ്ടും നടത്താനുള്ള സർക്കാർ തീരുമാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല വിധിയിലൂടെ അംഗീകരിക്കുകയാണ് ചെയ്തത്. ഇത്തരം പരീക്ഷാക്രമക്കേടുകൾ വെളിപ്പെടുന്ന സാഹചര്യത്തിൽത്തന്നെയാണ് യു.ജി.സി. നെറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന വിവരവും പുറത്തുവന്നത്. ചരിത്രത്തിലാദ്യമായി നെറ്റ് പരീക്ഷ റദ്ദാക്കി പുനഃപരീക്ഷ നടത്താൻ എൻ.ടി.എ.-യ്ക്ക് തീരുമാനിക്കേണ്ടതായി വന്നിരിക്കുന്നു. സി.എസ്.ഐ.ആർ. നെറ്റിന്റെ ചോദ്യപേപ്പർ ചോർന്നതായി വിവരം

പുറത്തുവന്നതോടെ ആ പരീക്ഷയും റദ്ദാക്കി. നെറ്റ് പരീക്ഷ ഗവേഷണത്തിനുള്ള നിർബന്ധിത മുൻഉപാധിയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഗുരുതരമായ പിഴവാണ് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളത്. നീറ്റ് യു.ജി.-ക്ക് പിന്നാലെ നീറ്റ് പി.ജി.-യുടെ ചോദ്യപേപ്പറും ചോർന്നു. അങ്ങനെ തുടർച്ചയായി നാല് പ്രധാന ദേശീയ പ്രവേശന പരീക്ഷകൾ ക്രമക്കേടുകളുടെ പേരിൽ തുടർച്ചയായി റദ്ദാക്കേണ്ടതായിവരുകയെന്ന ദയനീയമായ അവസ്ഥയിലാണ് എൻ.ടി.എ.-യും യൂണിയൻ സർക്കാരും എത്തിച്ചേർന്നിട്ടുള്ളത്. അതിനോടൊപ്പംതന്നെ നാഷണൽ കോമൺ എൻട്രൻസ് ടെസ്റ്റ് അതായത്, നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന പരീക്ഷയും റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. 25 പ്രധാന പ്രവേശന പരീക്ഷകൾ നടത്താൻ എൻ.ടി.എ.-യ്ക്ക് 25 സ്ഥിരജീവനക്കാർ പോലുമില്ലാത്ത അവസ്ഥയാണുള്ളത്. ടി സാഹചര്യത്തിൽ ഇൻഹൗസ് എക്സ്പെർട്ടൈസിന്റെ അഭാവത്തിൽ പേപ്പർ സെറ്റിംഗ്, പേപ്പർ ഡിസ്ട്രിബ്യൂഷൻ, ഡാറ്റാ സെക്യൂരിറ്റി പ്രോട്ടോക്കോൾസ് തുടങ്ങിയ പരീക്ഷ അനുബന്ധ പ്രവർത്തനങ്ങളും പ്രൈവറ്റ് ടെക്നിക്കൽ സർവ്വീസ് പ്രൊവൈഡേഴ്സിന് ഔട്ട്സോഴ്സ് ചെയ്തു നൽകുന്ന

സമീപനമാണ് എൻ.ടി.എ. സ്വീകരിച്ചിരിക്കുന്നത്. എൻ.ടി.എ.-യുടെ സെക്യൂരിറ്റി പ്രോട്ടോക്കോൾ പൊളിച്ചടുക്കി ഡാർക്ക് വെബ് ശക്തികൾ ഹാക്ക് ചെയ്തിരിക്കുന്നുവെന്നാണ് ഇപ്പോൾ അറിയാൻ സാധിക്കുന്നത്. 24 ലക്ഷം കുട്ടികളിൽനിന്ന് 1500 രൂപ വീതം 360 കോടി രൂപ ഫീസിനത്തിൽ കേന്ദ്ര സർക്കാർ സമാഹരിച്ചിട്ടും ആവശ്യത്തിന് ജീവനക്കാരെപ്പോലും നിയോഗിക്കാതെ എൻ.ടി.എ.-യെ അനാഥാവസ്ഥയിലാക്കിയിരിക്കുകയാണ്. മാത്രമല്ല, ഇതിലൂടെ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. എൻ.ടി.എ.-യുടെ ചെയർമാനായ ശ്രീ. സുബോധ് കുമാർ സിംഗിനെ തൽസ്ഥാനത്തുനിന്നും മാറ്റി മുഖം രക്ഷിക്കാനാണ് ഇപ്പോൾ യൂണിയൻ സർക്കാർ ശ്രമിച്ചിട്ടുള്ളത്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും അവരുടെ രക്ഷകർത്താക്കളുടെയും സ്വപ്നവും കഠിനാദ്ധ്വാനവും നിഷ്ഭ്രമമാക്കി പ്രവേശനപരീക്ഷയുടെ വിശ്വാസ്യത തകർക്കുകയും തകിടംമറിക്കുകയുമാണ് ചെയ്തത്. എന്നിട്ടും യൂണിയൻ സർക്കാർ ഒരു സി.ബി.ഐ. അന്വേഷണത്തിലും കേവലമൊരു ചെയർമാനെ നീക്കുന്നതിലുംമാത്രം തങ്ങളുടെ പ്രതികരണം ഒതുക്കുകയാണ് ചെയ്തത്. ഇത് ഭാവിതലമുറയോടും രാജ്യത്തെ

ഉന്നതവിദ്യാഭ്യാസ മേഖലയോടും ചെയ്യുന്ന ക്ഷമിക്കാനാകാത്ത തെറ്റാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് തനിക്ക് പങ്കില്ലായെന്ന രീതിയിൽ കേന്ദ്ര ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാൻ കൈകഴുകി നിഷ്കളങ്കതയുടെ മൂടുപടമണിഞ്ഞ് നിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ആതുരസേവന രംഗത്തേയ്ക്ക് കടന്നുവരേണ്ട പ്രതിഭാശാലികളായ വിദ്യാർത്ഥികളെയും സർവ്വകലാശാലകളിലും കോളേജുകളിലും അധ്യാപകരും ഗവേഷകരുമായി പ്രവർത്തിക്കേണ്ടവരെയും തെരഞ്ഞെടുക്കേണ്ട സുപ്രധാനമായ പ്രവേശന പരീക്ഷകളാണ് അവധാനതയില്ലാതെ അലക്ഷ്യമായി കൈകാര്യം ചെയ്തുകൊണ്ട് വിശ്വാസ്യത നഷ്ടപ്പെട്ട നിലയിലാക്കിയിട്ടുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, രാജ്യത്തിന്റെ ധൈഷണിക പ്രതിഭയെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള വളരെ ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ നടന്നിട്ടുള്ളത്. പൊതുപ്രവേശന സമ്പ്രദായം ഒരു തട്ടിപ്പാണെന്ന യാഥാർഥ്യത്തിന്റെ മുന്നിലും നടുക്കത്തിലുമാണ് ജനങ്ങൾ നിൽക്കുന്നത്. ഈ സാഹചര്യത്തിൽ നാം നേരിടുന്ന പ്രധാനപ്പെട്ടൊരു വിഷയം കൂടിയുണ്ട്;

അതായത്, പരീക്ഷയെഴുതി റിസൾട്ട് വന്ന കുട്ടികൾ ഇപ്പോൾ വലിയ മാനസിക സമ്മർദ്ദത്തിലൂടെയാണ് കടന്നുപോകുന്നത്. ഈയൊരു ഭീതിയിലൂടെയും ഉത്കണ്ഠയിലൂടെയും കടന്നുപോകുന്ന കുട്ടികൾ വാഷ്റൂമിൽ പോകുമ്പോൾപോലും കൂടെപോകേണ്ട സാഹചര്യമാണുള്ളതെന്ന് പല മാതാപിതാക്കളും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ആരോഗ്യ വകുപ്പ് 'ടെലിമനസ്' എന്ന പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് പ്രത്യേക കൗൺസിലിംഗ് നൽകേണ്ടൊരു സാഹചര്യമുണ്ടായിരിക്കുകയാണ്; അത് നൽകുന്നുമുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ആതുരസേവന രംഗത്ത് ഇവർ മനുഷ്യ ജീവനുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കേണ്ടത് എന്നതുകൊണ്ടുതന്നെ ഈ പരീക്ഷയുടെ വിശ്വാസ്യത ഉറപ്പുവരുത്തുകയെന്നത് രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയ മറ്റൊരു വിഷയം വളരെ ഗൗരവമേറിയ ഒന്നാണ്. തങ്ങളുടെ പ്രഖ്യാപിത രാഷ്ട്രീയ അജണ്ടയുടെ ഭാഗമായി നെറ്റ് പരീക്ഷയിൽ പ്രാണപ്രതിഷ്ഠയുടെ തീയതിയും രാമായണത്തിലെയും

മഹാഭാരതത്തിലെയും അപ്രസക്തഭാഗങ്ങളിൽനിന്നുള്ള ചോദ്യങ്ങളും ഇടംപിടിക്കുന്നുവെന്നത് വളരെയധികം അപലപനീയമായ കാര്യമാണ്. നമ്മുടെ രാജ്യത്തിന്റെ സെക്കുലർ ഫാബ്രിക്കിനെ എങ്ങനെയാണ് ഇവർ കൈകാര്യം ചെയ്യുന്നതെന്നതിന്റെ സൂചനയാണിത്. പുതിയ ദേശീയ വിദ്യാഭ്യാസനയത്തിലൂടെ അന്ധവിശ്വാസവും അശാസ്ത്രീയതയും നിയമാനുസൃതമാക്കുന്നതിനുള്ള ശക്തമായ നീക്കങ്ങൾ ഇതിലൂടെ കാണാൻ സാധിക്കും. ചരിത്രത്തിന്റെ തമസ്കരണവും വക്രീകരണവും എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അനുദിനം പാഠപുസ്തകങ്ങളിലൂടെ നാം കാണുകയാണ്. പാഠപുസ്തകങ്ങൾ ഇല്ലാതാക്കികൊണ്ടും സുപ്രധാന സംഭവങ്ങൾ തമസ്കരിച്ചുകൊണ്ടുമുള്ള നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുപോരുന്നത്. കോച്ചിംഗ് സെന്ററുകളും വാണിജ്യ താല്പര്യങ്ങളുള്ള കറുത്ത ശക്തികളും ചേർന്ന് നടത്തുന്ന അട്ടിമറികൾ ഈ ചോദ്യപേപ്പർ ചോർച്ചകളുമായി ബന്ധപ്പെട്ട് കാണാൻ സാധിക്കും. ബീഹാറിൽ ചില പരീക്ഷാർത്ഥികളുടെ റോൾ നമ്പർത്തന്നെ നിലവിലില്ലാത്തതാണെന്നും ചില പരീക്ഷാർത്ഥികളുടെ പേരുകളും റോൾ നമ്പരും യോജിക്കുന്നില്ലെന്നും

കണ്ടെത്തിയിരിക്കുന്നു. ഡിജിറ്റൽ ലോക്കറുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായി തിരിമറികൾ നടത്തിയിരിക്കുന്നു. ' One Nation, One Exam' എന്നതിന് നാം വലിയ വില കൊടുത്തുകഴിഞ്ഞിരിക്കുന്നു. ബീഹാർ, ഹരിയാന, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ എല്ലാ സംസ്ഥാനങ്ങളിലും കൃത്രിമങ്ങളും ക്രമക്കേടുകളും നടന്നിരിക്കുന്നു. ഈ വിഷയത്തിൽ രാജ്യമെമ്പാടും വിദ്യാർത്ഥികളുടെയും യുവാക്കളുടെയും പ്രതിഷേധ സമരങ്ങൾ ഇരമ്പിയാർക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. ധർമ്മേന്ദ്ര പ്രധാനെപോലെയുള്ള ആളുകൾ നിരുത്തരവാദപരമായ നിലപാടോടുകൂടി നിഷ്ക്രിയത്വം പുലർത്തുന്നത് തീർച്ചയായും പ്രതിഷേധാർഹമായ കാര്യമാണ്. പരീക്ഷകളുടെ വിശ്വാസ്യതയും വിശുദ്ധിയും നഷ്ടപ്പെടുത്തി അഴിമതി കുംഭക്കോണങ്ങളുടെ ചെളികുണ്ടിലേയ്ക്ക് ചവിട്ടി താഴ്ത്തിയ കേന്ദ്ര ഗവൺമെന്റിന്റെ പിടിപ്പുകേടിനെയും അപഭ്രംശങ്ങളെയും ശക്തമായി അപലപിക്കുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ മാധ്യമങ്ങൾ അവലംബിക്കുന്ന കുറ്റകരമായിട്ടുള്ള മൗനവും അതേരീതിയിൽ അപലപനീയമാണെന്നുകൂടി സൂചിപ്പിക്കുന്നു. സഭയിൽ ഇന്ന് അംഗങ്ങൾ

പ്രകടിപ്പിച്ച അഭിപ്രായങ്ങളെല്ലാംത്തന്നെ പൊതുവികാരത്തെ പിൻപറ്റിയുള്ളതാണ്. എന്നാൽ നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഇവിടെ പൊതുവികാരത്തിന് വിരുദ്ധമായ ചില അഭിപ്രായപ്രകടനങ്ങൾ നടത്തിയിരിക്കുകയാണ്. ‘ 0+0=428’ എന്ന ഫോർമുല ആരുടെ കാലത്താണ് ഉണ്ടായതെന്ന് അദ്ദേഹം മറക്കാൻ പാടില്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്. അതുപോലെ, ഈയിടെ വിവിധ സംസ്ഥാനങ്ങളിൽ പി.എസ്.സി. നടത്തുന്ന തൊഴിൽ മത്സരപരീക്ഷകളിലെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് (.....ബഹളം......)

മി. സ്പീക്കർ: യെസ്..... പ്ലീസ്.....പ്ലീസ്.......

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മന്ത്രിക്ക് എന്തും പറയാമോ? ........(മൈക്ക് ഓഫ്)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ പ്ലീസ്...

ഡോ. ആർ. ബിന്ദു: സർ, അത് സംബന്ധിച്ച് ഇന്ത്യൻ എക്സ്പ്രസ് ഒരു വാർത്ത പുറത്ത് വിടുകയുണ്ടായി. (.....ബഹളം......)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ പറയൂ. യെസ്... യെസ്... ചെയർ പറഞ്ഞുകൊള്ളാം പ്ലീസ്...

ഡോ. ആർ. ബിന്ദു: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ ഒന്നര കോടി ഉദ്യോഗാർത്ഥികൾ പങ്കെടുത്ത 41 തൊഴിൽ പരീക്ഷകളിലെ ചോദ്യപേപ്പറുകൾ ചോർന്നിട്ടുണ്ട്. ...(.....ബഹളം......)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. പ്ലീസ്... പ്ലീസ്. മിനിസ്റ്റർ. വിഷയത്തിലേയ്ക്ക് വരൂ.

ഡോ. ആർ. ബിന്ദു: സർ, തമിഴ്നാട്ടും കേരളവുമൊഴികെ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും ഒരു തവണയെങ്കിലും ചോദ്യപേപ്പർ ചോർന്നിട്ടുണ്ട്. പക്ഷേ, കേരളത്തെ സംബന്ധിച്ചിടത്തോളം അത്തരമൊരു ആരോപണം ആർക്കെങ്കിലും ഉന്നയിക്കാൻ സാധിക്കുമോയെന്ന് ഞാൻ ഇവിടെ ചോദിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ കൺക്ലൂഡ്.

ഡോ. ആർ. ബിന്ദു:സർ, അതുപോലെ കേരളാ യൂണിവേഴ്സിറ്റി ലാസ്റ്റ് ഗ്രേഡ് സെർവന്റ് പരീക്ഷയിൽ ആൾമാറാട്ടം നടത്തിയവരെ അറസ്റ്റ് ചെയ്യുകയും

ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

മി. സ്പീക്കർ: യെസ്... യെസ്... പോയിന്റ് ക്ലിയർ ആണ്.

ഡോ. ആർ. ബിന്ദു: സർ, പരീക്ഷകളിൽ ആളുകൾ കോപ്പിയടിക്കുകയും പിന്നീട് അവർ സാമൂഹിക അംഗീകാരങ്ങൾ നേടുകയുമൊക്കെ ചെയ്യുന്നത് തീർച്ചയായും അപലപനീയമായ കാര്യമാണെന്ന് തന്നെയാണ് ഈ സഭയിൽ പറയാനുള്ളത്. സഭയിൽ അംഗങ്ങൾ പൊതുവിൽ പങ്കുവച്ചിട്ടുള്ള പൊതുവികാരം മുൻനിർത്തി ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് ഉപക്ഷേപമെന്ന നിലയിൽ ഒരു പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കാവുന്നതാണ്.

**ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ**

ഉന്നത വിദ്യാഭ്യാസ-സമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, "ദേശീയ തലത്തിൽ പ്രവേശന പരീക്ഷകൾക്കായി യൂണിയൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ.) ഏറ്റെടുത്ത്

നടത്തുന്ന രണ്ട് ദേശീയ പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ വ്യാപകക്രമക്കേടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ ബിരുദ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള നീറ്റ് യു.ജി. പരീക്ഷയിലും കോളേജ് സർവ്വകലാശാല അദ്ധ്യാപക നിയമന യോഗ്യതയ്ക്കും ഗവേഷണ സ്കോളർഷിപ്പിനും വേണ്ടിയുള്ള യു.ജി.സി. നെറ്റ് പരീക്ഷയിലുമാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്.

ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ മാസങ്ങൾ നീണ്ട കഠിനാധ്വാനത്തിലൂടെ പഠിച്ചെഴുതുന്ന നീറ്റ് പരീക്ഷയിലെ ക്രമക്കേട് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് തകർത്തത്. വിവിധ ബാച്ചുകളിലായി നടത്തിയ പരീക്ഷകളിൽ സമയ നഷ്ടമുണ്ടായത് നികത്തുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായി ഗ്രേസ് മാർക്ക് നൽകിയതിലൂടെ കുറച്ച് വിദ്യാർത്ഥികൾക്ക് അനർഹമായി മാർക്ക് ലഭിക്കാനിടയായി. ഹരിയാനയിലെ ഒരു സെന്ററിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ 720-ൽ 720 മാർക്ക് സ്കോർ ചെയ്യുതും പ്രവേശന പരീക്ഷയിൽ അസാദ്ധ്യമായ 718, 719 എന്നീ മാർക്കുകൾ

നേടാനിടയായതും രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ചോദ്യപേപ്പർ സാമൂഹിക മാധ്യമങ്ങൾ വഴി ചോർന്നതും അപേക്ഷകരുടെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കിംഗിന്റെ രീതി ആവിഷ്കരിച്ചതും പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതായി. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുന്നതിന് അവർ ആവശ്യപ്പെട്ടാൽ പുനഃപരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്ന് യൂണിയൻ സർക്കാർ ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് തെളിവില്ലെന്ന നിലപാടാണ് യൂണിയൻ വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചത്. ഇതിന്റെ പിന്നാലെ നെറ്റ് പരീക്ഷയിലും ക്രമക്കേടുണ്ടായതായി കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുന്നതിന് എൻ.ടി.എ. (National Testing Agency) തീരുമാനിച്ചു. അതോടൊപ്പം സി.എസ്.ഐ.ആർ. (Council of Scientific and Industrial Research National Eligibility Test) നെറ്റ് പരീക്ഷയും നീറ്റ് മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയും നിശ്ചയിച്ച സമയത്ത് നടത്താതെ റദ്ദ് ചെയ്യുകയുണ്ടായി.

കഠിനാധ്വാനം ചെയ്ത് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ദീർഘദൂരം യാത്ര ചെയ്ത് അന്യസംസ്ഥാനങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങളിലെത്തുകയും ചെയ്ത പരീക്ഷാർത്ഥികൾക്ക് പരീക്ഷ റദ്ദ് ചെയ്ത നടപടി കനത്ത മാനസിക സമ്മർദ്ദവും ധനനഷ്ടവുമുണ്ടാക്കിയിട്ടുണ്ട്. രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പരീക്ഷകൾ കുറ്റമറ്റരീതിയിൽ, വിശ്വാസ്യതയോടെ നടത്താൻ ചുമതലപ്പെട്ട എൻ.ടി.എ. തങ്ങൾക്കതിന് സാധിക്കില്ലെന്ന് ആവർത്തിച്ച് തെളിയിച്ച് കഴിഞ്ഞു. മുമ്പ് സംസ്ഥാനതലത്തിൽ കുറ്റമറ്റ രീതിയിൽ നടത്തിപോന്നിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കിയാണ് ദേശീയതലത്തിൽ നീറ്റ് പരീക്ഷ ഏർപ്പെടുത്തിയത്. കേരളത്തിൽ പരീക്ഷ എഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയുടെ മുൾമുനയിൽ നിർത്തുകയും കുട്ടികളുടെ ഭാവിയെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്ന എൻ.ടി.എ.-യുടെ നടപടികളെയും അതിനെ പിന്തുണയ്ക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളെയും സഭ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും

അവരുടെ രക്ഷിതാക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ സ്വീകരിക്കണമെന്നും യൂണിയൻ ഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു." എന്ന സബ്സ്റ്റാന്റീവ് മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാന സർക്കാരുകൾ ഒരു നിലപാട് പറഞ്ഞിട്ടുണ്ട്. ഡോ. എം. കെ. മുനീർ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ മുമ്പ് കുറ്റമറ്റ രീതിയിലാണ് പരീക്ഷകൾ നടത്തിക്കൊണ്ടിരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. നാളിതുവരെ അതിന് യാതൊരു പരാതിയുമുണ്ടായിട്ടില്ല. അത്തരത്തിൽ പരീക്ഷ നടത്താനുള്ള അധികാരം സംസ്ഥാന സർക്കാരിന് തിരിച്ചേല്പിക്കണമെന്നൊരു ഡിമാൻഡ് കൂടി ഈ ഉപക്ഷേപത്തിൽ ഉൾപ്പെടുത്തണ്ടേ? അല്ലാത്തപക്ഷം കാര്യമാത്രപ്രസക്തമല്ലാത്തൊരു ഉപേക്ഷപമാണെന്നൊരു തോന്നലാണുണ്ടാകുന്നതാണ്. പ്രസ്തുത

ഉപക്ഷേപത്തിലൂടെ കേന്ദ്ര സർക്കാരിനോട് അത്തരമൊരു ആവശ്യംകൂടി ഉന്നയിച്ചുകൂടേ?

തദ്ദേശസ്വയംഭരണ- എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അംഗങ്ങൾ പരസ്പരം ചർച്ച ചെയ്തശേഷമാണ് പ്രമേയത്തിന്റെ ഉള്ളടക്കം അംഗീകരിച്ചിട്ടുള്ളത്. തൽക്കാലം ഇങ്ങനെയൊരു നിലപാടിൽത്തന്നെ നിൽക്കുന്നതായിരിക്കും ഉചിതം.

ശ്രീ. ടി. സിദ്ദിഖ്: സർ, പി.ജി. നെറ്റ് കൂടി ഉൾപ്പെടുത്തണമായിരുന്നു.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, ഇത് സമവായത്തിലൂടെ അംഗീകരിച്ച് വന്നിട്ടുള്ളതാണ്. ഇക്കാര്യങ്ങളൊക്കെ നേരത്തെ സൂചിപ്പിക്കേണ്ടതായിരുന്നു.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് ഉപക്ഷേപത്തെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

സബ്സ്റ്റാന്റീവ് ഉപക്ഷേപം സഭ ഏകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.